# ചെറുകോൽ ഗ്രാമപഞ്ചായത്ത്



# സമഗ്രവികസനരേഖ

# ജനകീയാസൂത്രണം

# ചെറുകോൽ ഗ്രാമപഞ്ചായത്ത്

അധികാരം ജനങ്ങളിലേക്ക്

# സമഗ്രവികസനരേഖ

വികസന സെമിനാർ

1997 ജനുവരി 4 ശനി

കീക്കൊഴൂർ ഗവ. ഹൈസ്കൂൾ

ഗ്രാമങ്ങളിലൂടല്ലോ ഭാരത
മോചനമെന്നു ധരിച്ചവർ നാം
സ്വന്തം കാലിൽ നിൽക്കും ഗ്രാമം
സ്വപ്നം കണ്ട് കഴിഞ്ഞവർ നാം
നമ്മുടെ രാഷ്ട്രപിതാവ് മഹാത്മജി
താലോലിച്ചൊരു സങ്കല്പം
സമത്വ സുന്ദരഗ്രാമ സ്വരാജ്യം
നമ്മുടെ കൈകളിലായല്ലോ

# ഉള്ളടക്കം


| | | |
|---|---|---|
| 1 | ആമുഖം | 9 |
| 2 | പഞ്ചായത്ത് പൊതുവിവരണം | 11 |
| 3. | സാമൂഹ്യസാംസ്കാരിക ചരിത്രം | 13 |
| 4 | ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി | 17 |
| 5 - 1 A | കൃഷിയും ജലസേചനവും | 21 |
| 5 - 1 B | മൃഗസംരക്ഷണം | 31 |
| 5 - 2 A | വ്യവസായം | 37 |
| 5 - 2 B | ഗതാഗതം | 39 |
| 5 - 2 C | ഊർജ്ജം | 47 |
| 5 - 2 D | പൊതുമാർക്കറ്റ് | 53 |
| 5 - 2 E | പാർപ്പിടം | 55 |
| 5 - 3 A | വിദ്യാഭ്യാസം | 57 |
| 5 - 3 B | കുടിവെള്ളം | 65 |
| 5 - 3 C | പൊതുജനാരോഗ്യം | 67 |
| 5 - 3 D | സാമൂഹ്യക്ഷേമം | 69 |
| 5 - 3 E | പട്ടികജാതി - പട്ടികവർഗ്ഗം | 73 |
| 5 - 3 F | സഹകരണപ്രസ്ഥാനം | 75 |
| 5 - 3 G | വനിത | 79 |
| 5 - 3 H | സംസ്കാരം | 83 |
| 5 - 3 I | വിഭവസമാഹരണം | 87 |
| 6 | ഉപസംഹാരം | 89 |

## എഡിറ്റോറിയൽ ബോർഡ്

ശ്രീ. കാട്ടൂർ അബ്ദുൾ സലാം (ചീഫ് എഡിറ്റർ)
ശ്രീ. കെ.ആർ. സുധാകരൻനായർ
ശ്രീ. ടി.ആർ. സുരേന്ദ്രൻ നായർ
ശ്രീ. രാജു പള്ളിയത്ത്
ശ്രീമതി വത്സമ്മ ഏബ്രഹാം
ശ്രീമതി ഏലിയാമ്മ മാത്യു
ശ്രീമതി ചെല്ലമ്മ ദിവാകരൻ നായർ
ശ്രീ. ഒ.പി. സുരേഷ്
ശ്രീ. വി.കെ. രാജഗോപാൽ

# റിപ്പോർട്ടു തയ്യാറാക്കിയവർ

ശ്രീമതി ലീലാമ്മ തോമസ്
ശ്രീ. ഏബ്രഹാം പി.തോമസ്
അഡ്വ. എം.കെ. ഗോവിന്ദപ്പിള്ള
ശ്രീ. ടി.എൻ. കേശവൻ
ശ്രീ. മാത്യു തോമസ്
ശ്രീ. ജോർജ് തോമസ്
ശ്രീ. മാത്യു തോമസ്
ശ്രീ. ജോസഫ് തോമസ്
ശ്രീ. കെ. ജോൺ മാത്യു

ശ്രീ. എം.എൻ. തങ്കപ്പൻ
ശ്രീ. കെ.വി. ജോസഫ്
ശ്രീ. എം.ജെ. ഗീവർഗീസ്
ശ്രീ. രവി മോഹനൻ
ശ്രീ. പി.ജി. അച്യുതൻപിള്ള
ശ്രീ. സി.കെ. വസന്തകുമാർ
ശ്രീ. പി.കെ. ഉത്തമൻ നായർ
ശ്രീ. എ.വി. മീരാപിള്ള റാവുത്തർ
ശ്രീമതി. പങ്കജാക്ഷി കുട്ടപ്പൻ

## ജില്ലാ റിസോഴ്സ് പേഴ്സൺസ്

ശ്രീ. പി.എ. ഏബ്രഹാം

ശ്രീ. പി.കെ. മുഹമ്മദ് ഇസ്മായിൽ

ശ്രീ. വി. രാമൻകുട്ടി

## ഓഫീസ് ജീവനക്കാർ

പി.കെ. രവീന്ദ്രൻ (സെക്രട്ടറി)

ഉമാദേവി പിള്ള (ഹെഡ്ക്ലാർക്ക്)

പി.ഒ. ഫിലിപ്പ് (യു.ഡി. ക്ലാർക്ക്)

എ.എം. പരീത് റാവുത്തർ (പ്യൂൺ)

രാധ (പാർട്ട് ടൈം സ്വീപ്പർ)

# ചെറുകോൽ ഗ്രാമപഞ്ചായത്ത്
# ഭരണസമിതി



കാട്ടൂർ അബ്ദുൾസലാം
(പ്രസിഡന്റ്)



കെ.ആർ. സുധാകരൻനായർ
(വൈസ് പ്രസിഡന്റ്)



റ്റി.ആർ. സുരേന്ദ്രൻ നായർ
(സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ)



രാജു പള്ളിയേത്ത്
(മെമ്പർ)



വത്സമ്മ ഏബ്രഹാം
(മെമ്പർ)



ഏലിയാമ്മ മാത്യു
(മെമ്പർ)



ചെല്ലമ്മ ദിവാകരൻനായർ
(മെമ്പർ)



ഒ.പി. സുരേഷ്
(മെമ്പർ)

# CHERUKOLE GRAMA PANCHAYAT-MAP



# 1

# ആമുഖം

അധികാരം ജനങ്ങളിലേയ്ക്ക്, ഒൻപതാം പദ്ധതി ജനകീയ പദ്ധതി. ജനാധിപത്യ മുന്നേറ്റത്തിന്റെ ജ്വലിയ്ക്കുന്ന കണ്ണികൾ. പുതിയൊരു ജീവിതക്രമത്തിൽ രാജ്യം കുതിയ്ക്കുന്നു, ഇന്ത്യൻ ജനകോടികൾക്കു പ്രതീക്ഷകളുമായി.

കേരളത്തിലങ്ങോളമിങ്ങോളമുള്ള ജനങ്ങൾ ജാഗ്രതയോടും ഉത്സാഹത്തോടും ഈ വികാരം ഉൾക്കൊള്ളുന്നു. വികസന രംഗത്തെ പ്രതീക്ഷകളും കാഴ്ച്ചപ്പാടുകളും ഇവിടെ ഇതൾ വിരിയുന്നു.

ജവഹർലാൽ നെഹ്റു, പഞ്ചവത്സര പദ്ധതിയിൽ സ്മരിക്കുന്ന നാമം. സ്വയം പര്യാപ്തമായ ഗ്രാമം സ്വപ്നം കണ്ട ഇന്ത്യൻ ജനകോടികളുടെ മനസ്സിനെ ആവാഹിച്ച മഹാത്മാവ്, മഹാത്മജി. അധികാരം ജനങ്ങൾക്കു നൽകിയ ആശയത്തിന്റെ ആത്മാവ്.

സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ സവിശേഷവും ശ്രദ്ധേയവുമായ 73,74 ഭരണഘടനാ ഭേദഗതി നാട്ടിലുണ്ടാക്കിയ വികാരം ചില്ലറയല്ല. ഗ്രാമങ്ങളുടെ സമഗ്ര വികസനം അടിസ്ഥാന വിശ്വാസങ്ങളിലും നടപടിക്രമങ്ങളിലും സമൂലമായ പരിവർത്തനം. ഭൂതകാലത്തിന്റെ അനുഭവങ്ങളെ നേരിൽ കണ്ട ജനത നാടിന്റെ വികസനത്തിലും പുരോഗതിയിലും പങ്കാളികളായിത്തീരാൻ കർമ്മോത്സുകരായി രംഗത്ത്. ഓരോ പൗരന്റേയും കഴിവ് രാഷ്ട്ര പുനർനിർമ്മാണ പ്രവർത്തനത്തിന്.

എട്ടു പഞ്ചവത്സര പദ്ധതികളിലൂടെ അര നൂറ്റാണ്ട് നാം പിന്നിടുന്നു. രാജ്യ പുരോഗതിയുടെ നിർണ്ണായ പദ്ധതികളിൽ സാധാരണക്കാരനും ഇവിടെ അവസരം ഒരുങ്ങുന്നു. ഒൻപതാം പഞ്ചവത്സര പദ്ധതി 1997 ഏപ്രിൽ മാസത്തോടെ ആരംഭിക്കുകയാണ്. ഈ പദ്ധതിയിൽ ഉണർവ്വോടെ പങ്കാളികളാകാൻ നമുക്ക് ലഭിച്ച അവസരം. ജനകീയ ആസൂത്രണ പ്രസ്ഥാനം, ഒൻപതാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട വികസന പദ്ധതികൾ തയ്യാറാകുകയും പങ്കാളികളാകാൻ ജനങ്ങളെ സജ്ജരാക്കുകയും ചെയ്യുന്നു.

നിലവിലുള്ള ആസൂത്രണ പ്രക്രിയയ്ക്ക് സമൂലമായ വ്യത്യാസം. ജനങ്ങൾ തീരുമാനിച്ചു നല്കൂ, ജനങ്ങളുടെ അഭിലാഷങ്ങൾ അറിയിക്കൂ. പ്രാദേശിക ആവശ്യങ്ങളുടെ പട്ടിക തയ്യാറാക്കൂ- പ്രായോഗികവശങ്ങൾ കൂട്ടായി ചർച്ച ചെയ്യൂ. നിലവിലുള്ള വ്യവസ്ഥിതിക്കെതിരെയുള്ള ഈ യാഥാർത്ഥ്യം ഉൾക്കൊള്ളാൻ നമുക്കു കഴിഞ്ഞാൽ പുതിയ വികസന ചരിത്രത്തിന് നമുക്ക് തുടക്കം കുറിയ്ക്കാം.

വിദേശ പണത്തിന്റെ സ്വാധീനം നമ്മുടെ ഗ്രാമങ്ങളെ ഒട്ടാക്കെ വ്യത്യസ്ഥമാക്കി. തൊഴിൽ തേടിയുള്ള യാത്രയ്ക്കിടയിൽ നമ്മുടെ പല തൊഴിലും നാം മറന്നു. കൃഷി അന്യമായി. ഉൽപ്പാദന മേഖലയിൽ മാന്ദ്യം. എന്തിന്, നാം ദിവസവും ഉപയോഗിക്കുന്ന പച്ചക്കറി സാധനങ്ങൾക്കു പോലും തമിഴ്നാടിനെ ആശ്രയിക്കുന്നു. സ്വാശ്രയബോധം വളർത്തി സാമ്പത്തിക സാംസ്ക്കാരിക മുന്നേറ്റം ഉണ്ടാകണം.

അധികാരവികേന്ദ്രീകരണം ഫലപ്രദമായി നടപ്പാക്കണം. സാധാരണക്കാരന് പ്രാപ്യമായ മേഖലയിൽ അത് എത്തിച്ചേരണം. അത് ഫലപ്രദമായി വിനിയോഗിക്കുവാനുളള ആർജ്ജവം ജനാവലിക്കുണ്ടാകണം. ജനങ്ങളിലൂടെ ഉരുത്തിരിഞ്ഞു വരുന്ന പ്രാദേശിക ആവശ്യങ്ങളുടെ ആസൂത്രണത്തിലും പദ്ധതി നടത്തിപ്പിലും തങ്ങൾക്കുള്ള പങ്കു നിർവ്വഹിക്കാൻ കെൽപുള്ളവരാകണം. അതിന് അവരെ സജ്ജരാക്കേണ്ടതുണ്ട്.

വികസനത്തിനായുള്ള മുറവിളി എക്കാലത്തേയും ജനങ്ങളുടെ അവകാശമായിരുന്നു. നാടിന്റെ വളർച്ചക്കും ഉയർച്ചയ്ക്കും ജനങ്ങൾ കൂട്ടായി യത്നിക്കുന്നു. ഇപ്പോൾ പുതിയ അവസരമാണ്. വികസന പദ്ധതികൾ കാലേകൂട്ടി കണ്ടെത്താൻ കണ്ടെത്തിയ പദ്ധതികൾക്ക് നിർദ്ദേശങ്ങളും പരിഹാരങ്ങളും സമർപ്പിക്കാൻ, പദ്ധതി നടത്തിപ്പിന്റെ പ്രായോഗിക വശത്തെപ്പറ്റി ഉൾക്കൊള്ളാൻ, എന്തിന് പദ്ധതി നടത്തിപ്പിൽ പങ്കാളികളാവാൻ.

ഗ്രാമസഭകളിലൂടെ ഈ യാഥ്യാർത്ഥ്യം നമുക്കു ബോധ്യപ്പെട്ടു . ഗ്രാമസഭകൾ, ജനങ്ങളുടെ ആശയങ്ങൾ, ആവശ്യങ്ങൾ സമർപ്പിക്കാൻ ആത്മാർത്ഥമായി ആഗ്രഹിച്ച ജനങ്ങളുടെ ദിനം. തങ്ങൾ ഈ അധികാരം വികേന്ദ്രീകരണപ്രക്രിയയെ സഹർഷം സ്വാഗതം ചെയ്യുന്നതായുള്ള വിളംബരമായ ഗ്രാമസഭകൾ. തങ്ങളുടെ പങ്കാളിത്വത്തോടെ വികസനം നടപ്പിലാക്കൂ. ഞങ്ങൾ- ജനങ്ങൾ വികസനത്തിനായി ഒന്നിച്ച് ഒത്തൊരുമിച്ച് ഇതാ ഒപ്പം.

ചെറുകോൽ ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണം കാര്യക്ഷമമായി നടപ്പിലാക്കാനുള്ള ആത്മാർത്ഥമായ ശ്രമത്തിന്റെ ഭാഗമായ ഗ്രാമസഭകൾ, പരിശീലനങ്ങൾ, ദ്വിതീയ വിവരശേഖരണം, പഠന പര്യടനം, റിപ്പോർട്ടു തയ്യാറാക്കൽ, സജീവമായ ജനപങ്കാളിത്വം വിളിച്ചറിയിച്ച സംഗതികൾ.

വികസന രേഖ പഞ്ചായത്ത് ചരിത്രത്തിന്റെ നാഴികകല്ലാണ്. ജനങ്ങളുടെ പ്രതീക്ഷകളുടെ ചിത്രമാണ്. പുതിയവികസനസംസ്കാരത്തിന് ജനങ്ങൾ നൽകിയ വിവരം ക്രോഡീകരിച്ച് വികസനരേഖ തയ്യാറാക്കുന്നു. ഭൂപ്രകൃതി, വിഭവങ്ങൾ, ഭൂമിശാസ്ത്രം, സാമൂഹികസാംസ്കാരികരംഗം, അങ്ങനെ ഒട്ടനവധി കാര്യങ്ങൾ ഉൾക്കൊള്ളിക്കാൻ, ഒക്കെ വികസനറിപ്പോർട്ടിലാകാൻ ജനങ്ങളുടെ ആഗ്രഹം ഇവിടെ പൂർണ്ണമാക്കാൻ ആത്മാർത്ഥമായ പരിശ്രമം.

നമ്മുടെ ഗ്രാമത്തിന്റെ വികസന സ്വപ്നം ഈ റിപ്പോർട്ടിലൂടെ ഉരുത്തിരിയുന്നു. വികസന സെമിനാറിലൂടെ നമുക്കു പൂർണ്ണത കൈവരിക്കാം. നമ്മുടെ ഗ്രാമത്തിന്റെ വികസനത്തിന് നമുക്ക് ഒന്നായി കൈപ്പിടിക്കാം. സ്നേഹവായ്പോടെ നമുക്ക് 9-ാം പഞ്ചവത്സര പദ്ധതിയിലേക്ക്- കർമ്മനിരതമായ കാലഘട്ടത്തിലേക്ക് ചുവടു വെയ്ക്കാം. സമസ്ത വികസന മേഖലകളും സമഗ്രമായി ചർച്ച ചെയ്യാൻ, ചർച്ചയിലൂടെ ജനകീയപദ്ധതിക്ക് തുടക്കം കുറിക്കുവാൻ കഴിയുമെന്ന പ്രതീക്ഷയോടെ, ആത്മാഭിമാനത്തോടെ ഈ റിപ്പോർട്ട് ഗ്രാമത്തിന്റെ മുൻപാകെ സമർപ്പിക്കട്ടെ.

# 2 പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | ചെറുകോൽ ഗ്രാമപഞ്ചായത്ത് |
| പഞ്ചായത്ത് ആഫീസ് ആസ്ഥാനം | : | കാട്ടൂർ |
| ഉൾപ്പെടുന്ന വില്ലേജ് | : | ചെറുകോൽ വില്ലേജ് |
| ബ്ലോക്ക് പഞ്ചായത്ത് | : | ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് |
| അസംബ്ലി മണ്ഡലം | : | പത്തനംതിട്ട |
| ലോകസഭാ മണ്ഡലം | : | ഇടുക്കി |
| വിസ്തീർണ്ണം | : | 15.2 ച.കി.മീ |
| വാർഡ് | : | 8 |
| ജനസംഖ്യ | : | 13938 |
| പുരുഷന്മാർ | : | 6747 |
| സ്ത്രീകൾ | : | 7191 |
| ജനസാന്ദ്രത | : | 917 |
| അക്ഷരജ്ഞാനമുള്ളവർ | : | 11429 |
| പ്രസിഡന്റ് പേര് | : | ശ്രീ കാട്ടൂർ അബ്ദുൾ സലാം |
| വൈസ്പ്രസിഡന്റ് | : | ശ്രീ കെ.ആർ. സുധാകരൻ നായർ |
| സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | : | ശ്രീ.റ്റി. ആർ. സുരേന്ദ്രൻനായർ |

**മെംബേഴ്സ്**

| | | |
|---|---|---|
| II-ാം വാർഡ് | : | ശ്രീ. രാജു പള്ളിയേത്ത് |
| III-ാം വാർഡ് | : | ശ്രീമതി വത്സമ്മ ഏബ്രഹാം |
| IV-ാം വാർഡ് | : | ശ്രീമതി ഏലിയാമ്മ മാത്യു |
| VI-ാം വാർഡ് | : | ശ്രീമതി ചെല്ലമ്മ ദിവാകരൻനായർ |
| VII-ാം വാർഡ് | : | ശ്രീ. ഒ.പി. സുരേഷ് |

# പൊതുസ്ഥാപനങ്ങൾ

**I പോസ്റ്റോഫീസ്**

കീക്കൊഴൂർ
വയലത്തല
കാട്ടൂർ
ചെറുകോൽ

**II സ്ക്കൂളുകൾ**

ഗവൺമെന്റ് ഹൈസ്ക്കൂൾ, കീക്കൊഴൂർ
ഗവ: എൽ.പി.സ്കൂൾ, കീക്കൊഴൂർ
എൻ.എം.യു.പി.എസ്, കീക്കൊഴൂർ
എം.റ്റി.എൽ.പി.എസ്, കീക്കൊഴൂർ ഈസ്റ്റ്
എം.ടി.യു.പി.എസ്, ചമതയ്ക്കൽ
സി.എം.എസ്.എൽ.പി.എസ്, വയലത്തല
എൻ.എസ്.എസ്. ഹൈസ്കൂൾ കാട്ടൂർ
എൻ.എസ്.എസ്.എൽ.പി.എസ്, കാട്ടൂർ
എൻ.എസ്.എസ്.റ്റി.റ്റി.ഐ.& യു.പി.എസ്, ചെറുകോൽ
ഗവ: എൽ.പി.എസ് & യു.പി.എസ്, ചെറുകോൽ
എം.ടി.എൽ.പി.എസ്, ചെറുകോൽ

**III കോ- ഓപ്പറേറ്റീവ് ബാങ്കുകൾ**

സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക്, കീക്കൊഴൂർ
സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക്, വയലത്തല
സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക്, ചെറുകോൽ

**IV ഹെൽത്ത് സെന്ററുകൾ**

മിനി പ്രൈമറി ഹെൽത്ത് സെന്റർ, ചാക്കപ്പാലം, വയലത്തല
പ്രൈമറി ഹെൽത്ത് സബ്സെന്റർ, വയലത്തല
പ്രൈമറി ഹെൽത്ത് സബ്ബ് സെന്റർ, കാട്ടൂർ
പ്രൈമറി ഹെൽത്ത് സബ്ബ് സെന്റർ, കിളിയാനിക്കൽ

**V ടെലിഫോൺ എക്സ്ചേഞ്ച്**

വയലത്തല

**VI മൃഗാശുപത്രി**

കാട്ടൂർ- പേട്ട

**VII ഐ.സി. ഡി.പി. സെന്ററുകൾ**

കീക്കൊഴൂർ
കുടിലുമുക്ക് വയലത്തല
കാട്ടൂർ

**VIII മാതൃശിശുസംരക്ഷണകേന്ദ്രം**

ചെറുകോൽ
അന്ത്യാളംകാവ്

**IX വില്ലേജ് ഓഫീസ്**

ചെറുകോൽ

**X പഞ്ചായത്ത്ഓഫീസ്**

കാട്ടൂർ

**XI ഇലക്ട്രിസിറ്റി ഓവർസിയർ ഓഫീസ്**

ചെറുകോൽ

**XII ശിശുമന്ദിരം**

കലപ്പമണ്ണിൽപ്പടി - ചെറുകോൽ

**XIII ഐ.ടി.സി**

ചെറുകോൽ

**XIV കൾച്ചറൽ സെന്റർ**

കൊറ്റനെല്ലൂർ - ചെറുകോൽ

**XV കൃഷിഭവൻ**

കീക്കൊഴൂർ

**XVI വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്**

വയലത്തല - കാട്ടൂർ

# 3

# സാമൂഹ്യ സാംസ്കാരിക ചരിത്രം

പമ്പാനദിയുടെ തെക്കേകരയിൽ കിഴക്ക് ആയിക്കൽ മുതൽ പടിഞ്ഞാറ് ചെറുകോൽപുഴ - ചേത്തയ്ക്കൽ ഭാഗങ്ങൾ വരെയും വടക്ക് പമ്പാനദി മുതൽ തെക്ക് നാരങ്ങാനം, മൈലപ്ര പ്രദേശം വരെയും കുന്നുകളും താഴ്വരകളുമായുള്ള പ്രദേശമാണ് ചെറുകോൽ ഗ്രാമപഞ്ചായത്ത്.

പരിപാവനമായ പമ്പാനദിയുടെ സാന്നിദ്ധ്യം കൊണ്ട് ധന്യമായ ഈ ഗ്രാമത്തിൽ ഹിന്ദുക്കളും, ക്രിസ്ത്യാനികളും, മുസ്ലീംങ്ങളും സ്നേഹവിശ്വാസങ്ങൾ പരസ്പരം കൈമാറി സൗഹാർദ്ദത്തോടെ ജീവിക്കുന്നു. അഞ്ചു ഹൈന്ദവ ക്ഷേത്രങ്ങളും മുപ്പത്തിയാറ് ക്രൈസ്തവ ദേവാലയങ്ങളും രണ്ടു മുസ്ലീം പള്ളികളും ആത്മീയബോധത്തിന്റെ വിശുദ്ധി കാത്തു സൂക്ഷിച്ച് നിലകൊള്ളുന്നു.

തിരുവാറന്മുള്ള ക്ഷേത്രത്തിലേക്കുള്ള തിരുവോണത്തോണി കാട്ടൂരിൽ നിന്നു പുറപ്പെടുന്നു. ആറന്മുള ക്ഷേത്രത്തിലെ തിരുവോണ പൂജയ്ക്കും സദ്യയ്ക്കും വേണ്ട വിഭവങ്ങൾ മങ്ങാട്ടു ഭട്ടതിരിയുടെ നേതൃത്വത്തിൽ തോണിയിലാക്കി ഭക്ത്യാദരവു പുരസ്സരം കാട്ടൂർ ശ്രീ മഹാവിഷ്ണുക്ഷേത്ര സങ്കേതത്തിൽ നിന്നും കൊണ്ടു പോകുന്നു. ഇങ്ങനെ ഒരിക്കൽ യാത്രയായ തോണിയെ കൊള്ളക്കാർ ആക്രമിക്കുമെന്ന് അറിവുകിട്ടിയ ചുറ്റുപാടുമുള്ള കരക്കാർ തോണിയെ രക്ഷിക്കുന്നതിനും തിരുവാറന്മുള ക്ഷേത്രത്തിലെ പൂജാദി കർമ്മങ്ങൾ മുടങ്ങാതിരിക്കുന്നതിനും വള്ളത്തിൽ എത്തി കൊള്ളക്കാരെ തുരത്തിയെന്നും ഭാവി സംരക്ഷണത്തിനും അകമ്പടിക്കും വേണ്ടി ഉണ്ടാക്കിയ ചുണ്ടൻവള്ളങ്ങളാണ് ഇന്നത്തെ ആറന്മുള ഉത്രട്ടാതി വള്ളംകളിക്കുള്ള പള്ളിയോടങ്ങൾ എന്നുമാണ് ഐതീഹ്യം. ചുണ്ടൻവള്ളങ്ങൾ ഇന്ന് മദ്ധ്യകേരളത്തിന്റെ ഹൃദയം കവരുന്നു. ചെറുകോലും, കാട്ടൂരും നാടിന്റെ അഭിമാനമായി പള്ളിയോടങ്ങൾ ഉണ്ട്.

മാവേലിക്കര- ശബരിമല റോഡിൽ തിരുവാഭരണഘോഷയാത്ര ചെറുകോൽപ്പുഴ ഭാഗത്തുനിന്നും നമ്മുടെ ഗ്രാമത്തിലൂടെ കടന്നു വന്ന് വാഴക്കുന്നം നീർപാലത്തിനു മുകളിലൂടെ പുതിയകാവ് ക്ഷേത്രത്തിലെത്തിച്ചേരുകയും പിന്നീട് പേരുച്ചാൽ വഴി വീണ്ടും ചെറുകോൽ ഗ്രാമത്തിലെ ആയിക്കൽ എത്തുകയും തിരുവാഭരണപാറയിൽ തിരുവാഭരണം വിശ്വാസികൾക്ക് ദർശനത്തിനായി വയ്ക്കുകയും ചെയ്യുന്നു. പന്തളം കൊട്ടാരത്തിൽ നിന്നും പുലിപ്പാലിനായി പോയ ശ്രീ ധർമ്മശാസ്താവ് വിശ്രമിച്ച സ്ഥാനമാണ് പഞ്ചായത്തിലെ ആയിക്കൽ തിരുവാഭരണപാറയെന്നു വിശ്വസിക്കുന്നു.

എകദേശം രണ്ടായിരത്തിൽപരം വർഷത്തെ ചരിത്രവുമായി ചെറുകോൽ ശ്രീ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം ഭക്തർക്ക് സായൂജ്യം നൽകുന്നു.

പഞ്ചായത്തിലെ ഏറ്റവും പഴക്കംചെന്ന ക്ഷേത്ര മായി വിശ്വസിക്കുന്നു.

ചെറുകോൽ പഞ്ചായത്തിലെ ഏറ്റം പഴക്കം ചെന്ന ക്രൈസ്തവ ദേവാലയമാണ് കാട്ടൂർ സെന്റ് മേരീസ് ഓർത്തഡോക്സ്പള്ളി. നൂറ്റിമുപ്പത് വർഷം മുൻപ് പള്ളി ഇവിടെ സ്ഥാപിതമായി. ഇതിനോട നുബന്ധിച്ച കാലയളവിൽ തന്നെ കീക്കൊഴൂർ മാർത്തോമ്മ പള്ളിയും സ്ഥാപിതമായി.

പ്രവാചക ചരിത്രത്തിന്റെ തുടർകഥയെന്നോണം മാലിക് ദിനാറും സംഘവും കേരളത്തിലെത്തിയ തിനെ തുടർന്ന് കാട്ടൂരിലെത്തിയ സംഘം കാട്ടൂർ മുഹിയുദ്ദീയൻ പള്ളി സ്ഥാപിച്ചു. ഏകദേശം ആയിരം വർഷങ്ങൾക്കു മുൻപ് സ്ഥാപിച്ച ഇവിടെ മതപ്രബോധകനായി എത്തിയ മുഹിയുദ്ദീൻ ഖബ റടങ്ങിയതായി വിശ്വസിക്കപ്പെടുന്നു. ജനങ്ങൾ പര സ്പരം സാഹോദര്യത്തോടുകൂടി കഴിയുന്നു. ഓണം, ക്രിസ്തുമസ്, റംസാൻ തുടങ്ങിയ ആഘോഷങ്ങ ളിൽ എല്ലാ വിഭാഗം ജനങ്ങളും സഹകരണം പുലർത്തുന്നു.

കലാപരവും, സാംസ്ക്കാരികവുമായി സമുന്നത നിലവാരം ഈ പ്രദേശം പുലർത്തുന്നു. ചെറു കോൽ നെടുമ്പയിൽ കൊച്ചുകൃഷ്ണൻ ആശാൻ പ്രസിദ്ധനായ കവിയും ജ്യോതിശാസ്ത്രജ്ഞനും, തച്ചുശാസ്ത്രപണ്ഡിതനും, ആയിരുന്നു. സംസ്കൃ തത്തിലും, മലയാളത്തിലും ധാരാളം കവിതകളും ശാസ്ത്ര ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്. 'ആറന്മുള വി ലാസം ഹംസപ്പാട്ട്' അക്കൂട്ടത്തിൽ പ്രസിദ്ധമത്രേ. നെടുമണ്ണ് പീലിയാശാൻ ഒരു സംസ്കൃത പണ്ഡി തനായിരുന്നു. പീലിയാശാന്റെ പുത്രൻ N.P തോമസ് പഞ്ചായത്തിലെ ആദ്യ ഡിഗ്രിക്കാരനും ചെറുകോൽ വില്ലേജ് യൂണിയന്റെ ആദ്യ പ്രസി ഡന്റും ആയിരുന്നു.

ഇദ്ദേഹം 1968- ൽ പഞ്ചായത്തു പ്രസിഡന്റാ യും തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. പനച്ചയ്ക്കൽ C.N കൃഷ്ണപിള്ള പണ്ഡിതനും, കവിയും, നാട കകൃത്തും ആയിരുന്നു. കവിയൂർ സ്വാമി എന്നറി യപ്പെടുന്ന ശ്രീ വിജയാനന്ദ സ്വാമികൾ കീക്കൊ ഴൂരും, ചെറുകോലും പൗർണ്ണമി സംഘം രൂപീക രിച്ച് സാംസ്ക്കാരിക പ്രവർത്തനങ്ങൾ നടത്തി യിരുന്നു. നൂൽനൂൽപ്പും, തറിയിൽ നെയ്ത്തും പഠി പ്പിച്ച് ആളുകളെ സ്വാശ്രയബോധമുള്ളവരാക്കുന്ന തിൽ അദ്ദേഹം വ്യാപൃതനായിരുന്നു. ജാതി മത വർഗ്ഗവ്യത്യാസമില്ലാതെ എല്ലാവരെയും പങ്കെടുപ്പിച്ച് വർഷം തോറും അദ്ദേഹം സമൂഹസദ്യ നടത്തി വന്നു. ചെറുകോൽ വാഴക്കുന്നത്തു മുക്കിനു സമീപം നെയ്ത്തുശാലയും, സംസ്കൃത സ്കൂ ളും സ്ഥാപിച്ച അദ്ദേഹം കഥകളി സദസ്സുകൾ നടത്തിയിരുന്നു. ഉള്ളൂർ S. പരമേശ്വരയ്യർ മുത ലായ വാഗ്മികളെ പങ്കെടുപ്പിച്ച് നാട്ടിൽ വിജ്ഞാ നദീപം തെളിയിക്കുന്നതിന് ഈ സംഭവങ്ങൾ കാര ണമായിട്ടുണ്ട്.

ചെറുകോൽ പുഴയിലെ ഹിന്ദുമത കൺവൻ ഷൻ, മാരാമൺ ക്രിസ്തുമത കൺവൻഷൻ എന്നിവ നൽകുന്ന ആദ്ധ്യാത്മിക ബോധത്തിന്റെ പ്രചോദനമുൾക്കൊണ്ട് ജനങ്ങൾ നിഷ്കളങ്കഹൃ ദയരായി പരസ്പരം സ്നേഹത്തോടെ ജീവിക്കുന്നു.

വിദ്യാഭ്യാസ നിലവാരത്തിൽ പഞ്ചായത്ത് ഉന്ന തനിലവാരം പുലർത്തുന്നു. നൂറിൽപരം വർഷത്തെ പഴക്കമുള്ള പ്രൈമറി സ്ക്കൂൾ ഉണ്ട്. ക്രിസ്ത്യൻ മിഷനറിമാരുടെ രംഗപ്രവേശം ആധുനിക വിദ്യാ ഭ്യാസത്തിന് തുടക്കം കുറിച്ചു. സാമുദായിക പ്ര വർത്തനത്തിന് എത്തിയ ഗിൽസായിപ്പ് വയല ത്തല C.M.S സ്കൂൾ സ്ഥാപിച്ചു. പഞ്ചായത്തിലെ ആദ്യത്തെ സ്ക്കൂളാണ് ഇത്. അയിരൂരിൽ എത്തിയ ദിവാനെ കീക്കൊഴൂർ, വയലത്തല കര ക്കാർ വള്ളത്തിൽ കീക്കൊഴൂരിൽ എത്തിച്ച് സ്ക്കൂൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ഉണർത്തിച്ചപ്പോൾ 1914-ൽ കീക്കൊഴൂർ, ചെറു കോൽ ലോവർ പ്രൈമറി സ്ക്കൂൾ ആരംഭിക്കു ന്നതിന് അദ്ദേഹം അനുമതി നൽകി. വാഴക്കക്കു ന്നം, ചമതക്കൽ എന്നിവിടങ്ങളിൽ സംസ്കൃത പഠനം നിലനിന്നിരുന്നു. 'ശാസ്ത്രി' വിദ്യാഭ്യാസം ചമതയ്ക്കൽ സ്ക്കൂളിൽ ഉണ്ടായിരുന്നു.

1962- ൽ കോഴഞ്ചേരിയിൽ നിന്നും ആദ്യത്തെ ബസ്സർവ്വീസ് കീക്കൊഴൂർ വരെ എത്തിച്ചേർന്നു.

മലങ്കര കാത്തോലിക്കാ സഭ ആർച്ച് ബിഷപ്പ് കാലം ചെയ്ത നി.വ.ദി.ശ്രീ ബനഡിക്ട്മാർ ഗ്രീഗോ റിയോസ് തിരുമേനി സംഭാവന ചെയ്ത യസ്ഥല ത്തോടൊപ്പം കാട്ടൂർ കോ ഓപ്പറേറ്റീവ് സൊസൈ റ്റിയുടെ വക വിലയ്ക്കു വാങ്ങുകയും ചെയ്ത സ്ഥലത്ത് ഗ്രാമ പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്നു. അഭിവന്ദ്യ ബനഡിക്ട് തിരുമേനി 1969

ജനുവരി മാസം ഒന്നിന് തറക്കല്ലിട്ട പഞ്ചായത്ത് ഓഫീസ് കെട്ടിടം 1970 ഫെബ്രുവരി മാസം 21-ാം തീയതി അന്നത്തെ തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി കെ.അവുക്കാദർ കുട്ടി നഹ ഉദ്ഘാടനം ചെയ്തു.

ചെറുകോൽ നാരങ്ങാനം ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണ ഉദ്ഘാടനം 1992 ഫെബ്രുവരിയിൽ നടന്നു. ചെറുകോൽ പഞ്ചായത്തിന്റെ ആറ്റുതീരം അയിരൂർ വില്ലേജിൽ നിക്ഷിപ്തമായിരുന്നതിനാൽ ആറ്റുമണൽ ലേലം അയിരൂർ പഞ്ചായത്ത് നടത്തിക്കൊണ്ടിരുന്നതിനെതിരെ 1995 ഡിസംബർ മാസം 16-ാം തീയതി മുഖ്യമന്ത്രി ശ്രീ. എ.കെ. ആന്റണിയുടെ പൊതുജന സമ്പർക്ക പരിപാടിയിൽ ഗ്രാമപഞ്ചായത്ത് സമിതി പരാതി സൽകിയതിനെ തുടർന്ന് ആറ്റുമണൽ ലേലാവകാശം നമുക്ക് ലഭിച്ചത് പഞ്ചായത്തിന്റെ സാമ്പത്തികരംഗത്തെ ഉയർച്ചക്ക് വഴിയൊരുക്കി. ഇതു പ്രകാരം ചെറുകോൽ, പുതമൺ കടവുകൾ നമുക്ക് ലഭിച്ചു. പഞ്ചായത്തിന്റെ ചരിത്രത്തിലെ സുപ്രധാനമായ കാൽവയ്പ്. സാമ്പത്തിക പ്രതിസന്ധിയിൽ വളരെ ഏറെ ബുദ്ധിമുട്ടിയ പഞ്ചായത്തിന് സ്വന്തമായി നേടിയെടുക്കാൻ കഴിഞ്ഞ വരുമാനം എല്ലാ വർഷവും ലഭിക്കുന്ന ഈ വരുമാനം നേടിയെടുത്തതിൽ ഗ്രാമപഞ്ചായത്ത് സമിതിയും നാട്ടുകാരും സന്തോഷിക്കുന്നു.പഞ്ചായത്തു ചരിത്രത്തിലെ തിളക്കമാർന്ന നേട്ടം. വർഷങ്ങളായി നമുക്ക് അന്യമായ അവകാശം പോരാടി നേടിയെടുത്തതിന്റെ ചാരിതാർത്ഥ്യംനമ്മെ ആത്മവിശ്വാസത്തോടോ മുന്നോട്ടു നയിക്കണം.

ഗ്രാമപഞ്ചായത്ത് ഭരണത്തിലെ ആദ്യ കാൽവയ്പ്പ് വില്ലേജ് യൂണിയന്റെ ആവിർഭാവത്തോടെ ആണ്. ഭൂവുടമകളും സാമൂഹ്യ സാംസ്ക്കാരിക രംഗത്തെ ഗ്രാമത്തിലെ പ്രഗത്ഭരെയും കണ്ടെത്തി സർക്കാർ നോമിനേറ്റ് ചെയ്ത് ഭരണസമിതി ഉണ്ടാക്കിയിരുന്നു. നാരങ്ങാനം, കടമ്മനിട്ട, കീക്കൊഴൂർ, വയലത്തല, കാട്ടൂർ, ചെറുകോൽ എന്നീ പ്രദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ആദ്യത്തെ ചെറുകോൽ വില്ലേജ് യൂണിയൻ 1947-ൽ നിലവിൽ വന്നു. ചെറുകോൽ പഞ്ചായത്തു ചരിത്രത്തിലെ ആദ്യത്തെ ഗ്രാമസമിതി. പന്തളം കൊട്ടാരത്തിലെ അന്നത്തെ പത്തനംതിട്ട തഹസീൽദാർ ആയ P. രാജരാജവർമ്മയുടെ അദ്ധ്യക്ഷതയിൽ വാഴക്കുന്നം N.S.S സ്ക്കൂളിൽ നോട്ടീസ് നൽകി യോഗം വിളിച്ചു. പങ്കെടുത്ത നാട്ടുകാർ കൈപൊക്കി വോട്ടു ചെയ്തതിനെ തുടർന്ന് N.P തോമസ്, N.T. മാത്യു, N.കൃഷ്ണൻ വൈദ്യൻ, Rev. Fr. P.C വർഗ്ഗീസ്, T.M മീരാപ്പിള്ള റാവുത്തർ, V.S രാമകൃഷ്ണ പണിക്കർ, എന്നിവരെ ആദ്യ വില്ലേജ് യൂണിയന്റെ ഭരണസമിതി അംഗങ്ങളായി തെരഞ്ഞെടുത്തു. N.P. തോമസ്, T.M. മീരാപ്പിള്ള റാവുത്തർ, V.S. രാമകൃഷ്ണ പണിക്കർ എന്നിവർ ചെറുകോൽ പ്രദേശത്തെ പ്രതിനിധീകരിച്ചു. ഇതിൽ V.S രാമകൃഷ്ണപണിക്കർ മാത്രമേ ഇപ്പോൾ ജീവിച്ചിരിപ്പുള്ളൂ.

തിരു കൊച്ചി സംസ്ഥാനത്ത് 1953-ൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിനെ തുടർന്ന് ആദ്യ ജനകീയ സമിതി അധികാരത്തിൽ വന്നു. എ.കെ ഗോപാലൻനായർ തെരഞ്ഞെടുക്കപ്പെട്ട ആദ്യ പഞ്ചായത്തു സമിതിയുടെ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. കെ.ജി. ജോർജ്, ജോൺ തോമസ്, രാമൻ, ജോർജ് കുര്യൻ, ശങ്കര പിള്ള എന്നിവരായിരുന്നു അംഗങ്ങൾ.

1964 ജനുവരി ഒന്നിന് അടുത്ത ചെറുകോൽ പഞ്ചായത്ത് സമിതി നിലവിൽ വന്നു. അഡ്വ. ശ്രീ. എം.കെ ഗോവിന്ദപ്പിള്ള പ്രസിഡണ്ടായും മത്തായി തോമസ് വൈസ് പ്രസിഡണ്ടായും തെരഞ്ഞെടുക്കപ്പെട്ടു. കെ.എ. തോമസ്, വി.എസ്. രാമകൃഷ്ണപണിക്കർ, പാലൻ വലിയ ചെറുക്കൻ, N.P. തോമസ്, N.P കൃഷ്ണപിള്ള, സി.എ ഐഷാമ്മ എന്നിവർ അംഗങ്ങളായിരുന്നു. അഡ്വ. M.K ഗോവിന്ദപ്പിള്ളയുടെ രാജിയെ തുടർന്ന് N.P. തോമസിനെ 1968 മാർച്ച് 5-ാം തീയതി പ്രസിഡണ്ടായി തെരഞ്ഞെടുത്തു. വൈസ് പ്രസിഡണ്ട് മാത്യു തോമസിന്റെ രാജിയെ തുടർന്ന് V.S. രാമകൃഷ്ണപണിക്കരെ വൈസ് പ്രസിഡണ്ടായി തെരഞ്ഞെടുത്തു. പിന്നീട് N.P തോമസ് രാജി വച്ചതിനെ തുടർന്ന് 1979 ആഗസ്റ്റ് 13 വരെ M.K ഗോവിന്ദപ്പിള്ള വീണ്ടും പ്രസിഡണ്ടായി തുടർന്നു. 1979 ഒക്ടോബർ 17-ന് അടുത്ത പഞ്ചായത്ത് സമിതി നിലവിൽ വന്നു. റവ. ഫാ. വി.ജെ ജോസഫ് പ്രസിഡണ്ടും തങ്കമണി ജോർജ് വൈസ്പ്രസിഡണ്ടും ആയി തിരഞ്ഞെടുക്കപ്പെട്ട സമിതിയിൽ P.T ശാമുവൽ, സി.എം. ഗോപാലൻ, അഡ്വ.എം.കെ ഗോവിന്ദപ്പിള്ള, വി.കെ. ജനാർദ്ദനൻപിള്ള, കെ.എം. സൈനുദ്ദീൻ എന്നിവർ അംഗ

ങ്ങളായിരുന്നു. വൈസ്പ്രസിഡണ്ട് തങ്കമണി ജോർജ് വൈസ് പ്രസിഡണ്ടു സ്ഥാനത്തു നിന്നു മാറിയതിനെ തുടർന്ന് റ്റി.വി. ജോസഫിനെ വൈസ് പ്രസിഡണ്ടായി തെരഞ്ഞെടുത്തു. വി.കെ. ജനാർദ്ദനൻ പിള്ളയുടെ നിര്യാണത്തെ തുടർന്ന് ഉപതെരഞ്ഞെടുപ്പിൽ കെ.ജി.കുട്ടൻപിള്ള മെമ്പറായി തെരഞ്ഞെടുക്കപ്പെട്ടു. ഈ സമിതിയുടെ കാലാവധിക്കു ശേഷം കമ്മറ്റി സർക്കാർ പിരിച്ചു വിടുകയും അഡ്മിനിട്രേറ്റർ ഭരണം ഏർപ്പെടുത്തുകയും ചെയ്തു.

1988 ഫെബ്രുവരി മാസം 9-ാം തീയതി സണ്ണി മാത്യൂസ് പ്രസിഡണ്ടും, കാട്ടൂർ അബ്ദുൾ സലാം വൈസ്പ്രസിഡണ്ടും ലീലാമ്മ തോമസ്, സാബു മാത്യു, പി.കെ. ഈപ്പൻ, ദൈവത്താൻ പൈങ്കിളി, റ്റി.ആർ. സുരേന്ദ്രൻ നായർ, തങ്കമ്മ ഫിലിപ്പോസ് എന്നിവർ അംഗങ്ങളുമായി പുതിയ ഭരണസമിതി നിലവിൽ വന്നു. 1989 ഒക്ടോബർ മാസത്തിൽ സണ്ണി മാത്യൂസ് രാജി വച്ചതിനെ തുടർന്ന് 1989 ഡിസംബർ മാസം 23-ാം തീയതി സാബു മാത്യു പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. 1991 ഒക്ടോബർ മാസത്തിൽ സാബു മാത്യു രാജി വച്ചതിനെ തുടർന്ന് 1991 നവംബർ 13-ാം തീയതി കാട്ടൂർ അബ്ദുൾ സലാം പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. വൈസ് പ്രസിഡണ്ടായി തങ്കമ്മ ഫിലിപ്പോസിനെ തെരഞ്ഞെടുത്തു. ഈ സമിതി 1995 സെപ്റ്റംബർ 30 വരെ തുടർന്നു. 1995 ഒക്ടോബർ മാസം നാലാം തീയതി പുതിയ പഞ്ചായത്ത് സമിതി നിലവിൽ വന്നു. കാട്ടൂർ അബ്ദുൾ സലാം വീണ്ടും പഞ്ചായത്തു പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. വൈസ്പ്രസിഡണ്ടായി കെ.ആർ. സുധാകരൻ നായരും അംഗങ്ങളായി രാജു പള്ളിയത്ത്, വത്സമ്മ ഏബ്രഹാം, ഏലിയാമ്മ മാത്യു, റ്റി.ആർ. സുരേന്ദ്രൻ നായർ, ചെല്ലമ്മ ദിവാകരൻനായർ, ഒ.പി. സുരേഷ്, എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു. റ്റി.ആർ. സുരേന്ദ്രൻ നായരെ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാനായി തെരഞ്ഞെടുത്തു.

കഠിനാദ്ധ്വാനത്തിലൂടെ നെല്ലും, കപ്പയും, വാഴയും, ഇഞ്ചിയും, മഞ്ഞളും, ചേമ്പും, കാച്ചിലും കൃഷി ചെയ്ത മണ്ണറിഞ്ഞു വളവും, വെള്ളവുമൊഴുക്കിയ പഴയ തലമുറ. പമ്പാ നദിയുടെ താരാട്ട് കേട്ട് മലകളുടെ മടിയിൽ മയങ്ങുന്ന പുതിയ തലമുറയ്ക്ക് പഴയതിന്റെ കഥകൾ ആവേശം നൽകുന്നു. അവർ നൽകിയ ആവേശം പുതിയ തലമുറയ്ക്ക് വഴികാട്ടിയാകട്ടെ.



# 4

# ഭൂപ്രകൃതി ജനപ്രകൃതി ജലപ്രകൃതി

പത്തനംതിട്ട ജില്ലയുടെ മദ്ധ്യഭാഗത്തായി കടന്നുപോകുന്ന പമ്പാനദിയുടെ തെക്കേകരയിൽ റാന്നി, മൈലപ്ര, നാരങ്ങാനം, കോഴഞ്ചേരി പഞ്ചായത്തുകൾ അതിരിട്ടു നില്ക്കുന്ന പഞ്ചായത്താണ് ചെറുകോൽ. 1982 വരെ കൊല്ലം ജില്ലയുടെ അതിർവരമ്പായി കിടന്നിരുന്ന ഈ പഞ്ചായത്ത് അതുകൊണ്ട് തന്നെ വികസനപരമായ കാര്യങ്ങളിൽ പിന്നോക്കമായിരുന്നു. പത്തനംതിട്ട ജില്ലാ രൂപീകരണത്തെ തുടർന്നുണ്ടായ താലൂക്ക്, പുനഘടനയിൽ നിലവിലുണ്ടായിരുന്ന പത്തനംതിട്ട താലൂക്കിൽ നിന്നും വേറിട്ട് പുതുതായി രൂപീകരിച്ച റാന്നി താലൂക്കിന്റെ ഭാഗമായി പഞ്ചായത്ത് മാറി താലൂക്ക് റാന്നിയും അസംബ്ലി മണ്ഡലം പത്തനംതിട്ടയും വികസനബ്ലോക്ക് ഇലന്തൂരുമായി വ്യത്യസ്ത ഭരണക്രമങ്ങളിൽ ഉൾപ്പെട്ടു കിടക്കുന്നതുകൊണ്ട് വികസനകാര്യത്തിൽ ഒട്ടാകെ ബുദ്ധിമുട്ടിനെ പഞ്ചായത്ത് നേരിടേണ്ടിവരുന്നു.

1947-ൽ ചെറുകോൽ, വില്ലേജ് യൂണിയനായി ആരംഭിച്ച ഈ പഞ്ചായത്ത് അതിർത്തിയിൽ നിന്നും നാരങ്ങാനം മേഖല വേർപെടുത്തി നാരങ്ങാനം പഞ്ചായത്ത് രൂപീകരിച്ചു. ഇപ്പോൾ എട്ടുവാർഡുകളുമായി പ്രവർത്തിക്കുന്നു.

പമ്പാനദി 11 K.M. നീളത്തിൽ പഞ്ചായത്തിന്റെ വടക്കുഭാഗത്ത് അതിരിട്ട് ഒഴുകുകയാണ്. പമ്പാനദിയുടെ സാമീപ്യം തീരപ്രദേശങ്ങളെ ഫലഭൂയിഷ്ടമാക്കുന്നു. ഫലഭൂയിഷ്ടമണ്ണും സംസ്കാര സമ്പന്നമായ ജനതയും കാലക്രമത്തിൽ പഞ്ചായത്തിന്റെ ഭാഗമായി മാറി.

ജനങ്ങൾ വർദ്ധിച്ചതോടെ പഞ്ചായത്തിന്റെ ഉയർന്ന കുന്നിൻ പ്രദേശങ്ങളിലേയ്ക്ക് ജനവാസം ആരംഭിച്ചു. പഞ്ചായത്തിന്റെ നദീതീരപ്രദേശം ഏതാണ്ട് സമതലമാണെങ്കിലും ഒട്ടുമുക്കാലും ഭാഗങ്ങൾ കുന്നിൻപ്രദേശങ്ങളും ചരിഞ്ഞ പ്രദേശങ്ങളും ആണ്.

പഞ്ചായത്തിൽ എട്ടു വാർഡുകളിൽ കുന്നുകളും മലകളും ഇല്ലാത്ത പ്രദേശമാണ് ആറാം വാർഡ്

ചെമ്മണ്ണും, എക്കൽ കലർന്ന മണ്ണും പാറക്കെട്ടുകളും ആയി നമ്മുടെ മൺതരങ്ങളെ തരംതിരിയ്ക്കാം. പ്രധാന മൺതരങ്ങളും അവ ഉൾപ്പെടുന്ന പ്രദേശ വിസ്തൃതിയും താഴെ പട്ടികയിൽ വിവരിയ്ക്കുന്നു.

മനുഷ്യൻ, ജലം, മണ്ണ്, മൃഗങ്ങൾ, സസ്യങ്ങൾ, പാറകൾ എന്നിവയാണ് ഭൂവിഭവങ്ങൾ. ഈടി കയ്യാലകൾ കെട്ടി ഭൂമി സംരക്ഷിയ്ക്കേണ്ടിയിരിക്കുന്നു. തോട്ടങ്ങളിൽ `4x $1^1/_2$' x $2^1/_2$ അളവിൽ

ഉയർന്ന കുന്നിൻ ചരിവ്

| | വാർഡ് | | വാർഡ് |
|---|---|---|---|
| കൂനംതടം | I | മിഷൻ തടം | II |
| മഞ്ഞപ്ര | III | | |
| നീരുമുറ്റം കളരി | IV | ചക്കുപാറ | V |
| കൊറ്റനല്ലൂർ | VII | കൊന്നയ്ക്കമല | VII |
| അരിയ്ക്കമല | VII | മടുക്കകുന്ന് | VIII |

| ക്രമനമ്പർ | മൺതരങ്ങൾ | വിസ്തൃതി ഹെക്ടറിൽ | ശതമാനകണക്കിൽ |
|---|---|---|---|
| 1 | ചെമ്മണ്ണ് | 1020 | 64.2% |
| 2 | എക്കൽ കലർന്ന മണ്ണ് | 502 | 31.6% |
| 3 | പാറക്കെട്ടുകൾ | 65 | 4.2% |

ഹെക്ടറിന് 200 കുഴികൾ എന്ന കണക്കിന് കുഴികൾ ഉണ്ടാക്കുന്നത് നല്ലതാണ്. മഴക്കാലങ്ങളിൽ നീരൊഴുക്കു തോടുകൾ സംരക്ഷിയ്ക്കപ്പെടാൻ ഡി.ആർ. കെട്ടി സംരക്ഷിയ്ക്കേണ്ടിയിരിക്കുന്നു.

ഇടിഞ്ഞുകൊണ്ടിരിയ്ക്കുന്ന ആറ്റുതീരം കരിങ്കൽ കെട്ടി സംരക്ഷിയ്ക്കുകയും ചെയ്യേണ്ടതാണ്. ദേശീയ നീർമറി വികസന പദ്ധതിയിൽ ചെറുകോൽ പഞ്ചായത്ത് പ്രദേശം ഉൾപ്പെടുത്തേണ്ടതാണ്.

## ജനപ്രകൃതി

പ്രധാനമായും കാർഷിക മേഖലയായ ഇവിടെ കൃഷിയാണ് മുഖ്യ തൊഴിൽ. വ്യാപാരത്തിലേർപ്പെട്ടിരിയ്ക്കുന്നവരും, സർക്കാർ ഉദ്യോഗസ്ഥരും ഉണ്ട്. ചെറുപ്പക്കാരിൽ ഒരു വിഭാഗം തൊഴിൽ തേടി വിദേശങ്ങളിൽപോയി ജോലി ചെയ്തുവരുന്നു.

എട്ടു വാർഡുകളിലായി, ഏറ്റവും അവസാന സെൻസസ് പ്രകാരം 13938 ജനസംഖ്യ ഈ പഞ്ചായത്തിലുണ്ട്. ഇതിൽ പുരുഷന്മാർ 6747 ഉം സ്ത്രീകൾ 7191 ഉം ആണ്. 917 ആണ് ഈ പഞ്ചായത്തിലെ ജനസാന്ദ്രത. ജാതിപരമായ ഉച്ചനീചത്വങ്ങൾ ഉള്ളതായി കാണുന്നില്ല. സ്ത്രീകൾക്ക് അംഗീകാരവും മാന്യമായ സ്ഥാനവും സമൂഹം നല്കിവരുന്നു.

## ജലപ്രകൃതി

പഞ്ചായത്തിലെ ഭൂരിപക്ഷം ആളുകളും ജലത്തിനായി കിണറുകളെ ആശ്രയിക്കുന്നു. പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളിൽ ജലദൗർലഭ്യം ഒരു പ്രധാന പ്രശ്നമാണ്. ജൂൺ, ജൂലൈ മാസത്തിൽ ഏറ്റവും കൂടുതൽ മഴ പഞ്ചായത്ത് പ്രദേശത്ത് ലഭിയ്ക്കുന്നു. ഇടവപ്പാതിയും തുലാവർഷവും ക്രമം തെറ്റി പെയ്യുന്നതിനാൽ കൃഷിയെ സാരമായി ബാധിയ്ക്കുന്നു. വേനൽക്കാലത്ത് കൂട്ടമായി ജലം തേടിയുള്ള യാത്ര പൊതുവെ എല്ലാ ഭാഗത്തും കാണാം. വരൾച്ച കാലത്ത് പമ്പാനദിയെ ജനങ്ങൾ കൂടുതലായി ആശ്രയിയ്ക്കുന്നു. പമ്പാ

### വിദേശത്തു ജോലി ചെയ്യുന്നവരുടെ എണ്ണം

| | | | | Ward | | | | | |
|---|---|---|---|---|---|---|---|---|---|
| രാജ്യങ്ങൾ | 1 | 2 | 3 | 4 | 5 | 6 | 7 | 8 | ആകെ |
| ഗൾഫ് രാജ്യങ്ങൾ | 160 | 80 | 156 | 50 | 100 | 75 | 86 | 80 | 837 |
| ആഫ്രിക്ക | 5 | 8 | 3 | - | 2 | 5 | - | - | 23 |
| അമേരിയ്ക്ക | 20 | 12 | 18 | 20 | 3 | 5 | 1 | 1 | 80 |
| മറ്റു രാജ്യങ്ങൾ | 7 | 2 | 4 | 1 | - | 3 | - | - | 17 |

ഇറിഗേഷൻ കനാൽ കാർഷികവൃദ്ധിയ്ക്ക് ഗുണകരമല്ലെങ്കിലും വേനൽക്കാലത്ത് ഈ പ്രദേശത്തെ ജനങ്ങൾക്ക് വളരെ സഹായകരമാണ്. പഞ്ചായത്തിൽ കിലോമീറ്റർ കണക്കിന് തോടുകൾ ഉണ്ട്. അവയുടെ പട്ടിക ചുവടെ ചേർക്കുന്നു. വെള്ളം ഒഴുകുന്ന തോടുകളിൽ തടയിണ കെട്ടിയും സംരക്ഷണഭിത്തി കെട്ടിയും സംരക്ഷിയ്ക്കേണ്ടിയിരിക്കുന്നു.



## തോടുകൾ

| ക്രമനമ്പർ | വാർഡ് | പേര് | നീളം (മീറ്ററിൽ) | ഉത്ഭവസ്ഥാനം |
|---|---|---|---|---|
| 1 | I | വെട്ടിക്കാട്ടുതോട് | 2500 Mtr | അരീകിനേത്തപ്പടി |
| 2 | I | ആടുപാറത്തോട് | 750 Mtr | ആടുപാറക്കടവിനു സമീപം |
| 3 | II | ചമതയ്ക്കൽ പുള്ളിക്കാട് | 2500 Mtr | അയ്യാംകുഴി |
| 4 | II | കൂനംതോട് തോണ്ടിയോഴിയ്ക്കൽ | 500 Mtr | തോന്നിയോലിയ്ക്കൽ |
| 5 | II | ആടുപാറത്തോട് | 500 Mtr | |
| 6 | III | അരികിനേത്ത് - പുത്തൻപറമ്പ് | 2700 Mtr | അരികീനേത്ത്പടി |
| 7 | III | മട്ടയ്ക്കൽ - വാടപ്പിള്ളേത്ത് | 500 | അയ്യാംകുഴിയിൽപടി |
| 8 | III | ഓറേത്ത്പടി - മുരപ്പേൽ | 300 | ഓറേത്ത്പടി |
| 9 | IV | കടമ്മനിട്ട - ഓലിച്ചിറയ്ക്കൽ<br>പുതുമൺ - പമ്പാനദി | 5000 | കടമ്മനിട്ട |
| 10 | IV | കല്ലാനി - പെരുംതോട് | 3000 | അന്ത്യാളൻകാവ് |
| 11 | IV | കൂനംതോട് - പെരുംതോട് | 1000 | കൂനംതോട് |
| 12 | V | ഇളികുളം - കിളിയാനിയ്ക്കൽ | 1500 | ഇളികുളം |
| 13 | V | അന്ത്യാളൻകാവ് - പുതുമൺ | 800 | അന്ത്യാളൻകാവ് |
| 14 | VI | നായ്ക്കപാറ - മണ്ണിലേത്തറയിൽ | 1000 | നായ്ക്കൻപാറ |
| 15 | VI | ചണ്ണമാങ്കൻ - കോട്ടേമണ്ണിൽ | 3000 | ചണ്ണമാങ്കൻ |
| 16 | VI | ആലുങ്കൻ - പാരുർപ്പടി | 3500 | ആലുങ്കൻഭാഗം |
| 17 | VII | അരീയ്ക്കൽ തോട് | 1500 Mtr | കൈതോലിയ്ക്കൽ ഭാഗം |
| 18 | VII | കാട്ടൂർ ഏലാതോട് | 1500 | കാട്ടൂർപേട്ട |
| 19 | VIII | നാഗക്കുഴിപ്പാറത്തോട് | 3000 | നാഗക്കുഴി |
| 20 | VIII | ആലുങ്കൻ പടിത്തോട് | 3500 | ആലുങ്കൻപ്പടി |
| 21 | VIII | വട്ടക്കുന്നിൻ തോട് | 2000 | വട്ടക്കുന്നിൻപ്പടി |

# 5 - 1A

# കൃഷിയും ജലസേചനവും

**വൈ**വിധ്യമാർന്ന വിളകൾക്ക് അനുയോജ്യമായ മണ്ണും കാലാവസ്ഥയും കൊണ്ട് അനുഗ്രഹീതമായ കാർഷിക ഗ്രാമമാണ് ചെറുകോൽ ഗ്രാമ പഞ്ചായത്ത്. ഒരുകാലത്ത് ഭക്ഷ്യ കാര്യത്തിൽ സ്വയം പര്യാപ്തമായിരുന്നു ഈ ഗ്രാമം. ഇന്ന് അരി, പച്ചക്കറി, നാളികേരം ഉൾപ്പെടെ പലതിനും പൊതുവിപണിയെ ആശ്രയിക്കേണ്ടിവരുന്നു. 1586.49 ഹെക്ടർ വിസ്തൃതിയുള്ള ഗ്രാമപഞ്ചായത്തിൽ 92.60 ഹെക്ടർ നെല്പാടം ഉണ്ടെങ്കിലും ഒന്നാം വിളയും രണ്ടാം വിളയും ഉൾപ്പെടെ 40 ഹെക്ടർ സ്ഥലത്തു മാത്രമാണ് നെൽകൃഷി നിലവിലുള്ളത്.

1. പുരയിടകൃഷികളിൽ മുഖ്യമായത് തെങ്ങായിരുന്നുവെങ്കിലും ഇപ്പോൾ റബറിനാണ് ഒന്നാം സ്ഥാനം. 730 ഹെക്ടറിൽ റബ്ബർ കൃഷി ചെയ്തു വരുന്നു. മരച്ചീനി, വാഴ, ചേമ്പ്, ചേന, കാച്ചിൽ, കുരുമുളക്, ജാതി, ഗ്രാമ്പൂ, കാപ്പി, കൊക്കോ ആദിയായ വിളവുകളും ഉണ്ട്.

2. പച്ചിലവളം ഉൾപ്പെടെയുള്ള ജൈവവളങ്ങൾ സമൃദ്ധിയായി ഉപയോഗിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ രാസവളങ്ങളാണ് അധികമായി ഉപയോഗിക്കുന്നത്. ജൈവവളങ്ങളുടെ ലഭ്യതകുറയുകയും കൂലിച്ചെലവ് വർദ്ധിക്കുകയും ചെയ്തതാണ്

പട്ടിക 1

| ഇനം | വിസ്തീർണ്ണം (ഹെക്ടറിൽ) | ഇനം | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|---|
| നിലം | 92-60 | കൃഷിയോഗ്യം | 1475-30 |
| പുരയിടം | 1328-00 | കൃഷിയോഗ്യമല്ലാത്ത തരിശ് | 111.19 |
| പുറമ്പോക്ക് | 165-89 | " | — |
| ആകെ | 1586-49 | ആകെ | 1586-49 |

(അവലംബം - വില്ലേജ് ഓഫീസ്)

രാസവളങ്ങളുടെ ഉപയോഗം വർദ്ധിക്കുന്നതിനുള്ള മുഖ്യകാരണം.

3. 1987 സെപ്റ്റംബർ 1ന് പഞ്ചായത്തിൽ കൃഷിഭവൻ രൂപം കൊണ്ടു. കൃഷിഭവന്റെ ആവിർഭാവം കാർഷിക മേഖലയിൽ പുത്തൻ ഉണർവിന് വഴിയൊരുക്കി. പഞ്ചായത്തിലെ കൃഷിഭൂമിയുടെ വിവരണപട്ടിക 1 ചുവടെ ചേർക്കുന്നു.

4. ഭൂവിനിയോഗത്തിൽ കഴിഞ്ഞ അരനൂറ്റാണ്ടിനുള്ളിൽ വലിയ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. തെങ്ങിന്റെ രോഗബാധയും നാളികേരത്തിന്റെ വിലക്കുറവും കാരണം തെങ്ങുകൃഷി ഇന്നു കുറവാണ്. റബ്ബറിന്റെ വിലയും റബ്ബർകൃഷിക്ക് ലഭിച്ചു കൊണ്ടിരിക്കുന്ന സാമ്പത്തിക സാങ്കേതിക സഹായങ്ങളും പ്രധാന നാണ്യവിളയുടെ പദവിയിലേക്ക് റബ്ബർ ഉയരുന്നതിന് ഇടയാക്കി. നിലംകൃഷിയുടെ വർദ്ധിച്ച ചിലവും കർഷക തൊഴിലാളികളുടെ ലഭ്യതക്കുറവും കാരണം നിലങ്ങൾ കരഭൂമിയാക്കി മാറ്റിയിട്ടുണ്ട്. തരിശ് ഭൂമിയെ കൃഷിഭൂമിയാക്കി മാറ്റാൻ ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്. കൃഷി മുഖ്യതൊഴിലാക്കിയവരുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുന്നു. കൃഷിയിൽ സ്ത്രീ പങ്കാളിത്തവും കുറഞ്ഞുകൊണ്ടിരിക്കുന്നു. പഞ്ചായത്തിൽ കൃഷി ചെയ്യുന്ന മുഖ്യ വിളകളും അവയുടെ ഉല്പാദന

**പട്ടിക 2**

**വിളകൾ - വിസ്തൃതിയും ഉല്പാദനക്ഷമതയും**

| ക്രമ നമ്പർ | വിള | വിസ്തീർണ്ണം (ഹെക്ടറിൽ) | ഉല്പാദനക്ഷമത (ഹെക്ടറിൽ) M.T. |
|---|---|---|---|
| 1. | നെല്ല് (ഒന്നാം വിള) | 10 | 3.2 M.T. |
| 2. | നെല്ല് (രണ്ടാം വിള) | 30 | 3.2 M.T. |
| 3. | പയർ വർഗ്ഗങ്ങൾ | 5 | 3.5 M.T. |
| 4. | പച്ചക്കറികൾ | 7 | 2.5 M.T. |
| 5. | തെങ്ങ് | 206 | 5400 Mts |
| 6. | വാഴ | 57 | 6.5 M.T. |
| 7. | മരച്ചീനി | 80 | 17.M.T. |
| 8. | കുരുമുളക് | 28 | 0.3 M.T. |
| 9. | പ്ലാവ് | 8 | 52 nos / tree/year |
| 10. | കശുമാവ് | 5 | 0.8 M.T. |
| 11. | മാവ് | 10 | |
| 12. | റബ്ബർ | 730 | 1.1M.T. |
| 13. | കമുക് | 13 | 213409 nuts / bs |
| 14. | ജാതി | 4 | 10 Kg / tree/ Annum |
| 15. | ഗ്രാമ്പൂ | 3 ha | - |
| 16. | കിഴങ്ങു വർഗ്ഗങ്ങൾ | 14 ha | 1.1M.T. |
| 17. | ഇഞ്ചി, മഞ്ഞൾ, കച്ചോലം | 18 | 2.8 MT. |
| 18. | കൊക്കോ ഉണങ്ങിയത് | 11 | 0.7 M.T. |
| 19. | വെറ്റിലക്കൊടി | 1 | - |

(അവലംബം കൃഷിഭവൻ)

ക്ഷമതയും പട്ടിക 2 ആയി ചുവടെ ചേർക്കുന്നു.

### 5. മണ്ണിന്റെ ഫലഭൂയിഷ്ടത

പമ്പാനദി വടക്കേ അതിരായുള്ള ചെറുകോൽ ഗ്രാമപഞ്ചായത്ത് ഫലഭൂയിഷ്ടമായ മണ്ണു കൊണ്ട് സമ്പന്നമാണ്. പുഴയോരത്ത് മണൽച്ചേരുവയുള്ള എക്കൽ മണ്ണ്, എക്കൽ വയൽതാഴ്വരകൾ, ചെങ്കൽ കുന്നിൻചരിവുകൾ, ചെങ്കൽ കുന്നിൻ പുറങ്ങൾ എന്നിവയാണ് മണ്ണിന്റെ അടിസ്ഥാനത്തിലുള്ള പ്രധാന മേഖലകൾ. പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിൽ നടത്തിയ മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ ഫലഭൂയിഷ്ടത സംബന്ധിച്ച വിശകലനറിപ്പോർട്ട് പട്ടിക 3 ആയി ചുവടെ ചേർക്കുന്നു.

### പാടശേഖര സമിതികൾ

നെൽകൃഷി വികസനം ലക്ഷ്യമാക്കി പഞ്ചായത്തിലെ പാടശേഖരങ്ങൾ കേന്ദ്രീകരിച്ച് മൂന്ന് കർഷകസമിതികൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. സമിതികളുടെ കൂട്ടായ പ്രവർത്തനം ഉല്പാദനവർദ്ധനവിന് സഹായകമാകുന്നു. പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. രജിസ്റ്റർ ചെയ്ത പാടശേഖരങ്ങളെ കൂടാതെ കാട്ടൂർ, കിളിയാനിയ്ക്കൽ എന്നീ ഏലാകളിലും നെൽകൃഷിയും മറ്റു കാർഷിക വിളകളും ചെയ്തുവരുന്നു. മണ്ണുപരിശോധന, പൊതു ഞാറ്റടിയൊരുക്കൽ, ജൈവവള സംഭരണം ആധുനിക കാർഷികോപകരണങ്ങളുടെ ഉപയോഗം എന്നിവ കൂടുതൽ പ്രാവർത്തികമാക്കണം. പഞ്ചായത്തിലെ പാടശേഖരസമിതികളുടെ വിശദവിവരങ്ങൾ പട്ടിക 4-ൽ ചേർക്കുന്നു.

### കേരവികസന സമിതി

സമഗ്രകേരവികസനപദ്ധതിയിൽ പഞ്ചായത്തിലെ എട്ട് വാർഡുകളിൽ നിന്നായി 767 അംഗങ്ങളെ ഉൾപ്പെടുത്തി കേരവികസനസമിതി പ്രവർത്തിക്കുന്നു. രോഗബാധിതമായ തെങ്ങുകൾ വെട്ടിമാറ്റി പകരം തെങ്ങിൻതൈയ്യുകൾ നട്ടുവളർത്തുക, സമീകൃത രാസവള പ്രയോഗം പ്രചരിപ്പിക്കുക, കീടരോഗബാധകൾ തടയുക, ജലസേചനസൗകര്യങ്ങൾ ഏർപ്പെടുത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ കേരസമിതിയുടെ നേതൃത്വത്തിൽ കൃഷിഭവന്റെ നിർദ്ദേശാനുസരണം നടത്തിവരുന്നു. കേരവികസനസമിതി സംബന്ധിച്ച വിവരങ്ങൾ

**പട്ടിക 3**

| വാർഡ് | മണ്ണിന്റെ അമ്ല ക്ഷാര സ്വഭാവം | ലയിച്ചു ചേർന്നിട്ടുള്ള ലവണങ്ങളുടെ അളവ് | ഓർഗാനിക് കാർബൺ ശതമാനം | പൊട്ടാസ്യം കി. ഗ്രാം/ ഹെക്ടർ | ഫോസ്ഫറസ് കി. ഗ്രാം/ ഹെക്ടർ |
|---|---|---|---|---|---|
| 1. | 5.7 | 0.1 | 0.48 | 96 | 75 |
| 2. | 5.7 | 0.1 | 0.30 | 96 | 105 |
| 3. | 6.0 | 0.1 | 0.24 | 96 | 90 |
| 4. | 5.8 | 0.1 | 0.28 | 102 | 90 |
| 5. | 6.0 | 0.1 | 0.30 | 102 | 75 |
| 6. | 5.7 | 0.1 | 0.24 | 96 | 90 |
| 7. | 5.7 | 0.1 | 0.28 | 96 | 105 |
| 8. | 5 | 0.1 | 0.30 | 102 | 90 |

(അവലംബം: മണ്ണുപരിശോധന റിപ്പോർട്ട് കൃഷിഭവൻ)

പട്ടിക 5 ആയി ചേർക്കുന്നു.

## കുരുമുളകു വികസനസമിതി

രോഗബാധ മൂലവും മണ്ണിന്റെ ഊർവരത കുറയുന്നതുകൊണ്ടും നാശോന്മുകമായിക്കൊണ്ടിരിക്കുന്ന കുരുമുളകുകൃഷി പുനരുദ്ധരിക്കുന്നതിന് 364 അംഗങ്ങളുള്ള കുരുമുളകു വികസനസമിതി പ്രവർത്തിക്കുന്നു. വിദേശനാണ്യം നേടിത്തരുന്ന ആദായകരമായ വിളയാണ് കുരുമുളക്. വികസനസാദ്ധ്യത ഏറെയുള്ള ഈ സുഗന്ധ വിളയുടെ വിസ്തൃതിയും ഉല്പാദനക്ഷമതയും കൂട്ടുന്നതിനുള്ള പരിപാടികൾ ഊർജ്ജിതമായി തുടരേണ്ടതാണ്.

### പട്ടിക 4
### പാടശേഖരസമിതികൾ

| പാടശേഖരസമിതിയുടെ പേര് | കർഷകരുടെ എണ്ണം | വാർഡും ഉൾപ്പെട്ട സ്ഥലവും | വിളയുടെ ഇനങ്ങൾ | വിളയുടെ അളവ് കി. ഗ്രാം |
|---|---|---|---|---|
| കീക്കൊഴൂർ ഏലാ നെല്ലുല്പാദക സമിതി Reg. No. P. 590/90 | 42 | ഒന്നാംവാർഡ് രണ്ടാം വാർഡ് മൂന്നാം വാർഡ് | ജ്യോതി | 80 |
| മേൽപാടം ഏലാ നെല്ലുല്പാദക സമിതി Reg. No. P. 332/90 | 30 | 6-ാം വാർഡ് | ജ്യോതി | 80 |
| പടിഞ്ഞാറെ പാടം ഏലം, നെല്ലുല്പാദക സമിതി Reg. No. P. 162/92 | 25 | 8-ാം വാർഡ് 6-ാം വാർഡ് | ജ്യോതി | 80 |

### പട്ടിക 5
### ചെറുകോൽ കേരവികസന സമിതി Reg. No. P. 691/94

| വാർഡ് നമ്പർ | തെങ്ങ് കൃഷി വിസ്തീർണ്ണം (ഹെക്ടറിൽ) | തെങ്ങിന്റെ എണ്ണം | | ആകെ |
|---|---|---|---|---|
| | | കായ്ക്കുന്നത് | കായ്ക്കാത്തത് | |
| 1 | 35.7 | 5678 | 567 | 6245 |
| 2. | 17 | 2566 | 256 | 2823 |
| 3 | 28.2 | 3997 | 398 | 4395 |
| 4. | 31 | 5018 | 1.71 | 5189 |
| 5. | 32.3 | 5100 | 391 | 5491 |
| 6. | 25.8 | 3900 | 480 | 4380 |
| 7. | 20 | 3000 | 400 | 3400 |
| 8. | 16 | 1920 | 800 | 2720 |

(അവലംബം കൃഷിഭവൻ)

## ഉല്പന്നങ്ങളുടെ വിപണനം

കാർഷികോല്പന്നങ്ങൾക്ക് വിപണനകേന്ദ്രങ്ങൾ പഞ്ചായത്തിൽ ഇപ്പോൾ നിലവിലില്ല. റബ്ബർ കർഷകർക്കു മാത്രം അംഗീകൃത ഏജൻസികൾ വിപണനരംഗത്തു പ്രവർത്തിക്കുമ്പോൾ മറ്റ് കാർഷികോല്പന്നങ്ങൾക്ക് സ്ഥിരമായ വിപണിയും ന്യായമായ വിലയും ഇല്ലാത്തത് വികസന പാതയിലെ മുഖ്യ പ്രതിബന്ധമാണ്.

## നേഴ്സറികൾ

മികച്ച വിത്തിനങ്ങളും നടീൽ വസ്തുക്കളും യഥാസമയം കർഷകർക്ക് ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാകണം. ഇപ്പോൾ റബ്ബർ നേഴ്സറികൾ കൂടാതെ അലങ്കാരച്ചെടികളുടെ ഒരു നേഴ്സറി മാത്രമാണ് ഈ ഗ്രാമപഞ്ചായത്തിലുള്ളത്. പ്രാദേശിക ആവശ്യം നിറവേറ്റുന്നതിനുള്ള നടീൽ വസ്തുക്കളും വിത്തിനങ്ങളും ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാകേണ്ടിയിരിക്കുന്നു.

## കാർഷിക ബന്ധങ്ങൾ

നേരിട്ട് കൃഷിപ്പണിയിൽ ഏർപ്പെടുന്നവരുടെ എണ്ണം കേവലം 5% മാത്രമാണ്. കാർഷിക രംഗത്തെ മുരടിപ്പിന്റെ മുഖ്യ കാരണവും ഇതുതന്നെ. കാർഷിക മേഖലയിലെ യുവജനങ്ങൾക്കുള്ള തൊഴിൽ ദാന/ പെൻഷൻ പദ്ധതിയിൽ 109 പേർ അംഗങ്ങളായുണ്ട്. കർഷക തൊഴിലാളികളുടെ എണ്ണം പ്രതിവർഷം കുറഞ്ഞുകൊണ്ടിരിക്കുന്നു. പഞ്ചായത്തിന്റെ ഭൂപ്രകൃതി യന്ത്രവൽക്കരണത്തിന്

### പട്ടിക 6
### കൂലി നിരക്കുകൾ

| കൂലിനിരക്ക് (രൂപ) | | |
|---|---|---|
| തൊഴിൽ | പുരുഷൻ | സ്ത്രീ |
| കിളയ്ക്കുന്നത് | 100 | 80 |
| കളപറിയ്ക്കൽ | - | 60 |
| ഞാറു നടീൽ | - | 60 |
| റബ്ബർ ടാപ്പിംങ്ങ് (മരം ഒന്നിന്) | 0.20 | |
| തേങ്ങാ ഇടീൽ (മരം ഒന്നിന്) | 2.50 | |
| കൊയ്ത്തും മെതിയും | വിളവിന്റെ 1/6 ഭാഗം | |

അനുയോജ്യമല്ല. കൃഷിഭൂമിയുടെ തുണ്ടുതുണ്ടായ വിഭജനവും. വർദ്ധിച്ചുവരുന്ന ജനസാന്ദ്രതയും ശാസ്ത്രീയ സങ്കേതങ്ങൾ അവലംബിക്കുന്നതിനുള്ള പരിമിതികളാണ്. കൂലിനിരക്കുകളുടെ പട്ടിക താഴെ ചേർക്കുന്നു.

### പട്ടിക 7
### ആധുനിക കാർഷിക ഉപകരണങ്ങൾ

| ഇനം | എണ്ണം |
|---|---|
| യന്ത്രക്കലപ്പ (പവർ ട്രില്ലർ) | 1 |
| കുറ്റിപമ്പ് (കനാപ്സാക് സ്പ്രെയർ) | 32 |
| റോക്കർ സ്പ്രെയർ | 48 |

### വളങ്ങൾ - ലഭ്യതയും വിതരണവും

മണ്ണിന്റെ ഫലഭൂയിഷ്ടത നിലനിർത്തുന്നതിൽ മുഖ്യ പങ്കുവഹിക്കുന്നത് ജൈവവളങ്ങളാണ്. ചാണകം, ചാരം, പച്ചിലവളം, വിവിധ പിണ്ണാക്കുകൾ, എല്ലുപൊടി തുടങ്ങിയവയാണ് പ്രചാരത്തിലുള്ള ജൈവവളങ്ങൾ. എന്നാൽ ഇന്ന് ഗുണമേന്മയുള്ള ജൈവവളങ്ങളുടെ ലഭ്യത കുറവാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള കർമ്മപരിപാടികൾ ഉണ്ടാകണം. രാസവളങ്ങളുടെ അമിതവും അസന്തുലിതവുമായ വിനിയോഗം അപകടകരവുമാണ്. ഇത് ഒഴിവാക്കുന്നതിന് കൃഷിക്കാർക്ക് പരിശീലനവും ബോധവൽക്കരണവും നൽകണം. ന്യായമായ വിലയ്ക്ക് രാസവളങ്ങൾ കൃഷിക്കാർക്ക് ലഭ്യമാക്കണം. രാസവള വിതരണം സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

### പട്ടിക 8
### രാസവള വിനിയോഗം

| സ്ഥാപനത്തിന്റെ പേര് | 1993-94 രാസവളം കി. ഗ്രാം | 1994-95 രാസവളം കി. ഗ്രാം | 1995 - 96 രാസവളം കി. ഗ്രാം |
|---|---|---|---|
| സഹകരണം | 186.85 M.T. | 212 M.T. | 248 M.T. |
| സ്വകാര്യം | 37.75 M.T. | 42 M.T. | 49.6M.T. |

(അവലംബം കൃഷിഭവൻ)

സസ്യസംരക്ഷണം

പഞ്ചായത്തിലെ മുഖ്യ വിളകളെ ബാധിക്കുന്ന പ്രധാന രോഗങ്ങളും കീടങ്ങളും പട്ടിക 9 ചുവടെ ചേർക്കുന്നു

രോഗകീട നിർണ്ണയം നടത്തി അനുയോജ്യമായ സസ്യസംരക്ഷണോപാധികൾ സ്വീകരിക്കുന്നതിന് കൃഷിക്കാരെ പരിശീലിപ്പിക്കേണ്ടതും മരുന്നുകളും ഉപകരണങ്ങളും സുഗമമായി ലഭ്യമാക്കേണ്ടതുമാണ്.

## ജലസേചന സൗകര്യങ്ങൾ

ചെറുകോൽ ഗ്രാമപഞ്ചായത്തിലെ കൃഷി മുഖ്യമായും മഴയെ ആശ്രയിച്ചുള്ളതാണ്. കഴിഞ്ഞ മൂന്നു വർഷത്തെ മഴയുടെ ലഭ്യത കാണിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക - 9

| ക്രമനമ്പർ | വിള | രോഗങ്ങൾ | കീടങ്ങൾ |
|---|---|---|---|
| 1 | നെല്ല് | പോളരോഗം, ഓലകരിച്ചിൽ | തൊണ്ടുതുരപ്പൻ പുഴു ഓല ചുരുട്ടിപ്പുഴു, ചാഴി ശല്യം |
| 2 | തെങ്ങ് | കൂമ്പു ചീയൽ, ചെന്നീരൊലിപ്പ്, ഓല ചീയൽ, കാറ്റ് വീഴ്ച (വേരുരോഗം) | കൊമ്പൻ ചെല്ലി, ചെമ്പൻ ചെല്ലി, ഓല തീനി പുഴു |
| 3 | കുരുമുളക് | ദ്രുതവാട്ടം, സാവധാനവാട്ടം, പൊള്ളരോഗം | പൊള്ള വണ്ട് തണ്ടുതുരപ്പൻ പുഴു നിമവിര |
| 4 | വാഴ | കൂമ്പടപ്പ് പനാമരോഗം | നിമവിരകൾ മാണപുഴു |
| 5 | ഇഞ്ചി | മൂടു ചീയൽ | തണ്ടുതുരപ്പൻ പുഴു |
| 6 | മരച്ചീനി | കസാവാമൊസൈക്ക് ബാക്ടീരിയൽ മൊസൈക്ക് | എലിശല്യം |
| 7 | റബ്ബർ | അകാലിക ഇല പൊഴിയൽ കൂമ്പു ചീയൽ ചൂർണ്ണിളരോഗം (പിങ്ക് ഡിസീസ്) പട്ട മരവിപ്പ് (ചീക്ക) | |

പട്ടിക - 10
പ്രതിമാസ വർഷപാതം (മില്ലീ മീറ്ററിൽ)

| വർഷം | ജനു | ഫെബ്രു | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ആഗ. | സെപ്തം | ഒക്ടോ | നവം | ഡിസം |
|---|---|---|---|---|---|---|---|---|---|---|---|---|
| 1992 | - | 3 | - | 40.5 | 201.5 | 386.3 | 424.9 | 347.7 | 208.7 | 313 | 312.6 | 17 |
| 1993 | - | 5 | 41.7 | 68.9 | 219.4 | 484.4 | 609 | 115.2 | 41.4 | 37.5 | 1108 | 805 |
| 1994 | 14 | 17 | 135 | 10.9 | 202.5 | 380.5 | 455 | 236.3 | 69 | 36.4 | 47 | - |
| 1995 | - | 3.5 | 46.3 | 168.5 | 186.5 | 418 | 551 | 490 | 35.7 | 38 | 213 | - |
| 1996 | 44 | 8 | 29 | 227 | 108 | 475 | 588.8 | 462 | 204 | 2329 | 259 | - |

അവലംബം (സ്റ്റേറ്റ് സീഡ് ഫാം, പുല്ലാട്)

പഞ്ചായത്തിന്റെ വടക്കേ അതിർത്തിയിലൂടെ പമ്പാനദി ഒഴുകുന്നുണ്ടെങ്കിലും നദീജലം ജലസേചനത്തിനായി ഉപയോഗപ്പെടുന്നില്ല. അതുപോലെ തന്നെ പമ്പാജലസേചനപദ്ധതിയുടെ മെയിൻ കനാൽ എല്ലാ വാർഡുകളേയും മുറിച്ചു കടന്നു പോകുന്നുവെങ്കിലും അത് കൃഷിക്കാരിൽ മുറിപ്പാടുകൾ മാത്രമാണ് സൃഷ്ടിക്കുന്നത്. കനാൽ ചോർച്ച മൂലം സമീപമുള്ള നെൽപ്പാടങ്ങൾ നീർവാർച്ചയില്ലാതെ ഇപ്പോൾ തരിശായി കിടക്കുകയാണ്. കനാൽ ജലം പഞ്ചായത്തിൽ ജലസേചനാവശ്യത്തിന് ഉപകരിക്കുന്നില്ല. ഇപ്പോൾ തോടുകളോ കുളങ്ങളോ ജലസേചനത്തിനായി ഉപയുക്തമാകുന്നില്ല. ആണ്ടുമുഴുവൻ വെള്ളം കിട്ടുന്ന ജലസ്രോതസ്സുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. ഇങ്ങനെയുള്ള തോടുകളും കുളങ്ങളും ജലസേചനാവശ്യത്തിന് ഉപയോഗിക്കാവുന്നതാണ്.

## പ്രശ്നങ്ങൾ

1. പമ്പാ ജലസേചന കനാലിന്റെ ചോർച്ചമൂലം നെൽപാടങ്ങൾ ചതുപ്പുനിലങ്ങളായി മാറിയിരിക്കുന്നു.
2. കാലവർഷക്കെടുതിമൂലം പാടശേഖരങ്ങളുടെ ബണ്ടുകൾ തുടർച്ചയായി തകരുകയും കൃഷിനാശം സംഭവിക്കുകയും ചെയ്യുന്നു.
3. വർദ്ധിച്ചുവരുന്ന രോഗങ്ങളും കീടങ്ങളും കാർഷികോല്പാദനരംഗത്തെ മുഖ്യ പ്രശ്നമാണ്.
4. ജൈവവളങ്ങളുടെ ദൗർലഭ്യം, രാസവളങ്ങളുടെ അമിതമായ വില എന്നിവ ഉല്പാദനക്ഷമതയെ ബാധിക്കുന്നു.
5. നിഷ്ക്കർഷയില്ലാത്ത ഭൂവിനിയോഗം പരിസ്ഥിതിയേയും സമ്പത്ഘടനയേയും തകിടം മറിക്കുന്നു.
6. കൃഷിഭൂമിയുടെ തുണ്ടുതുണ്ടായ വിഭജനം ശാസ്ത്രീയ കൃഷിരീതികൾക്ക് തടസ്സമാകുന്നു.
7. മണ്ണൊലിപ്പ് കൃഷിഭൂമിയുടെ ഫലഭൂയിഷ്ടത നശിപ്പിക്കുന്നു.
8. അഭ്യസ്ത വിദ്യരായ യുവജനങ്ങൾ കാർഷികരംഗത്തു നിന്നു പിൻമാറുന്നു.
9. കാർഷിക തൊഴിലാളികളുടെ ദൗർലഭ്യം.
10. ഉല്പന്നങ്ങളുടെ വിലയിലും വിപണനത്തിനുമുള്ള അസ്ഥിരത.
11. ജലസേചനപദ്ധതികളുടെ അഭാവം.
12. ഉല്പാദനോപകരണങ്ങളും ഉപാധികളും യഥാസമയം മതിയായ അളവിൽ ലഭിയ്ക്കായ്ക.
13. ശാസ്ത്രീയ കൃഷി രീതിയെക്കുറിച്ചുള്ള അറിവിന്റെ അഭാവം.
14. കൃഷി ഭവനിൽ വേണ്ടത്ര ജീവനക്കാരില്ലാത്തത്.

## സാദ്ധ്യതകൾ

1. പഞ്ചായത്തിലെ പുരയിട മേഖലയെ രണ്ടു ഹെക്ടറിൽ കുറയാത്ത 'അയൽക്കൂട്ട' യൂണിറ്റുകളാക്കി നിർദ്ദിഷ്ട വിളകൾ കൃഷിക്കാരുടെ സംയുക്ത സംരംഭമായി ശാസ്ത്രീയമായി കൃഷിചെയ്യുക.
2. പഞ്ചായത്തിലെ തോടുകളും കുളങ്ങളും ജലസേചനത്തിന് ഉപയുക്തമാകുംവണ്ണം ആഴവും വീതിയും കൂട്ടി പുതുക്കുക.
3. എല്ലാ കൃഷിയിടത്തിലെയും മണ്ണ് മൂന്നു വർഷത്തിലൊരിക്കൽ പരിശോധിച്ച് പരിശോധനാനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കൃഷി പുനർക്രമീകരിക്കുക.
4. ജൈവവള സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് കൃഷിക്കാരുടേയും സന്നദ്ധ സംഘടനകളുടേയും തീവ്ര പരിപാടികൾക്ക് രൂപം നൽകുക.
5. എല്ലാ വിളകളുടേയും ശാസ്ത്രീയ കൃഷിരീതിയിൽ പരിശീലനം നൽകുവാനുള്ള ക്രമീകൃത പരിപാടികൾ ആവിഷ്ക്കരിക്കുക.
6. ഓരോ വീട്ടിലും ഓരോ അടുക്കളത്തോട്ടം എന്ന പദ്ധതി പച്ചക്കറിയിൽ സ്വയം പര്യാപ്തത നേടാൻ സഹായിക്കും.
7. പഞ്ചായത്തിലേക്ക് ആവശ്യമുള്ള വിത്തുകളും നടീൽവസ്തുക്കളും ഇവിടെത്തന്നെ ഉല്പാദിപ്പിക്കുക.
8. സസ്യസംരക്ഷണത്തിനുള്ള മരുന്നുകളും ഉപകരണങ്ങളും പെട്ടെന്ന് ലഭ്യമാകത്തക്ക

വണ്ണം പഞ്ചായത്തു തലത്തിൽ സംവിധാന മുണ്ടാക്കുക.

9. വിലയും വിപണിയും ഉറപ്പുവരുത്തുവാൻ സഹകരണാടിസ്ഥാനത്തിൽ സംവിധാനമുണ്ടാക്കുക.

10. കാർഷിക വായ്പകൾ സാമ്പത്തിക സ്ഥാപനങ്ങളിൽകൂടി ലളിത വ്യവസ്ഥകളിൽ ലഭ്യമാക്കുക.

11. മണ്ണൊലിപ്പു തടയുവാൻ 'തട്ട്' തിരിക്കൽ, ബണ്ടു കെട്ടൽ, തടയണ നിർമ്മാണം, കൈത, രാമച്ചം തുടങ്ങിയവ കൊണ്ടുള്ള സസ്യപ്രതിബന്ധങ്ങൾ ഉണ്ടാക്കുക. ശീമക്കൊന്ന, സുബാബുൾ തുടങ്ങിയവ വേലിച്ചെടിയായി വച്ചു പിടിപ്പിക്കുക. ആവരണ വിളകൾ വിശിഷ്യ പയറുവർഗ്ഗങ്ങൾ നട്ടു വളർത്തുക.

## നിർദ്ദേശങ്ങൾ

1. പമ്പാ ജലസേചനകനാൽ കടന്നുപോകുന്ന പാടശേഖരങ്ങളിൽ ഇടത്തോടുകളും നടുത്തോടുകളും ഉണ്ടാക്കി നീർവാർച്ച ഉണ്ടാക്കി കൃഷിക്ക് യോഗ്യമാക്കേണ്ടതാണ്.

2. കീക്കൊഴൂർ ഏലായിലും മേൽപ്പാടം ഏലായിലും പടിഞ്ഞാറെ പാടം ഏലായിലും കാട്ടൂർ ഏലായിലും കിളിയാനിക്കൽ ഏലായിലും പ്രകൃതിക്ഷോഭം മൂലം ഇടിഞ്ഞു പൊടിഞ്ഞു കിടക്കുന്ന തോടിന്റെ സൈഡുകൾ കെട്ടി കൃഷിക്കുപയുക്തമാക്കേണ്ടതാണ്.

3. പമ്പാ ജലസേചനകനാലിലെ ജലം ഉപകനാലുകൾ നിർമ്മിച്ച് ഒരിപ്പൂ നിലങ്ങളായി ഇപ്പോൾ കൃഷി ചെയ്തുകൊണ്ടിരിക്കുന്ന നിലങ്ങൾ ഇരുപ്പൂകൃഷി ചെയ്യുന്നതിനുപയുക്തമാക്കേണ്ടിയിരിക്കുന്നു.

4. പമ്പാ ജലസേചന കനാലിൽ നിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്ന ചോർച്ചമൂലം ചതുപ്പു നിലങ്ങളായിക്കൊണ്ടിരിക്കുന്ന പഞ്ചായത്തിലെ പാടശേഖരങ്ങളിലെ നടുത്തോടുകളും സൈഡ് തോടുകളും നീർവാർച്ചക്കുപയുക്തമാകാത്ത വിധത്തിൽ താഴ്ത്തി കൃഷിക്കുപയുക്തമാക്കുക.

5. പാടശേഖരങ്ങളുടെ ബണ്ടുകൾ ശക്തിപ്പെടുത്തി പ്രകൃതിക്ഷോഭംമൂലമുള്ള കൃഷിനാശം ഒഴിവാക്കുന്നതിനു നടപടി സ്വീകരിക്കണം.

6. തോടുകളിൽ തടയണ കെട്ടി വെള്ളം ജലസേചനാവശ്യത്തിന് തിരിച്ചുവിടണം.

7. പുരയിടമേഖലയെ രണ്ടു ഹെക്ടറിൽ കുറയാത്ത അയൽക്കൂട്ട യൂണിറ്റുകളായിതിരിച്ച് ശാസ്ത്രീയ കൃഷി സമ്പ്രദായത്തിന് ബഹുജന അടിത്തറ ഒരുക്കണം.

8. ജൈവവള നിർമ്മാണത്തിന് മണ്ണിര കമ്പോസ്റ്റ് നിർമ്മാണം, പച്ചില വളച്ചെടി കൃഷി തുടങ്ങിയവ അയൽക്കൂട്ട കാർഷിക യൂണിറ്റുകൾ വഴി നടപ്പാക്കണം.

9. കാർഷിക മേഖലയിലെ യുവജനങ്ങളുടെ തൊഴിൽ ദാനപരിപാടിയിൽ അംഗത്വം നേടിയവരെ പ്രത്യേക പരിശീലനവും സഹായധനവും നൽകി വിള സംരക്ഷണ സേനയായി രൂപീകരിക്കണം.

10. കൃഷിക്കാർക്ക് ക്രമീകൃതമായ പരിശീലനം നൽകുന്നതിന് കൃഷിവിജ്ഞാനകേന്ദ്രവുമായി ബന്ധപ്പെട്ട് സ്ഥിരമായ ഏർപ്പാട് ഉണ്ടാക്കണം.

11. മണ്ണു സംരക്ഷണത്തിന് ഈടി കയ്യാലകൾ കെട്ടുക, കൈത, രാമച്ചം മുതലായവ ഉപയോഗിച്ച് സസ്യപ്രതിബന്ധങ്ങൾ ഉണ്ടാക്കുക. ചരിവുകളിൽ സമ ഉയരങ്ങളെ ബന്ധിപ്പിച്ച് ബണ്ടുകൾ തീർക്കുക, ചാലുകൾ കീറുക തുടങ്ങിയവ ചെയ്യുക.

12. ജലസംരക്ഷണത്തിനായി തൊണ്ട് അടുക്കൽ പുതയിടിൽ തുടങ്ങിയ പരിപാടികൾ നടപ്പാക്കുക.

13. ഓരോ വീട്ടു വളപ്പിലും പച്ചക്കറി പഴവർഗ്ഗ കൃഷി നടപ്പാക്കുന്നതിന് നടീൽ വസ്തുക്കളും വളവും അടങ്ങിയ കിറ്റുകൾ സൗജന്യ നിരക്കിൽ ഓരോ വാർഡിലും ഓരോ വർഷവും 50 വീടുകൾക്ക് വീതം എന്ന നിരക്കിൽ നൽകുക.

14. ആദായകരവും വിപണനസൗകര്യം ഏറെയുള്ളതുമായ ഔഷധ സസ്യകൃഷിയിൽ താല്പര്യമുള്ളവരെ തെരഞ്ഞെടുത്ത് തെങ്ങിൻതോപ്പിൽ ഇടവിളയായി ഔഷധ സസ്യകൃഷി നടത്തുന്ന ഒരു കർഷക സമിതി

രൂപീകരിക്കുക. നടീൽ വസ്തുക്കളും സാങ്കേതിക ഉപദേശങ്ങളും, കൃഷിഭവനിലൂടെ നൽകേണ്ടതാണ്.

15. ചെങ്കൽ കുന്നിൻ പുറങ്ങളിൽ കശുമാവ് കൃഷി ആദായകരമായി നടപ്പാക്കാം. അത്യുല്പാദന ശേഷിയുള്ള നടീൽ വസ്തുക്കൾ വിതരണം ചെയ്യേണ്ടതും കൃഷിക്കാർക്ക് സാങ്കേതികോപദേശവും സാമ്പത്തിക സഹായവും നൽകേണ്ടതുമാണ്.

16. കൃഷിഭവന് സ്വന്തമായി സ്ഥലം സമ്പാദിച്ച് ഓഫീസ് കെട്ടിടം പണിയുക, ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിക്കുക. കൃഷിഭവന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുക.



# പഠന പര്യടനം

**1996 നവംബർ 21**

## ഗ്രൂപ്പ് - I

സഞ്ചരിച്ച സ്ഥലങ്ങൾ

- കീക്കൊഴൂർ
- പുള്ളിക്കാട്
- കൊച്ചേത്തുപടി
- അന്ത്യാളൻ കാവ്
- തോട്ടുങ്കൽ പടി
- കൂനംതടം
- ചമതയ്ക്കൽ
- വയലത്തല സൊസൈറ്റിപടി
- തിരുമുറ്റം കളരി
- പുതമൺ (സമാപനം)
- കടമാംപതാൽ
- കുടിലുമുക്ക്
- വാളാർ കുഴി
- പ്ലാന്തോട്ടത്തിൽ പടി
- സംഘംപടി
- പള്ളിയത്തു പടി

## ഗ്രൂപ്പ് II

- ചണമാങ്കൽ
- മടക്കകുന്ന് കിഴക്കേ അടിവാരം
- അരീക്കൽ
- കുഴിമണ്ണിൽ പടി
- ചെറുകോൽ പുഴ ഭാഗം
- മടുക്കകുന്ന് അടിവാരം
- താന്നിമൂട് കോളനി
- കാട്ടൂർപേട്ട
- വാഴക്കാനം
- കച്ചേരിപടി (സമാപനം)
- മൈലാടും പാറ
- ആക്കാ നിരവ്
- മന്ദത്തു പടി

5 - 1B

# മൃഗസംരക്ഷണം

ചരിത്രാതീതകാലം മുതലേ മനുഷ്യൻ മൃഗപരിപാലനരംഗത്ത് ശ്രദ്ധിച്ചിരുന്നു. പഴയ തറവാടുകളിൽ കറവപ്പശുക്കളുടെ എണ്ണം അഭിമാനത്തിന്റെയും ആഭിജാത്യത്തിന്റെയും തെളിവായിരുന്നു. വീടുകളും തൊഴുത്തുകളും പ്രാചീനകാലം മുതലേ പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു. "വീട്, വീടിനു സമീപം തൊഴുത്ത്, തൊഴുത്തിൽ ഒരു പശു" ഗ്രാമീണന്റെ വിജയഗാഥ ഇവിടെ തുടങ്ങുന്നു. കറവപ്പശുവിനെയും കയറിട്ട കാളയെയും കണികാണുന്ന ഗ്രാമജനത ഉത്സാഹത്തിലായിരുന്നു.

എട്ടുവാർഡുകളുൾപ്പെട്ട ചെറുകോൽ ഗ്രാമപഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ പശു, ആട് എന്നിവയാണ്. നാമമാത്രമായി എരുമകളും ഉണ്ട്. വളർത്തു പക്ഷികളിൽ കോഴിയാണധികവും. 80% വീടുകളിലും കോഴി വളർത്തൽ ഉണ്ട്. ചില വാർഡുകളിൽ കുറഞ്ഞ തോതിൽ താറാവിനെയും വളർത്തുന്നു. 1996 നവംബർ വരെയുള്ള കണക്കനുസരിച്ച് ഈ പഞ്ചായത്തിൽ 2068 പശുക്കളും 811 ആടുകളും 28 എരുമകളുമാണ് ഉള്ളത്.

ഈ പഞ്ചായത്തിൽ വളർത്തുമൃഗങ്ങൾ ഗണ്യമായി കുറഞ്ഞുവരുന്നതിന്റെ കാരണം കാർഷികരംഗത്തുണ്ടായിട്ടുള്ള മാറ്റങ്ങളാണ്. നെൽകൃഷി ആദായകരമല്ലാത്തതിനാൽ അത് ചെയ്യാൻ ആരും തയ്യാറല്ല. കന്നുകാലികൾക്ക് കുളമ്പുരോഗവും കോഴികൾക്ക് കോഴിവസന്തയും നിരന്തരം ഉണ്ടാകുന്നതുകൊണ്ട് കാലികളും കോഴികളും നാൾക്കുനാൾ കുറഞ്ഞുവരുന്നു.

ചെറുകോൽ പഞ്ചായത്ത് പാൽ ഉൽപാദനത്തിൽ വളരെ പിന്നിലാണ്. കാരണം സാധാരണക്കാർക്ക് പശുക്കളെ വളർത്തുവാനുള്ള സാഹചര്യം ഇല്ലാത്തതുതന്നെ. ബാങ്കുകളിൽ നിന്നും ലോണെടുത്ത് പശുക്കളെ വളർത്താമെന്നു വെച്ചാൽ തന്നെയും അത് ആദായകരമല്ലാത്തതാകുന്നു. അമിതമായ വില കൊടുത്ത് വൈക്കോൽ, പിണ്ണാക്ക്, കാലിത്തീറ്റ തുടങ്ങിയവ വാങ്ങിക്കൊടുത്ത് പശുക്കളെ വളർത്തിയാൽ അതുകൊണ്ട് പ്രയോജനമില്ല. രോഗം വന്നാൽ ചികിത്സിക്കാനുള്ള സൗകര്യങ്ങളും ഇല്ല.

പഞ്ചായത്തിൽ ആകെയുള്ളത് ഒരു മൃഗാശുപത്രിയും മൂന്ന് ICDP സെന്ററുകളുമാണ്. മെച്ചപ്പെട്ട രീതിയിൽ കാലിവളർത്തൽ നടത്തുകയാണെങ്കിൽ ഗോബർഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് ഇന്ധനക്ഷാമം ഒരുപരിധിവരെ പരിഹരിക്കാൻ സാധിക്കും. കാലിവളർത്തൽ ആദായകരമാക്കുന്നതിനു വേണ്ട സംവിധാനങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും അതോടൊപ്പം വേണ്ടത്ര ബോധവൽക്കരണം നടത്തുകയും ചെയ്താൽ ഇത് ആദായകരമാക്കാൻ സാധിക്കും.

താറാവ് വളർത്തലിന് ഈ പഞ്ചായത്തിൽ സൗകര്യം കുറവാണ്. മുട്ടക്കോഴി, ഇറച്ചിക്കോഴി ഇവയെ വളർത്തി ആദായമുണ്ടാക്കാൻ സാധിക്കും.

മുയൽ, പന്നി ഇവയെ വളർത്തുന്നതും ആദായ കരമാണ്.

## നമ്മുടെ പ്രശ്നങ്ങൾ

1. മൃഗചികിത്സാ സൗകര്യങ്ങൾ കുറവാണ്.
2. കാലിത്തീറ്റയുടെ വിലക്കൂടുതൽ, കാലികളെ മേയ്ക്കുന്നതിനുള്ള സൗകര്യക്കുറവ്.
3. ക്ഷീരവികസന കേന്ദ്രങ്ങളുടെ ദൗർലഭ്യം.
4. പേപ്പട്ടി ശല്യം.
5. കാലി വളർത്തലിനു സാമ്പത്തികസഹായം ലഭിക്കുന്നതിനുള്ള പ്രയാസം.

## സാദ്ധ്യതകൾ

1. മൃഗാശുപത്രി - കാട്ടൂർ പേട്ടയിൽ മൃഗാശുപത്രി പ്രവർത്തിക്കുന്നു. പ്രസ്തുത മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടവും സ്ഥലവും ആവശ്യമാണ്. I.C.D.P.സെന്റർ - കീക്കൊഴൂർ, വയലത്തല, കാട്ടൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നു. മൃഗാശുപത്രി, ICDP സെന്ററുകൾ എന്നിവക്ക് സ്വന്തമായി അതാതിടങ്ങളിൽ കെട്ടിടങ്ങൾ ഉണ്ടാകേണ്ടത് ആവശ്യമാണ്.
2. കന്നുകാലി വളർത്തൽ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുക. ഉൽപ്പാദിപ്പിക്കുന്ന പാൽ സംഭരിക്കുന്നതിനു സഹകരണസംഘങ്ങൾ സ്ഥാപിക്കുക.
3. സഹകരണസംഘങ്ങൾ വഴി കുറഞ്ഞവിലക്ക് കാലിത്തീറ്റകൾ നൽകുക. തീറ്റപ്പുൽകൃഷിക്ക് വേണ്ട വിത്തും വളവും സൗജന്യനിരക്കിൽ കൊടുക്കുക.
4. എട്ടു വാർഡിലും ഓരോ ICDP സെന്റർ തുടങ്ങുകയും ഫലപ്രദമായ രീതിയിൽ മൃഗചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക. കോഴിക്കുഞ്ഞുങ്ങളെ സൗജന്യനിരക്കിൽ വിതരണം ചെയ്യുക. കോഴിത്തീറ്റ കുറഞ്ഞ വിലക്ക് വിതരണം ചെയ്യുക. പ്രതിരോധ കുത്തിവെയ്പുകൾ യഥാസമയം നടത്തുക.
5. നല്ലയിനം പശുക്കളെ വാങ്ങുന്നതിനും തൊഴുത്തുകൾ നിർമ്മിക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായം നൽകുക.
6. പേപ്പട്ടി ശല്യം തടയുക. ലൈസൻസ് ഇല്ലാത്തതും അലഞ്ഞു തിരിഞ്ഞു നടക്കുന്നതുമായ മുഴുവൻ നായ്ക്കളെയും കൊല്ലുക.
7. കന്നുകാലികൾക്ക് സൗജന്യ ഇൻഷ്വറൻസ് ഏർപ്പെടുത്തുക.
8. പഞ്ചായത്തിൽ അംഗീകൃത അറവുശാല സ്ഥാപിക്കുക.
9. ആവശ്യമുള്ള മാംസം ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കുക. ഗുണനിലവാരം ഉറപ്പുവരുത്തുക.
10. ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുക.

# മത്സ്യബന്ധനം

മത്സ്യകൃഷിക്കുള്ള സൗകര്യങ്ങൾ വളരെ കുറവാണ്. മുഖ്യകാരണം കുളങ്ങളുടെ അഭാവം തന്നെ. പഞ്ചായത്തിന്റെ വടക്കേ അതിര് പമ്പാനദിയാണെങ്കിലും മത്സ്യബന്ധനത്തിനുള്ള സൗകര്യങ്ങൾ ഇല്ല. ചില ആളുകൾ തോട്ടായുപയോഗിച്ച് മത്സ്യം പിടിക്കാറുണ്ട്. അത് സമീപവാസികളുടെ കെട്ടിടങ്ങൾക്ക് ഭീഷണിയായിരിക്കുന്നതിനാൽ നിരോധിക്കേണ്ടത് അത്യാവശ്യമാണ്. മാർക്കറ്റിൽ നിന്നുമുള്ള മത്സ്യം മാത്രമേ ഇവിടെ വിപണനം ചെയ്യുന്നുള്ളൂ.

## പ്രശ്നങ്ങൾ

1. മത്സ്യകൃഷിക്കു പറ്റിയ ജലാശയങ്ങളുടെ കുറവ്.
2. നിലവിലുള്ള ഏതാനും കുളങ്ങളുടെ അറ്റകുറ്റപ്പണികൾ നടക്കാതിരിക്കുന്നത്.
3. മത്സ്യകൃഷിക്കാവശ്യമായ പരിശീലനങ്ങളോ പ്രവർത്തനങ്ങളോ പഞ്ചായത്തിൽ നടക്കാറില്ല.

## സാദ്ധ്യതകൾ

1. പഞ്ചായത്തിൽ ഇപ്പോഴുള്ള കുളങ്ങൾ വലുതാക്കി ശുദ്ധജല മത്സ്യകൃഷി ചെയ്യാവുന്നതാണ്.
2. പമ്പാ ഇറിഗേഷൻ കനാലിന്റെ അടിഭാഗത്തുള്ള ചില ഭാഗങ്ങൾ കൃഷിക്കനുയോജ്യമല്ലാതായിട്ടുണ്ട്. വെള്ളക്കെട്ടുള്ള ഈ പ്രദേശം ശുദ്ധജലമത്സ്യകൃഷിക്കുവേണ്ട സംവിധാനം ചെയ്യാവുന്നതാണ്. ചില ഭാഗങ്ങൾ ചെമ്മീൻ കൃഷിക്കും യോജിച്ചതാണ്.

## പട്ടിക -1

### ചെറുകോൽ പഞ്ചായത്തിലെ വളർത്തുമൃഗങ്ങളെ സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | കാളനാടൻ | | കാളസങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശവർദ്ധനവ് | മറ്റുള്ളവ | വംശവർദ്ധനവ് | മറ്റുള്ളവ | കറവയുള്ളത് | കറവയില്ലാത്തത് | കറവയുള്ളത് | കറവയില്ലാത്തത് | കറവയുള്ളത് | കറവയില്ലാത്തത് | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| 1 | - | - | - | - | 6 | 5 | 84 | 117 | 3 | 2 | 4 | 117 | 95 | - |
| 2 | - | - | - | - | 2 | - | 198 | 124 | - | 3 | - | 96 | 132 | - |
| 3 | - | - | - | 6 | 6 | 8 | 172 | 98 | 2 | - | - | 66 | 152 | - |
| 4 | - | 4 | - | 4 | 2 | 4 | 110 | 138 | 3 | 2 | - | 118 | 184 | - |
| 5 | - | - | - | 3 | 5 | 5 | 84 | 78 | - | - | - | 79 | 155 | - |
| 6 | - | - | - | 2 | 7 | 3 | 165 | 74 | - | - | - | 132 | 81 | - |
| 7 | - | 3 | - | 4 | 12 | 9 | 124 | 118 | 5 | 2 | 4 | 118 | 150 | - |
| 8 | - | 2 | - | 3 | 9 | 6 | 167 | 128 | 4 | 2 | - | 85 | 127 | - |

## പട്ടിക - 3

ചെറുകോൽ പഞ്ചായത്തിലെ വളർത്തുമൃഗ / പക്ഷികൾക്കുണ്ടായിക്കൊണ്ടിരിക്കുന്ന രോഗവിവരങ്ങൾ സംബന്ധിച്ച വിവരണങ്ങൾ പട്ടിക മൂന്നായി ചുവടെ ചേർക്കുന്നു.

| നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | ദഹനസംബന്ധമായവ | 323 | 48 | 228 | - | 63 | 118 | 24 | - | - | |
| 2 | ശ്വാസകോശസംബന്ധം | 116 | 8 | 63 | - | 21 | 2116 | 73 | - | - | - |
| 3 | ഉപാപചയ സംബന്ധം | 68 | - | 31 | - | 18 | 111 | - | - | - | - |
| 4 | ത്വക്‌രോഗങ്ങൾ | 945 | 72 | 56 | - | 683 | - | - | - | | |
| 5 | ധാതുലവണങ്ങളുടെ അഭാവം | 288 | 12 | 118 | - | 13 | 215 | - | - | - | - |
| 6 | പരാദരോഗങ്ങൾ | 63 | 10 | 382 | - | 925 | 632 | 3 | 1 | - | - |
| 7 | പ്രത്യുൽപാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 520 | 28 | 683 | - | 62 | - | - | - | - | - |
| 8 | വന്ധ്യത | 487 | 11 | 211 | - | 28 | 294 | - | - | - | - |
| 9 | അകിടുവീക്കം | 618 | 16 | 92 | - | - | - | - | - | - | |
| 10 | മുടന്തൻ പനി | 893 | 21 | 63 | - | - | - | - | - | - | - |
| 11 | പകർച്ച വ്യാധികൾ | 84 | 5 | 116 | - | 92 | 1315 | 24 | - | - | - |

## പട്ടിക 2
### ചെറുകോൽ പഞ്ചായത്തിലെ വളർത്തുപക്ഷി സംഖ്യാനുപാതിക നിരക്ക് പട്ടിക രണ്ടായി ചുവടെ ചേർക്കുന്നു

| വാർഡ് നമ്പർ | പൂവൻ കോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 265 | 842 | 275 | - | - | 18 |
| 2 | 316 | 1125 | 473 | - | - | 9 |
| 3 | 347 | 1432 | 821 | - | - | |
| 4 | 298 | 1266 | 732 | - | 14 | 27 |
| 5 | 413 | 1572 | 669 | 4 | 19 | 4 |
| 6 | 294 | 1262 | 314 | - | - | - |
| 7 | 334 | 1625 | 1119 | 2 | 16 | 13 |
| 8 | 384 | 1543 | 932 | 2 | 28 | 8 |

## പട്ടിക 4
### ചെറുകോൽ പഞ്ചായത്തിലെ വളർത്തുമൃഗങ്ങൾക്കുണ്ടായിക്കൊണ്ടിരിക്കുന്ന വിഷബാധയും അവയ്ക്കെതിരെ നൽകിക്കൊണ്ടിരിക്കുന്ന ചികിത്സയും പ്രതിരോധവും സംബന്ധിച്ച വിവരണം പട്ടിക 4 ആയി ചുവടെ ചേർക്കുന്നു.

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധ കുത്തിവെയ്പ് നൽകിയവയുടെ എണ്ണം | - | - | | 786 | - | |
| കുടിയേറ്റത്തിനു ശേഷം കുത്തിവെയ്പു നടത്തിയവയുടെ എണ്ണം | 8 | 1 | 11 | 5 | - | - |

## പട്ടിക 5
### പഞ്ചായത്തിലെ മൃഗങ്ങൾക്കു നൽകികൊണ്ടിരിക്കുന്ന കൃത്രിമ ബീജസങ്കലനവിവരങ്ങൾ പട്ടിക 5 ആയി ചുവടെ ചേർക്കുന്നു.

| വളർത്തുമൃഗം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2 ലധികം തവണ ബീജ സങ്കലനം വേണ്ടി വന്നവ. |
|---|---|---|---|
| പശു | 1231 | 1086 | 532 |
| കിടാരി | 842 | 548 | 311 |
| എരുമ | 18 | 10 | 6 |

"കേന്ദ്രത്തിലിരിക്കുന്ന ഇരുപതു പേർക്ക് നടപ്പിലാക്കാവുന്ന ഒന്നല്ല യഥാർത്ഥ ജനാധിപത്യം; ഓരോ ഗ്രാമത്തിലെയും ജനങ്ങൾ താഴെ നിന്ന് നടപ്പിലാക്കേണ്ടതാണ് അത്."

ഗാന്ധിജി

"ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നതുകൊണ്ട് മാത്രമായില്ല; ജനങ്ങളോടൊപ്പം പ്രവർത്തിക്കണം; അവർക്കു വേണ്ടി പ്രവർത്തിക്കുന്നുവെന്ന ബോധം അവരിലുണ്ടാകണം. ജനങ്ങൾ ഉത്തരവാദിത്വം അവരുടെ കൈകളിലെടുത്താൽ മാത്രമേ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയൂ."

നെഹ്റു

"ഗ്രാമീണ ഭാരതത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങളിൽ പകുതിയിലധികവും, സ്ത്രീകളാണ് നടത്തുന്നത്. കുടുംബത്തിന്റെ ക്ഷേമം, നമ്മുടെ മഹത്തായ സാംസ്കാരിക പാരമ്പര്യം, ധാർമ്മികമൂല്യങ്ങൾ എന്നിവയുടെയെല്ലാം സ്രോതസ്സും സൂക്ഷിപ്പുകാരിയും സ്ത്രീയാണ്. അവരെ സംവരണവും മറ്റും നൽകി നാം ശക്തിപ്പെടുത്തേണ്ടതല്ലേ?"

രാജീവ് ഗാന്ധി

# 5 - 2A

# വ്യവസായം

വ്യാവസായിക വളർച്ചയുടെ മുമ്പിൽ ചോദ്യചിഹ്നമായി നിൽക്കുകയാണ് നമ്മുടെ വ്യവസായ രംഗം. കാർഷികവൃത്തിയിൽ കഴിയുന്ന ജനതതി അധിവസിക്കുന്ന പ്രദേശം വ്യാവസായികരംഗത്ത് കാലെടുത്തുവെക്കേണ്ടിയിരിക്കുന്നു. വ്യാവസായിക മുന്നേറ്റത്തിന്റെ പാതയിൽ നമ്മുടെ സംഭാവന ഒന്നുമില്ലാത്ത സ്ഥിതിവിശേഷമാണ്. വ്യാവസായിക രംഗത്തേക്കു കടന്നുവരാനുള്ള വ്യഗ്രതക്കുറവും വിദഗ്ധ ഉപദേശം ലഭിക്കാൻ കഴിയാത്തതും ഈ രംഗത്ത് പ്രധാന കുറവു തന്നെ. സ്വകാര്യമേഖലയിൽ ഇടത്തരം വ്യവസായങ്ങൾക്ക് അടുത്ത കാലത്തായി നമ്മുടെ ഗ്രാമത്തിൽ തുടക്കം കുറിച്ചിട്ടുണ്ട് എന്നുള്ളത് പ്രതീക്ഷ നൽകുന്നു. സ്വയം തൊഴിൽ കണ്ടെത്തുന്ന നമ്മുടെ യുവാക്കൾക്ക് അതിനുള്ള അവസരവും സാഹചര്യവും ഒരുക്കേണ്ടതുണ്ട്. മറ്റെല്ലാ കൃഷികളെയും തള്ളിമാറ്റി റബ്ബർ ആധിപത്യം ഉറപ്പിക്കുന്ന ഇവിടെ റബർ അധിഷ്ഠിത വ്യവസായങ്ങൾ നാമമാത്രമാണ്. കോടികളുടെ നിക്ഷേപമുള്ള പൊതുമേഖലാ ബാങ്കുകൾ യുവാക്കളുടെ വ്യവസായ സങ്കൽപ്പങ്ങൾക്ക് സഹായകമായ നിലപാടു കൈക്കൊള്ളേണ്ടിയിരിക്കുന്നു. സർക്കാരിന്റെയും സാമ്പത്തിക സ്ഥാപനങ്ങളുടെയും സഹായം വ്യാവസായിക വളർച്ചക്ക് അനിവാര്യം തന്നെ. എങ്കിൽ മാത്രമേ വ്യാവസായിക സംരംഭകരെ ഈ രംഗത്തേക്ക് ആകർഷിക്കുവാൻ കഴികയുള്ളൂ. നിലവിലുള്ള വ്യവസായങ്ങളുടെ വിവരം പട്ടിക 1 ലും പഞ്ചായത്തിൽ പുതുതായി ആരംഭിക്കുന്ന വ്യവസായങ്ങളുടെ വിവരം പട്ടിക II ലും ചേർത്തിരിയ്ക്കുന്നു.

### നിലവിലുള്ള വ്യവസായങ്ങൾ

| പേര് | എണ്ണം | തൊഴിലാളികളുടെ എണ്ണം | |
|---|---|---|---|
| | | പുരുഷൻ | സ്ത്രീ |
| തടിമിൽ | 2 | 6 | |
| എൻജിനീയറിംഗ് | 2 | 6 | |
| ഫ്ലവർമിൽ | 3 | 6 | |
| പ്രിന്റിംഗ് | 1 | 2 | |
| പർപ്പടകം | 1 | 4 | |
| ഫർണിച്ചർ നിർമ്മാണം | 5 | 15 | |
| പോളിത്തീൻ പെപ്പു നിർമ്മാണം | 3 | 5 | 15 |
| പോൾട്രീ ഫാം | 1 | 5 | |
| റബ്ബർ നഴ്സറി | 6 | 15 | 3 |
| സോഡാ നിർമ്മാണം | 2 | 4 | |

## സഹകരണമേഖലയിൽ ആരംഭിക്കാവുന്ന വ്യവസായങ്ങൾ

| വിഭാഗം | നമ്പർ | ഇനം |
|---|---|---|
| വനിത സഹകരണ സംഘങ്ങൾ | 1 | റബ്ബർ ബാന്റു നിർമ്മാണം |
| | 2 | പോളിത്തീൻ ബാഗു നിർമ്മാണം |
| | 3 | കറി പൗഡർ, അച്ചാർ |
| | 4 | തയ്യൽ, ഗാർമെന്റ് |
| | 5 | പേപ്പർ, കവർ നിർമ്മാണം |
| ജനറൽ | 1 | ഹോളോബ്രിക്സ് നിർമ്മാണം (സിമന്റ് കൊണ്ടുള്ള വാതിൽ, ജനൽ നിർമ്മാണം) |
| | 2 | പോൾട്രി ഫാം |
| | 3 | കന്നുകാലി ഫാം |
| | 4 | തേനീച്ച വളർത്തൽ |
| | 5 | ചുടുകട്ട നിർമ്മാണം |
| | 6 | റബ്ബർ പാതലിംഗ് |
| | 7 | സ്വിച്ച് ബോർഡ് നിർമ്മാണം |
| പട്ടികജാതിവർഗ്ഗ സഹകരണം | 1 | പായ്നെയ്ത്ത് മുറം, കുട്ട, പരമ്പ് നിർമ്മാണം ചൂരൽ ഉൽപ്പന്നങ്ങൾ |



# 5-2B

# ഗതാഗതം

പമ്പാ നദിയുടെ പാർശ്വങ്ങളിൽ തൊട്ടുരുമ്മി സ്ഥിതി ചെയ്യുന്ന ചെറുകോൽ ഗ്രാമപഞ്ചായത്ത് ഗതാഗത യോഗ്യങ്ങളായ റോഡുകളുടെ കാര്യത്തിൽ വളരെ പിന്നിലല്ല. എന്നാൽ റോഡുകളെക്കാൾ അധികമായി സഞ്ചാരത്തിനുപയോഗിക്കുന്ന ഇടവഴികളും ഈപഞ്ചായത്തിൽ ദൃശ്യമാണ്. ഉദ്ദേശം 35 1/2 K.M. P. W.D. റോഡുകളും 33.120 k.m പഞ്ചായത്ത് റോഡുകളും ഉണ്ടെങ്കിലും 1:KM ദൂരം മാത്രമേ ബസ് ഗതാഗതത്തിന് ഉപയോഗിക്കുന്നുള്ളു. ഇപ്പോഴും ബസ് ഗതാഗതം ലഭ്യമാക്കുന്നതിനു 5 KM ദൂരം കാൽനടയായി സഞ്ചരിക്കേണ്ട സ്ഥിതി വിശേഷം ഈ പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും നിലവിലുണ്ട്.

ചെറുകോൽ പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട റോഡാണ് മേലുകര - റാന്നി P.W.D റോഡ്. ആയിക്കൽ മുതൽ ചേത്തയ്ക്കൽ പടി വരെയുള്ള ഉദ്ദേശം 11 കി. മീ. ദൂരം ഈ പഞ്ചായത്തിൽ ഉൾപ്പെടുന്നു. പഞ്ചായത്തിലെ ജനങ്ങൾ മുഖ്യമായും ബസ് സർവ്വീസിനായി ആശ്രയിക്കുന്ന ഈ റോഡ് ശബരിമല വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 10 മീറ്റർ വീതിയിൽ ടാറിംഗ് ഉൾപ്പെടെയുള്ള പുനരുദ്ധാരണ പണികൾ പൂർത്തിയാക്കിയെങ്കിലും ഈ റോഡിൻെറ പഞ്ചായത്തിൽ ഉൾപ്പെട്ട പല ഭാഗങ്ങളിലും വീതി കൂട്ടിയിട്ടില്ലാത്തതിനാൽ അപകട സാദ്ധ്യതയേറെയുണ്ട്.

പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് പഞ്ചായത്തിലൂടെ കടന്നു പോകുന്ന ബസ് സർവ്വീസുള്ള റോഡുകൾ ഇവയാണ്.

1. കോഴഞ്ചേരി - റാന്നി (വഴി) മേലുകര- കീക്കൊഴൂർ.
2. കോഴഞ്ചേരി-പത്തനംതിട്ട (വഴി) വാഴക്കുന്നം- കാട്ടൂർപേട്ട- കടമ്മിനിട്ട.
3. റാന്നി- പത്തനംതിട്ട (വഴി) പുതമൺ- പറങ്കിമാംതടം- പള്ളിയത്തുപടി- കടമ്മിനിട്ട.
4. റാന്നി- പത്തനംതിട്ട (വഴി) പുതമൺ- അന്ത്യാളംകാവ് - കടമ്മിനിട്ട

## പ്രാദേശിക ഗതാഗത സൗകര്യങ്ങൾ

പഞ്ചായത്തിലെ പ്രധാനഗതാഗത ഉപാധികളായ കാർ, ഓട്ടോറിക്ഷാ, ജീപ്പ്, എന്നീ വാഹനങ്ങൾക്ക് ഈ പഞ്ചായത്തിൽ പ്രത്യേക പാർക്കിംഗ് സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ഇഷ്ടാനുസരണം റോഡു സൈഡുകളിൽ പാർക്കു ചെയ്യുന്നതിനാൽ പ്രധാന വഴികളിൽകൂടി കടന്നു വരുന്ന വാഹനങ്ങൾക്കും കാൽനടയാത്രക്കാർക്കും നന്നേ ബുദ്ധിമുട്ടു അനുഭവപ്പെടുന്നു. ഇത് പരിഹരിക്കുന്നതിനായി അടിയന്തിര നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ഇപ്പോൾ പാർക്കു ചെയ്യുന്ന പ്രധാന

ജംഗ്ഷനുകളിൽ നിന്നും 50 മീറ്റർ മാറ്റി വാഹനങ്ങൾക്കു പാർക്കിംഗ് സൗകര്യങ്ങൾ ക്രമീകരിക്കേണ്ടതാണ്. വാഴക്കുന്നം ജംഗ്ഷനിൽ പാർക്കുചെയ്യുന്ന വാഹനങ്ങൾ അക്വഡേറ്റ് റോഡിലും, പുതമൺ ജംഗ്ഷനിൽ പാർക്കു ചെയ്യുന്ന വാഹനങ്ങൾ, ആറ്റുകടവു റോഡിലും, കീക്കൊഴൂർ ജംഗ്ഷനിൽ പാർക്ക് ചെയ്യുന്ന വാഹനങ്ങൾ പഞ്ചായത്ത് വെയിറ്റിംഗ് ഷെഡ് ഭാഗത്ത് നിന്നും 50 മീറ്റർ വടക്ക് മാറ്റി റോഡിൻെറ ഒരു സൈഡിലായി പാർക്ക് ചെയ്യേണ്ടതാണ്. ഇതു ക്രമീകരിക്കുന്നതിന് അധികൃതരിൽ നിന്നും നടപടികൾ ഉണ്ടാകേണ്ടതാണ്.

## ചരക്കു ഗതാഗതം

ചരക്കു ഗതാഗതത്തിന് ഈ പഞ്ചായത്തിലെ പൊതുജനങ്ങൾ ഈ ദശകത്തിൻെറ ആരംഭത്തിൽ പമ്പാ നദിയിൽ കൂടിയുള്ള ചങ്ങാടങ്ങളെയാണ് ആശ്രയിച്ചിരുന്നത്. എന്നാലിപ്പോൾ പ്രധാനമായി ആശ്രയിക്കുന്നത് ലോറി, ടെമ്പോ, ജീപ്പ്, എന്നിവയാണ്. ഈ പഞ്ചായത്തിലെ പ്രധാന ജംഗ്ഷനുകളായ വാഴക്കുന്നം, കീക്കൊഴൂർ- വയലത്തല എന്നീ സ്ഥലങ്ങളിലാണ് ഈ വാഹനങ്ങൾ ലഭിക്കുന്നത്.

പ്രശ്നങ്ങൾ

1. റോഡുകളുടെ വശങ്ങളിൽ ഓട ഇല്ലാത്തതിനാൽ മഴക്കാലത്ത് ഗതാഗതം തടസ്സപ്പെടുന്നു. റോഡുകൾ താറുമാറാകുന്നു.
2. റോഡിലേയ്ക്കിറങ്ങിനിൽക്കുന്ന ഇലക്ട്രിസിറ്റി, ടെലിഫോൺ പോസ്റ്റുകൾ അപകട സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നു.
3. സ്വകാര്യ വ്യക്തികൾ ഭവന നിർമ്മാണ സാമഗ്രികൾ റോഡിൽ ഇറക്കിയിടുന്നതുമൂലംഗതാഗത തടസ്സവും അപകട സാദ്ധ്യതയും ഉണ്ടാകുന്നു.
4. വീതി കുറഞ്ഞ വളവുകൾ അപകടങ്ങളുണ്ടാക്കുന്നു.
5. കാലാകാലങ്ങളിൽ റോഡിൻെറ അറ്റകുറ്റപ്പണികൾ ചെയ്യാതിരിക്കുന്നു.
6. കലുങ്കുകളുടെ ദൗർലഭ്യം.
7. റോഡിൻെറ അതിരു ഭിത്തികൾ കെട്ടാത്തതുമൂലം അപകട സാദ്ധ്യത.
8. സ്വകാര്യ റോഡുകളിൽ നിന്ന് റോഡുകളിലേക്കൊലിച്ചിറങ്ങുന്ന പാറക്കഷണങ്ങളും മണ്ണും.
9. ചപ്പുചവറുകളും അവശിഷ്ടങ്ങളും, നിക്ഷേപിക്കുന്നതുമൂലം
10. സ്വകാര്യ റോഡുകളുടെ മുഖപ്പ്- വേണ്ട രീതിയിൽ ക്രമീകരിക്കാത്തത് റോഡിൽ അപകടങ്ങളും നീർക്കെട്ടുകളും നിർച്ചാലുകളും ഉണ്ടാക്കുന്നു.
11. പൊതു റോഡുകളിൽനിന്നും 3 മീറ്റർ വീതി വിട്ടു നിർമ്മാണ പ്രവർത്തനങ്ങൾ നടത്തണമെന്നുള്ളത് ലംഘിക്കപ്പെടുന്നു. ഇത് ഗൗരവമായി കാണണം.

സാദ്ധ്യതകൾ

പൊതുജനപങ്കാളിത്തത്തോടുകൂടി തെരെഞ്ഞെടുത്ത റോഡുകളുടെ അറ്റകുറ്റ പണികൾ നടത്തുക. എല്ലാ റോഡുകളിലും കലുങ്കും, ഓടയും നിർമ്മിച്ച് ശരിയായ രീതിയിൽ വെള്ളം ഒഴുകിപോകുന്നതിന് അനുവദിക്കുക. റോഡ് സംരക്ഷിക്കാൻ സമിതികൾ രൂപവൽക്കരിക്കുക.

പഞ്ചായത്തിലെ P.W.D. റോഡുകൾ

പട്ടിക-1

| ക്രമനമ്പർ | റോഡുകളുടെ പേര് | നീളം മീറ്റർ |
|---|---|---|
| 1. | മേലുകര- റാന്നി ( ചേത്തയ്ക്കൽപടി മുതൽ ആയിക്കൽ - വരെ | 11000.M. |
| 2. | വാഴക്കുന്നം- കടമ്മനിട്ട (വാഴക്കുന്നം മുതൽ തൂളിക്കുളം വരെ) | 2250 M. |
| 3. | കച്ചേരിപ്പടി- കണമുക്ക് | 2250 M. |
| 4. | കച്ചേരിപ്പടി- ചെറുകോൽപ്പുഴ | 1000.M. |
| 5. | വാഴക്കുന്നം - ചെറുകോൽ പുഴക്കടവ് | 500 M. |
| 6. | പുതമൺ - കടമ്മനിട്ട ( പുതമൺ മുതൽ അന്ത്യാളൻകാവ് വരെ) | 3000 M. |
| 7. | പുതമൺ - കുട്ടത്തോട് | 3750 M. |
| 8. | പറങ്കിമാംതടം - പള്ളിയത്തുപടി | 1500 M. |
| 9. | ചാക്കപ്പാലം - കടമ്മിനിട്ട (ചാക്കപ്പാലം മുതൽ കുട്ടത്തോട് വരെ) | 3500 M. |
| 10. | ഉതിമൂട് - പേരുച്ചാൽ (പേരുച്ചാൽ മുതൽ പന്തളം മുക്ക് വരെ) | 4250 M. |
| 11. | പുതിയത്തുപടി - നാരങ്ങാനം (പുതിയത്തു പടി മുതൽ ചണ്ണമാങ്കൽ വരെ, ടാറിംഗ് നടത്തിയിട്ടില്ല) | 2500 M. |
| | ആകെ റോഡിൻെറ നീളം | 35,500 M. |

റോഡു സംരക്ഷണനിയമങ്ങൾ കർശനമായി നടപ്പാക്കുക.

റീടാറിംഗ് നടത്തേണ്ട റോഡുകൾ

1. ഉതിമൂട് - പേരുച്ചാൽ റോഡ് (P.W.D.)
2. ചാക്കപ്പാലം - കടമ്മിനിട്ട റോഡ് (P.W.D. ജില്ലാ പഞ്ചായത്ത്)
3. പറങ്കിമാംതടം - പള്ളിയത്ത് പടി (P.W.D.)
4. പുതമൺ - കുട്ടത്തോട് (P.W.D.)
5. പന്തളംമുക്ക് - പാലച്ചുവട് ( Block road)
6. ചാക്കപ്പാലം പടി റോഡിൽ (Panchayat Road) - പോസ്റ്റാഫീസ് - കൊച്ചുകാലപ്പടിവരെ
7. കച്ചേരിപ്പടി - ചെറുകോൽപ്പുഴ മേലുകരറോഡ് (P.W.D.)
8. വാഴക്കുന്നം - പുത്തൻപള്ളി പ്പടി റോഡ് (P.W.D.)
9. കച്ചേരിപ്പടി - ആലുങ്കൽപടിറോഡ് (P.W.D.)

ചെറുകോൽ ഗ്രാമപഞ്ചായത്ത് റോഡുകൾ

പട്ടിക 2

| ക്രമനമ്പർ | റോഡിൻെറ പേര് | നീളം, മീറ്റർ. |
|---|---|---|
| 1. | മുളമൂട് - സംഘംപടി റോഡ്. | 1870 M |
| 2. | കുടിലുമുക്ക് - സംഘം പടി റോഡ് | 975 " |
| 3. | പന്തളംമുക്ക് - കുടിലുമുക്ക് റോഡ്. | 1350 " |
| 4. | കളിയാനിക്കൽ - തൂളിക്കുളം റോഡ്. | 1350 " |
| 5. | തോട്ടുങ്കൽ പടി - പെരുമേത്തുപടി | 960 " |
| 6. | കാവുങ്കൽ പടി- കാറ്റാടിക്കൽ പടി | 445 " |
| 7. | പാലനിൽക്കുന്നതിപ്പടി - നാരങ്ങാനം റോഡ്. | 1138 " |
| 8. | മുഹമ്മദാലിറോഡ് | |
| 9. | ചമതയ്ക്കൽ - മേക്കൊഴൂർ (കളിയ്ക്കപടി) | 850 " |
| 10. | ചാക്കപ്പാലം - പോസ്റ്റ് ഓഫീസ് പടി റോഡ് | 1350" |
| 11. | കൈതക്കുഴിപ്പടി - നെല്ലിക്കാല റോഡ് | 600 " |
| 12. | കാവുങ്കൽ പടി -പറങ്കിമാംതടം | 950" |
| 13. | നെഹ്റുസ്മാരകറോഡ് ( താന്നിമൂട് ഹരിജൻകോളനി) | 1515 " |
| 14. | പാരൂർപ്പടി- ആലുങ്കൽ (ചെറുകോൽ വൈ.എം.സി.എ) | 1890 " |
| 15. | ആലുങ്കൽപടി- മടുക്കക്കുന്ന് നാരങ്ങാനം റോഡ്. | 675 " |
| 16. | തെക്കേയ്യത്തുപടി - ആലുങ്കൽ പടി റോഡ് | 932 " |
| 17. | കുഴിമണ്ണിൽപടി (നാരങ്ങാനം) തൂളികുളം റോഡ് | 1950" |
| 18. | ശാസ്ത്രി മെമ്മോറിയൽ റോഡ് (പുള്ളിക്കാട്-കലപ്പക്കോട്) | 1260" |
| 19. | മന്നത്തുപ്പടി - കാട്ടൂർപ്പള്ളി റോഡ് | 1375" |
| 20. | വേട്ടമല മങ്കുത്തിൽ ഓമനാലിപടി റോഡ് | 1200" |
| 21. | പള്ളിയേത്ത്പടി - കൊച്ചേത്ത്പടി | 450" |
| 22. | പ്ലാന്തോട്ടത്തിൽ - അന്ത്യാളൻകാവ് റോഡ് | 1915" |
| 23. | ജമാലിയാ കൊച്ചുറോഡ്- കാട്ടൂർപേട്ട | 640" |
| 24. | കച്ചേരിപടി- തേവർകടവ് റോഡ് | 698" |
| 25. | മുതുമരത്തിൽപ്പടി - തിരുമുറ്റം കളരി | 980" |
| 26. | അന്ത്യാളൻകാവ് - വാളാർകുഴി കൊച്ചേത്ത്പടി | 1385" |
| 27. | കാട്ടൂർ ഹൈസ്കൂൾ കടവ് റോഡ് | 150" |
| 28. | ചണ്ണമാങ്കൽ- മടുക്കക്കുന്ന് റോഡ് | 505" |
| 29. | പുള്ളിക്കാട്ടിൽ - വീരമല - ചമതയ്ക്കൽ റോഡ് | 1750" |
| 30. | വീരമല - തലക്കോട്ട്പടി 720" | |
| 31. | പതിയാൻപടി - കല്ലനാനി റോഡ് | 500" |
| 32. | തേയിങ്കൽ പടി - കൂനംതടം റോഡ് | 1490" |
| 33. | വലിയകാലാപടി - കൊന്നയ്ക്കൽമല റോഡ് | 720" |
| | ആകെ റോഡുകളുടെ നീളം | 35, 220. M. |

"കിളിയാനിക്കൽ - തളിക്കുളം റോഡ് (P.W.D.) ഏറ്റെടുക്കുന്നതിന് നടപടിയായിട്ടുണ്ട്"

PWD റോഡുകൾക്ക് കോൺക്രീറ്റ് ഓടകൾ, ആവശ്യമായ സംരക്ഷണ ഭിത്തികൾ ഡിവൈഡിംഗ് വോൾ, കലുങ്കുകൾ എന്നിവ നിർമ്മിച്ച് സംരക്ഷിക്കേണ്ടതാണ്.

നെല്ലിച്ചുവട്- തേവർകാട്- മുതുമരത്തിൽ കാലാപടി റോഡ് പഞ്ചായത്ത് ഏറ്റെടുത്തിട്ടുണ്ട്.

പഞ്ചായത്ത് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകൾ അടിയന്തിരമായി പുനർനിർമ്മാണം നടത്തി ആവശ്യമായിട്ടുള്ള സ്ഥലത്ത് പാലം, കലുങ്ക്, റോഡിനു വീതികൂട്ടൽ, സംരക്ഷണഭിത്തി, കയറ്റം കുറയ്ക്കൽ, സ്ലാബ് ഇടേണ്ട ഭാഗങ്ങളിൽ ഇട്ട്, കോൺക്രീററ് ചെയ്യേണ്ട ഭാഗങ്ങളിൽ ചെയ്ത് അടിയന്തിരമായി ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കി തീർക്കേണ്ടതാണ്.

## പാലം

ചെറുകോൽ - അയിരൂർ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പേരൂർച്ചാൽ പാലം അടിയന്തിരമായി നിർമ്മിക്കേണ്ടതാണ്. ചാക്കപാലം-കടമ്മിനിട്ട P.W.D റോഡിലുള്ള P. I .P. കനാലിനു കുറുകെയുള്ള പാലം നിർമ്മിക്കുന്നതിന് ലോക്കൽ ഏറിയ ഡവലപ്പ്മെൻറ് ഫണ്ടിൽ നിന്നും മുൻ എം. പി. ശ്രീ പാലാ കെ. എം. മാത്യൂ 5 ലക്ഷം രൂപ അനുവദിച്ചതനുസരിച്ച് പാലം പണിയുന്നതിനുള്ള നടപടി പൂർത്തിയാക്കി പണി ഉടൻ ആരംഭിക്കണം. ഈററപ്ലാക്കൽപടിക്കൽ പെരുന്തോടിനു കുറുകെ നടപ്പാലം നിർമ്മിക്കണം. കിളിയാനിക്കൽ തോടിനു കുറുകെ നെടിയപറമ്പിൽ പടിക്കൽ നടപ്പാലം നിർമ്മിക്കുക. കാരാംപറമ്പിൽപടിക്കലെ നടപ്പാലം വീതി കൂട്ടുക. മനാട്ടുപടിക്കൽ നിന്നും കിളിയാനിക്കൽ തോടിനു കുറുകെ നടപ്പാലം നിർമ്മിക്കുക.- വാളാറുകുഴി പാലം വീതികൂട്ടുക. ചെറുകോൽ പുഴ കടത്തുകടവിനു സമീപമുള്ള പാലം പുനർനിർമ്മാണം.

**നിർമ്മാണപ്രവർത്തനങ്ങൾ നടത്തേണ്ട മറ്റു റോഡുകൾ.**

1. പുത്തേത്തുപടി ഏല റോഡ്
2. എൻ. എം. യൂ.പി. സ്കൂൾ - കൂനംതടം റോഡ്
3. ഇടത്തുരുത്തിപടി - തടം പഴഞ്ഞി റോഡ്
4. കടമാൻപതാലിൽ പടി - പടപ്പയ്ക്കൽ പടി റോഡ്
5. ചെറുവള്ളിക്കാവ് ദേവീ ക്ഷേത്രം - കടവ് റോഡ്
6. കൂനംതടം - സംഘം ഭാഗം റോഡ്
7. പൊട്ടക്കുളത്ത് പടി റോഡ് - മരുത്തു പടി റോഡ്
8. അക്വഡേറ്റ് ചരിവു കാലപ്പടി
9. നെല്ലിച്ചുവട് - തേവർക്കാട് റോഡ്
10. ഗ്രാമോദ്ധാരണം റോഡ്
11. കൊച്ചുകാലപ്പടി - പട്ടികജാതി കോളനി റോഡ്
12. കടയ്ക്കേത്തു പടി - പൂവത്ത്ങ്കൽ പടി റോഡ്
13. കുടിലു മുക്ക് പാല പൊയ്കയിൽ റോഡ്
14. പള്ളിപ്പടി - കൊച്ചേത്തുപടി റോഡിൽ ടാർ ചെയ്തതിൻെറ ബാക്കിഭാഗം
15. പുളളിക്കാട്ടിൽപടി - പണിക്കൻറത്തു പടി - മഞ്ഞപ്ര
16. കൊച്ചേത്തു പടി - പാമ്പയ്ക്കൽ പടി റോഡ്
17. മഞ്ഞപ്ര കടമ്മാൻപതാലിൽ പടി റോഡ്
18. പറങ്കിമാംതടം - പള്ളിപ്പടി - സ്ലീബാ പള്ളി-കുരിശടി റോഡ്
19. തോട്ടുങ്കൽപടി - ഇട്ടിത്താനത്തു പടി റോഡ്

19 A, ഉള്ളമത്രയിൽ പടി - ചക്കുപാററോഡ്

20. മഠത്തിലേത്തു പടി - ചക്കുപാറ റോഡ്

20 A, മുട്ടാട്ടുപടി - താനത്തുകടവ് റോഡ്

21. മന്ദത്തുപടി - അരക്കനാകുഴി റോഡ്
22. മൂലേത്രയിൽ പടി - മാടപ്പള്ളിൽപടി റോഡ്
23. കാരമലപ്പടി - കൊല്ലമ്പറമ്പിൽ പടി റോഡ്.
24. കണ്ണങ്ങാട്ട് കിഴക്കേപടി മുതൽ വടക്കേത്രപ്പടി വരെ ഉദ്ദേശം 500 മീറ്റർ
25. വലിയതാഴെപടി - മാങ്ങാത്ര ആശാൻ റോഡ്
26. കാലായിൽ പടി - കാട്ടൂർ ഏലാ റോഡ്
27. വഞ്ചിക പടി - അമ്പലം പടി റോഡ്
28. കോടയാട്ടു തറ - ആലുങ്കൽ റോഡ്
29. മന്ദത്തു പടി പതാലിപ്പാറ വരെ

30. മുതുമരത്തിൽ പടി - മടുക്കപ്പടി റോഡ്.

31. വട്ടക്കുന്നിൽ പടി - വട്ടൻ കല്ലുപുരപ്പടി റോഡ്

32. വട്ടപ്പുരയിടത്തിൽ പടി - കിഴക്കേതിൽ പടി റോഡ്

തോടുകൾ നടപ്പാതയായിട്ടുള്ളത് സ്റ്റെപ്പുകൾ കെട്ടി സഞ്ചാരയോഗ്യമാക്കേണ്ടത്

1. വലിയതാനുവേലിൽ കടവിൽ സ്റ്റെപ്പ്
2 മേപ്രത്ത് പടി കനാൽ തോട്ടിൽ സ്റ്റെപ്പ്
3. വെട്ടിക്കാട് പടി - വയൽതോട് സ്റ്റെപ്പ്
4 കൂനംതടം - വിരുത്തിക്കാട്ടിൽ പടി തോട് സ്റ്റെപ്പ്
5. ഉളക്കപ്പടി മാങ്കൽ - വീരമല തോട്ടിൽ സ്റ്റെപ്പ്
6. പുഞ്ചമണ്ണിൽ പടി - കരിമ്പിനേത്ത് പടി സ്റ്റെപ്പ്
7. മഠത്തിൽ മേമുറി തോട്ടിൽസ്റ്റെപ്പ്
8 മേപ്രത്ത് പടി - പരിത്തിക്കൽ പടി തോട്ടിൽ സ്റ്റെപ്പ്
9 ശ്രീരാമ വിലാസം പട്ടികജാതി കോളനിയിൽ സ്റ്റെപ്പ് (കിഴക്കേൽ തോട്)
10. ശ്രീരാമ വിലാസം കോളനി - മണ്ണിൻ മേമുറി ഭാഗം (പട്ടികജാതി കോളനി)
11. അട്ടത്തറപ്പടി - പോസ്റ്റാഫീസ് പടി തോട്ടിൽ സ്റ്റെപ്പ്
12. കൊച്ചു വെള്ളാറേത്തു പടി - പോസ്റ്റാഫീസ് പടി തോട്ടിൽ സ്റ്റെപ്പ്
13. കൊച്ചുവെള്ളാറേത്ത് പടി - കോനാട്ടു പടി
14. ചാരുംകുഴിപ്പടി - അക്വഡേറ്റ് തോട്
15 ചാരംകുഴിപ്പടി - കനാൽതോട് സ്റ്റെപ്പ്
16. കുഴിക്കൽ പടി - ഓമനാലിൽ പടി തോട്
17. വൈക്കത്തു പടി - പമ്പാംകുഴിപ്പടി തോട് സ്റ്റെപ്പ് (പമ്പാംകുഴിപ്പടി- വീരമല എന്നീ ഭാഗങ്ങളിൽ Foot Bridge)
18. C.M.S. തടം പുരയിടത്തിൽ (ബഥേൽ ഭാഗം) തോട് സ്റ്റെപ്പ്
19. (കല്ലോടിക്കുഴിപടി) പുരയിടത്തിൽ പടി C.M.S. തടം തോട്
20 കല്ലോടിൽ പടി - പുരയിടത്തിൽ തടം.
21. പുരയിടത്തിൽ പടി - പേരങ്ങാട്ടു പടി തോട്
22. തെങ്ങും തടം - ചരിവുകാലാപ്പടി തോട്ടിൽ സ്റ്റെപ്പ് നിർമ്മിച്ച് - Foot Bridge)
23. ചേരാവള്ളിപ്പടി - കരിമ്പുഴത്തിൽ പടി തോട്ടിൽ സ്റ്റെപ്പ്.
24. പുന്നക്കാലപ്പടി - മുതുമരത്തിൽ പടി തോട്ടിൽ സ്റ്റെപ്പ്.
25. വേട്ടമല റോഡിൽ - വലിയകണ്ടത്തിൽ പടി മുതൽ പള്ളിവരെ.
26. ഒടിക്കണ്ടത്തിൽ പടി - മന്ദിരം പടി റോഡിൽ കാരം വേലി ഭാഗം റോഡിൽ നിന്നും അരികിനേത്ത് തോട് ഭാഗത്തേക്ക് സ്റ്റെപ്പ്.
27. ശാസ്ത്രി മെമ്മോറിയൽ റോഡിൽ ചരിവ് പറമ്പ് ഭാഗത്ത് നിന്നും ഇരു സൈഡിലേക്കും സ്റ്റെപ്പ്.
28. മട്ടയ്ക്കൽ പടി - ചരിവുകാല -ചക്കാലകുഴിപ്പടി സ്റ്റെപ്പ്.
29. കുളങ്ങര പടി - വേട്ടമലതോട്ടിൽ സ്റ്റെപ്പ്.
30. പുള്ളിക്കാട് - മഞ്ഞപ്ര റോഡിൽ ഇലവക്കാട്ടു പടിയ്ക്കൽ നിന്നു ചെമ്മക്കാട്ട് പടിക്കലേയ്ക്ക് സ്റ്റെപ്പ്.
31. ശാസ്ത്രീ മെമ്മോറിയൽ റോഡിൽ മണ്ണുരേത്തു പടിയ്ക്കൽ നിന്നു ചെമ്മരിക്കാട്ട് പടിക്കലേയ്ക്കു സ്റ്റെപ്പ്.
32. ചമതയ്ക്കൽ കളിയിക്കൽപ്പടി റോഡിൽ തെങ്ങും മണ്ണിൽ ഭാഗത്ത് മുകളിലേയ്ക്കും, താഴേയ്ക്കും സ്റ്റെപ്പ്.
33. ചമതയ്ക്കൽ - കളിയിക്കൽപടി റോഡിൽ സ്കൂൾ കോർട്ടിലേയ്ക്ക് സ്റ്റെപ്പ്
34. ചമതയ്ക്കൽ - കളിയിക്കൽ പടി റോഡിൽ ചക്കാലകുഴിഭാഗത്തേയ്ക്ക് സ്റ്റെപ്പ്, ചിറത്തിട്ടയിൽ ഭാഗത്ത് സ്റ്റെപ്പ്.
35. ലക്ഷം വീടു മുതൽ തെക്കോട്ട് പെരുന്തോട്ടിലേയ്ക്കുള്ള വഴി സ്റ്റെപ്പ്
36. ചാക്കപ്പാലം - മറുതേന തറയത്ത് പടി തോട്ടിൽ സ്റ്റെപ്പ്
37. ചാക്കപ്പാലം - കുടിലിൽ തോട്ടിൽ ബാക്കിഭാഗം സ്റ്റെപ്പ്

38. ചാക്കപ്പാലം കുളിക്കടവിലെ സ്റ്റെപ്പിൻെറ മെയിൻറനൻസ്

39. അന്ത്യാളൻകാവ് - കൊച്ചുഴത്തിൽതോട്ടിൽ സ്റ്റെപ്പ്

40. മിച്ച ഭൂമി ഭാഗത്ത് സ്റ്റെപ്പ്

41. അന്ത്യാളൻ കാവ് - ഈട്ടിക്കാല ഭാഗത്ത് സ്റ്റെപ്പ്

42. വയലത്തല C.M.S. തോണിയോലിക്കൽ തോട്ടിൽ സ്റ്റെപ്പ്

43. ആടുപാറക്കാവ് ദേവീ ക്ഷേത്രത്തിന് സമീപമുള്ള പള്ളിയിലേയ്ക്ക് പോകുന്ന ഭാഗത്ത് സ്റ്റെപ്പ്

44. അന്ത്യാളൻ കാവ് - ഈറപ്ളാക്കൽ തോട് സ്റ്റെപ്പ്

45. ചാക്കപ്പാലം - കൊല്ലൻ പറമ്പിൽ തോട് സ്റ്റെപ്പ്

46. നായിക്കൻ പാറ മണ്ണിലെത്ത് തറപ്പടി തോട് സഞ്ചാര യോഗ്യമാക്കുക

47. പാരൂർപ്പടി കണ്ണങ്ങാട്ട് പടി വരെയുള്ള ഭാഗം സഞ്ചാര യോഗ്യമാക്കുക.

48. അരിക്കൽ പൊട്ടൻമല തോട്

49. മൊഹമ്മദീൻ വീട്ടിൽ പടി മുതൽ പുതുപ്പറമ്പിൽ വരെ തോട്

50. പാറേൽ പടി - മാടൻ പറമ്പിൽ പടി തോട്

51. ളാഹേത്തു കാലാപ്പടി - അരീക്കത്തോട്.

52. കണ്ണൂർക്കാല - അരീക്കത്തോട്.

53. പ്ളാവു നിൽക്കുന്നതിൽ പടി തോട്

54. മാവുങ്കമണ്ണിൽ പടി - മുളമൂട്ടിൽപ്പാറ സ്റ്റെപ്പ്

55. മാവുങ്കപ്പടി - പൊട്ടൻമല തോട്

56. പുത്തൻവിളയിൽ പടി - പട്ടികജാതി കോളനി തോട്

57. മുട്ടാണിപടി - പുതുപറമ്പിൽ പടി തോട്

58. നാകൂരു പറമ്പിൽ - മാനേത്രയിൽ തോട്

59. ഐകോലികാലായിൽ - പൊട്ടൻ കാലായിൽ തോട്

60. മുഞ്ഞാട്ടുകാലാ ഭാഗത്തു നിന്നും മുകളിലേയ്ക്ക് സ്റ്റെപ്പ്.

61. ചണ്ണമാങ്കൽ നിന്നും രക്ഷാസൈന്യം പള്ളിയിലേക്ക് പോകുന്ന വഴിക്ക് സ്റ്റെപ്പ്.

62. നെയ്ക്കുന്നിൽ പടിമുതൽ താന്നിമൂട് കോളനി വരെ.

63. ആലുങ്കൽ പടിമുതൽ വാഹ ന്.ൽക്കുന്നതിൻ വരെ

64. വട്ടക്കുന്നിൽ പടിമുതൽ - മുരുത്തേൽ പറമ്പിൽ.

65. ഇരട്ടോലി മണ്ണിൽ - താന്നി നിൽക്കുന്നതിൽ.

66. കിളിയാനിക്കൽ തുളികുളം റോഡിൽ കാക്കനാടുബാഗത്ത് സ്റ്റെപ്പ്.

67. ടി. റോഡിൽ കൊല്ലനേത്ത് ഭാഗത്ത് സ്റ്റെപ്പ്.

68. നെടിയപറമ്പിൽ ഭാഗത്ത്

69. ആലക്കോട്ടുപടി- മേപ്പുറത്ത് ഭാഗത്ത് സ്റ്റെപ്പ്

70. മഠത്തിലേത്തു പടി- മേപ്പുറത്തു ഭാഗത്ത് സ്റ്റെപ്പ്

71. പറത്തിട്ടപടിമുതൽ ചടയംപറമ്പിൽപടിവരെ സ്റ്റെപ്പ്

72. നെടുമ്പുറത്ത് പടി മുതൽ പതാലിൽ പാറവരെ സ്റ്റെപ്പ്

73. കൊച്ചിലാപറമ്പ് ഭാഗത്തുനിന്നും മരവട്ടിമൂട് ഭാഗത്തേയ്ക്ക് നടവഴി സഞ്ചാരയോഗ്യമാക്കുക

74. വാടാവിൽ തോട് കോൺക്രീറ്റ് ചെയ്ത് സംരക്ഷിക്കുക,

75. നോഞ്ച പറമ്പിൽ തോടുകൾ, മേലേവീട്ടിൽതോട് എന്നിവ നിർമ്മാണ പ്രവർത്തനം ചെയ്ത് സംരക്ഷിക്കുക.

76. കാട്ടൂർ ഏലാ വരമ്പിലേക്കുള്ള താഴത്തെ പറമ്പു ഭാഗത്ത് നടവരമ്പു സംരക്ഷണ ഭിത്തികെട്ടി സഞ്ചാര യോഗ്യമാക്കുക.

77. പനച്ചിക്കൽ ഭാഗത്തുനിന്നും കനാലിലേക്കുള്ള വഴി സൗകര്യപ്രദമാക്കുക.

78. കൊറ്റനല്ലൂർ പട്ടികജാതി കോളനി-വിവിധ ഭാഗത്ത് സ്റ്റെപ്പുകൾ നിർമ്മിക്കുക

79. മങ്ങാട്ടുകാലാ- മണിയംപാറ കുഴി ഭാഗം സ്റ്റെപ്പു കെട്ടുക..

80. ചക്കിട്ടേൽപടി- കായിപ്പാക്കൽ തോട് സൗകര്യ പ്രദമാക്കുക

**സ്റ്റെപ്പു കെട്ടേണ്ട കടവുകൾ**

1. മടുക്കാവൂട്ടിൽ കടവ്
2. മനാട്ടു കടവ്
3. ഇല്ലത്തു കടവ്
4. ചങ്ങഴശ്ശേരിൽ കടവ്
5. നെടുമൺ കടവ്
6. മാങ്ങാത്ര- കനാൽ കടവ്
7. ചിറയ്ക്കാട്ടു കടവ്
8. ചാരും മൂട്ടിൽ കടവ്
9. തേവറു കടവ്
10. ചാങ്ങേയ്ക്കൽ ഇല്ലത്തു കടവ്

**പഞ്ചായത്തിലെ ബസ് സർവ്വീസ് ഉള്ള താഴെ പറയുന്ന സ്ഥലങ്ങളിൽ വെയിറ്റിംഗ് ഷെഡ് നിർമ്മിക്കേണ്ടതാണ്.**

1. കച്ചേരിപ്പടി
2. പുതമൺ
3. വാഴക്കുന്നം.
4. ചാക്കപ്പാലം.
5. പാലച്ചുവട്.
6. കാട്ടൂർ പേട്ട
7. കുടിലുമുക്ക്.
8. പള്ളിയത്ത് പടി
9. നെല്ലിച്ചുവട്
10. സി.എം.എസ്. സ്കൂൾ ജംഗ്ഷൻ
11. പോസ്റ്റോഫീസ് ജംഗ്ഷൻ (വയലത്തല)
12. വെയിറ്റിംഗ് ഷെഡ് നിർമ്മാണത്തിന് ഉദാരമതികൾ ഒരു സെൻറ് സ്ഥലമെങ്കിലും സംഭാവന ചെയ്യേണ്ടതാണ്. വാഴക്കുന്നം ജംഗ്ഷനിലുള്ള P.I.P. വക സ്ഥലം ഈ ആവശ്യത്തിന് വിട്ടുകിട്ടേണ്ടതാണ്.

**പുതിയതായി ആരംഭിക്കേണ്ട ബസ്സ് സർവ്വീസുകൾ**

1. റാന്നി- പത്തനംതിട്ട (വഴി) പാലച്ചുവട് - പന്തളം മുക്ക്

1A, റാന്നി - പത്തനം തിട്ട വഴി അന്ത്യാളംകാവ്

2. കോട്ടയം - ആങ്ങമൂഴി (വഴി) കോഴഞ്ചേരി -കീക്കൊഴൂർ പുള്ളിക്കാട് ഉതിമൂട് വഴി വടശ്ശേരിക്കര
3. ചെങ്ങന്നൂർ - ചിറ്റാർ (Via) കോഴഞ്ചേരി പുതമൺ, പള്ളിയത്ത് പടി - ചമതയ്ക്കൽ ഉതിമൂട് വടശ്ശേരിക്കര
4. തിരുവല്ല - സീതത്തോട് (വഴി) കോഴഞ്ചേരി - പുതുമൺ - പള്ളിയത്ത്പടി - ചമതയ്ക്കൽ മേക്കൊഴൂർ - വടശ്ശേരിക്കര - ചിറ്റാർ.
5. റാന്നി - അടൂർ (വഴി) - കീക്കൊഴൂർ- പുതമൺ - സൊസൈറ്റിപടി- കടമ്മിനിട്ട - പത്തനംതിട്ട.
6. തിരുവനന്തപുരം - റാന്നി റൂട്ടിൽ സർവ്വീസ് നടത്തുന്ന ഫാസ്റ്റ് പാസഞ്ചറുകൾ ഉച്ചയ്ക്ക് 1P.M നുശേഷം റാന്നിയിൽ നിന്നു മടങ്ങിപ്പോകുന്നു. പത്തനംതിട്ടയിൽ നിന്നും മൈലപ്രാ-മേക്കൊഴൂർ - പള്ളിയത്തുപടി- കീക്കൊഴൂർ വഴി തിരിച്ചു വിടുന്നതിനു നടപടിയെടുക്കണം.
7. റാന്നി - മലയാലപ്പുഴ (വഴി) കീക്കൊഴൂർ - ചാക്കപ്പാലം പള്ളിയത്ത്പടി - കടമ്മനിട്ട - പത്തനംതിട്ട
8. റാന്നി പത്തനംതിട്ട (വഴി) മേക്കൊഴൂർ - ചമതയ്ക്കൽ പന്തളം മുക്ക് - പുള്ളിക്കാട്
9. കോഴഞ്ചേരി - പത്തനംതിട്ട (വഴി) കച്ചേരി പടി - കണമുക്ക് - കടമ്മനിട്ട.
10. കോട്ടയം- ചിറ്റാർ (via) കോഴഞ്ചേരി- കീക്കൊഴൂർ പുള്ളിക്കാട് വടശ്ശേരിക്കര റൂട്ടിൽ സർവ്വീസ് നടത്തിയിരുന്ന K.S.R. T.C ബസ് പുനരാരംഭിക്കുക
11. ചങ്ങനാശ്ശേരി- ചിറ്റാർ (via) കോഴഞ്ചേരി- കീക്കൊഴൂർ-പുള്ളിക്കാട് വടശ്ശേരിക്കരറൂട്ടിൽ സർവ്വീസ് നടത്തിയിരുന്ന Private bus Service ൻെറ സമയം ക്രമീകരിച്ചു പുതിയ പെർമിറ്റ് നൽകുക.
12. ചെങ്ങന്നൂർ ഡിപ്പോയിൽനിന്നും സർവ്വീസ് നടത്തിയിരുന്ന ചെങ്ങന്നൂർ- അത്തിക്കയം,

ചെങ്ങന്നൂർ- തോണിക്കടവ് എന്നീ K. S. R. T.C സർവ്വീസുകൾ പുനരാരംഭിക്കുക.

13. പത്തനംതിട്ട ഡിപ്പോയിൽനിന്നും പത്തനംതിട്ട- കോഴഞ്ചേരി (via) മേക്കൊഴൂർ- വയലത്തല സൊസൈറ്റിപ്പടി വഴി സർവ്വീസ് നടത്തിയിരുന്ന K. S. R. T.C ബസ് പുനരാരംഭിക്കുക.

14. പത്തനംതിട്ട ഡിപ്പോയിൽനിന്നും പത്തനംതിട്ട- മോതിരവയലായി സർവ്വീസ് നടത്തിയിരുന്നത് പത്തനംതിട്ട റാന്നി ആയി കടമ്മനിട്ട- പള്ളിയേത്തുപടി റൂട്ടിൽ പുനരാരംഭിക്കുക

15. റാന്നി- പന്തളം (via) പത്തനംതിട്ട- കടമ്മനിട്ട- സൊസൈറ്റിപ്പടി- കീക്കൊഴൂർ റൂട്ടിൽ സർവ്വീസ് നടത്തിയിരുന്ന Private Bus Service- ന്റെ സമയം ക്രമീകരിച്ച് പുതിയ പെർമിറ്റ് നൽകുക.

16. തിരുവല്ല- മലയാലപ്പുഴ (via) കോഴഞ്ചേരി- കീക്കൊഴൂർ- പുള്ളിക്കാട്- ഉതിമുട്



# 5 - 2C

# ഊർജ്ജം

ചെറുകോൽ പഞ്ചായത്ത് മൂന്ന് ഇലക്ട്രിക്കൽ മേജർ സെക്ഷന്റെ പരിധിയിലായിട്ടാണ് വൈദ്യുതി വിതരണം നടത്തുന്നത്. ഇതിൽ കൂടുതലും ഗാർഹിക ആവശ്യത്തിനായിട്ടാണ് ഉപയോഗിക്കുന്നത്. നാമമാത്രമായി ചെറുകിട വ്യവസായങ്ങൾക്കും വ്യാപാരാവശ്യങ്ങൾക്കും വൈദ്യുതി ഉപയോഗിക്കുന്നു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 11 ട്രാൻസ്ഫോമറുകളിൽ അധികവും അമിതഭാരം ചുമക്കുന്നവയാണ്. ഇതിനു പ്രധാന കാരണം ഗുണഭോക്താക്കൾ വർദ്ധിക്കുന്നതിനനുസരിച്ച് ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുന്നില്ല എന്നുള്ളതാണ്. പഞ്ചായത്തിലെ എല്ലാ ഭാഗങ്ങളിൽ നിന്നും ലോ വോൾട്ടേജ് പ്രശ്നത്തെക്കുറിച്ച് പരാതിയുണ്ട്. പഞ്ചായത്തിന്റെ പല ഭാഗത്തും സ്ട്രീറ്റ് ലൈറ്റ് ഉണ്ടെങ്കിലും അവയിൽ 75% പ്രവർത്തന യോഗ്യമല്ല. പാചകത്തിനായി വൈദ്യുതിയും മണ്ണെണ്ണയും ഉപയോഗിക്കുന്നവരും ഇവിടെ കുറവല്ല. ഭൂരിഭാഗം ജനങ്ങളും പാചകത്തിനായി വിറകിനെ ആശ്രയിക്കുന്നു. L.P.G യുപയോഗിക്കുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്നു. ബയോഗ്യാസും നാമമാത്രമായി ഇവിടെ ഉപയോഗിക്കുന്നുണ്ട്.

### വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

**പട്ടിക1**

| ഉപഭോക്താക്കളുടെ ഇനം | KOZHY | RNNY | PTA |
|---|---|---|---|
| 1. ഗാർഹിക ഉപഭോക്താക്കൾ | 2500 | 1010 | 160 |
| 2. ഗാർഹികേതര ഉപഭോക്താക്കൾ | 101 | 80 | 10 |
| 3. വ്യവസായിക ഉപഭോക്താക്കൾ | 9 | 8 | - |
| 4. കാർഷിക ഉപഭോക്താക്കൾ | 10 | 3 | - |

**പഞ്ചായത്തിൽ പുതുതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ:-**

1. മുള്ളമൂട്ടിൽപ്പടി- സംഘംപടി റോഡിൽ ഇവാഞ്ചലിക്കൽ പള്ളിക്കു സമീപം
2. വയലത്തല C.M.S. L.P.S-നു സമീപവും സൊസൈറ്റി ഭാഗത്തും, ബഥേൽ പുരയിടത്തിൽ ഭാഗത്തും
3. ചാക്കപ്പാലം കടമ്മനിട്ട റോഡിൽ ടണലിനു സമീപം സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമർ ഉടനെ ചാർജ് ചെയ്യേണ്ടതാണ്.
4. ചണ്ണമാങ്കൽ ജംഗ്ഷനു സമീപം
5. വട്ടക്കുന്നിൽ ഭാഗം
6. കാട്ടൂർ പേട്ട
7. മന്നത്ത് പടി, കാക്കനാട്ടു പടി, തോട്ടുങ്കൽ പടി എന്നിവിടങ്ങളിൽ

പഞ്ചായത്തു സമിതി താഴെപ്പറയുന്ന സ്ഥലങ്ങളിൽ വൈദ്യുതീകരിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതു സ്ബന്ധിച്ച് എസ്റ്റിമേറ്റ് എടുത്തു നൽകുന്നതിന് ബന്ധപ്പെട്ട ഇലക്ട്രിക്കൽ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർമാരോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**വൈദ്യുതീകരിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുള്ള റോഡുകൾ**

**പട്ടിക 2**

| SL No | റോഡുകളുടെ പേര് | ദൂരം(മീറ്റർ) |
|---|---|---|
| 1 | സംഘംപടി- മുളമൂട് റോഡ് | 1870 |
| 2 | തേയിങ്കൽ പടി- കൂനംതടം റോഡ് | 1490 |
| 3 | ഈച്ചരമണ്ണിൽ പടി- താനുവേലിൽ കടവ് റോഡ് | 780 |
| 4 | ഗ്രാമോദ്ധാരണ റോഡ്, നെല്ലിച്ചുവട് മുതുമരത്തിൽ- കാലാപ്പടി റോഡ് | 780 |
| 5 | പള്ളിയത്തു പടി- കൊച്ചേത്ത്പടി റോഡ് | 450 |
| 6 | ചാക്കപ്പാലം- കടമ്മനിട്ട പി.ഡബ്ലി.യു.റോഡിൽ ചാക്കപ്പാലം മുതൽ പള്ളിയത്ത് പടി വരെ | 3000 |
| 7 | വീരമല - തലക്കോട്ടുപടി റോഡ് | 720 |
| 8 | പുള്ളിക്കാട്ടിൽപടി - ചമതക്കൽ റോഡ് | 1750 |
| 9 | മങ്കുത്തിൽപ്പടി- വേട്ടമല- ഓമനാലിൽ റോഡ് | 1200 |
| 10 | പുള്ളിക്കാട്ടിൽപ്പടി മുതൽ പന്തളം മുക്കുവരെയുള്ള റോഡ് | 2000 |
| 11 | പന്തളംമുക്ക് - പാലച്ചുവട് റോഡ് | 3000 |
| 12 | പറങ്കിമാം തടം- സൊസൈറ്റിപ്പടി -കുട്ടത്തോട് | 2000 |
| 13 | പുതമൺ - കടമ്മനിട്ട റോഡിൽ പഞ്ചായത്ത് അതിർത്തിവരെ | 3000 |
| 14 | ആടുപാറക്കാവ് ദേവീക്ഷേത്രം റോഡിൽ P.H.C പടി മുതൽ ആടുപാറപ്പടി വരെ | 200 |
| 15 | കുഴിമണ്ണിൽപ്പടി- തൂളികുളം റോഡ് | 1950 |
| 16 | താന്നത്തുകടവ് റോഡ് | 200 |
| 17 | ചക്കുപാറ മുതൽ അരക്കനാകുഴി വരെയുള്ള ഭാഗം | 350 |

| SL No | റോഡുകളുടെ പേര് | ദൂരം(മീറ്റർ) |
|---|---|---|
| 18 | കിളിയാനിക്കൽ - തൂളികുളം റോഡിൽ ചിറക്കുഴിപ്പടി മുതൽ തോട്ടുങ്കൽപടി വരെ | 350 |
| 19 | കച്ചേരിപ്പടി - തൈവർകടവ് റോഡിൽ Govt.U.P.S ലേക്കുള്ള വഴി | 200 |
| 20 | പാനൂർപടി -ആലുങ്കൽ പടി റോഡ് | 1890 |
| 21 | മുഹമ്മദാലി റോഡ് | 640 |
| 22 | ജമാലിയാക്കൊച്ചു റോഡ് | 500 |
| 23 | താന്നിമൂട്ടിൽ കോളനിറോഡ് | 1515 |
| 24 | ചണ്ണമാക്കൽ മടുക്കക്കുന്ന് റോഡ് | 505 |
| 25 | ചണ്ണമാങ്കൽ- നെയ്ക്കുന്നു റോഡ് | 500 |

ജംഗ്ഷനുകളുടെയും സ്ഥാപനങ്ങളുടെയും പ്രാധാന്യം കണക്കിലെടുത്ത് ഇരുപത്തിനാലു പുതിയ ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനും പഞ്ചായത്ത് കമ്മറ്റി തിരുമാനമെടുത്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ 8 വാർഡുകളിലെയും പ്രധാനപ്പെട്ട രണ്ടു സ്ഥലങ്ങളിൽ വീതം സോഡിയം പേപ്പർ ലൈറ്റുകൾ സ്ഥാപിക്കണമെന്ന ശക്തമായ ആവശ്യം ഗ്രാമസഭയിൽ ഉയർന്നു വന്നിട്ടുണ്ട്. പ്രധാനകേന്ദ്രങ്ങളിൽ ട്യൂബ് ലൈറ്റുകൺൾ സ്ഥപിക്കേണ്ടതാണ്.

### പഞ്ചായത്തിലെ ഗ്രാമസഭകളിൽ പുതുതായി വൈദ്യുതീകരിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് നിർദ്ദേശം ലഭിച്ചിട്ടുള്ള സ്ഥലങ്ങൾ

1. വലിയതാനുവേലിൽ കടവ്
2. എൻ.എം. യു.പി. കൂനംതടം
3. ഇടംതുരുത്തിപ്പടി- തടംപഴഞ്ഞി
4. പടപ്പയ്കൽപ്പടി റോഡ്
5. കടമാൻപതാലിൽപ്പടി
6. ക്ഷേത്രം റോഡ്
7. പൊട്ടക്കുളത്തുപ്പടി- മാടത്തേത്തുപടി
8. കൊച്ചുവെള്ളാറെത്തു പടി- കനാൽ റോഡ്- അക്കുഡേറ്റ്
9. ഉളക്കപ്പടി മാങ്കൽ- തെങ്ങുംതടം- പുള്ളിക്കാട്ടിൽപ്പടി- വീരമലപ്പടി വരെ
11. പോസ്റ്റോഫീസ്- കായപ്ലാക്കൽ- കിഴക്കേ ആനക്കുഴിക്കൽ- കിഴക്കേൽ ഭാഗം വഴി പട്ടികജാതി കോളനി
12. കൊച്ചുകാലാപ്പടി- കിഴക്കേൽ ഭാഗം
13. ചമതയ്ക്കൽ - കളീക്കപ്പടി റോഡ്
14. കടക്കേത്ത്പടി - പൂവത്തുങ്കൽപടി റോട്
15. ശാസ്ത്രീ മെമ്മോറിയൽ റോഡ്

16. പള്ളിപ്പടി- കൊല്ലേത്ത് പടി റോഡ്
17. കുടിലുമുക്ക്- പാലാപ്പൊയ്കയിൽ റോഡ്
18. കുഴികാലാപ്പടി- കുടമാൻപതാലിൽ പടി
19. പുള്ളിക്കാട്ട്- മഞ്ഞപ്പറ റോഡ്
20. പുതുമൺ വള്ളക്കടവ്
21. പ്ലാന്തോട്ടം- അന്ത്യാളൻകാവ് റോഡ്
22. പറങ്കിമാം തടം- ലക്ഷംവീട് - തോട്ടുക്കൽപടി റോഡ്
23. അന്ത്യാളൻ കാവ്- വാളാറുകുഴി - കൊച്ചേത്ത് പടി റോഡ്
24. പെരുമേത്ത്- തോട്ടുങ്കൽപടി റോഡ്
25. മടത്തിലേത്ത് പടി- ചക്കുപാറ റോഡ്
26. തോട്ടുങ്കൽപടി- ഇട്ടിത്താനത്തു പടി റോഡ്
27. ഇളമാത്രയിൽപ്പടി- ചക്കുപാറ റോഡ്
28. ആലക്കോട്ടുപടി- ഈറല്ലാക്കൽപ്പടി റോഡ്
29. മന്നത്തുപടി- അരകനാക്കുഴി റോഡ്- കാരാംപറമ്പിൽപ്പടി റോഡ്
30. മടക്കാംമൂട്ടിൽ കടവ്
31. മാറോംമ്മടം കടവ്
32. മനാട്ടു കടവ്
33. കാട്ടൂർപേട്ട- മന്നത്തുപടി റോഡ്
34. വലിയകാലാപ്പടി -കൊന്നയ്ക്കമല റോഡ്
35. വലിയ താഴപ്പടി- മാങ്ങാത്രപ്പടി—ആശാൻ റോഡ്
36. വഞ്ചികപ്പടി- അമ്പലംറോഡ്
37. ഒലിപ്പുറത്ത് പടിമുതൽ രക്ഷാസത്യം പള്ളി വരെ
38. താന്നിമൂട്ട് കോളനി റോഡ്
39. മഞ്ഞപ്പാറപ്പടി മുതൽ

## പ്രശ്നങ്ങൾ

പഞ്ചായത്തിലെ മിക്ക പ്രദേശങ്ങളിലും അനുഭവപ്പെടുന്ന വോൾട്ടേജ് കുറവ്, പാചകവാതകത്തിന്റെ ലഭ്യത കുറവ്, പാരമ്പര്യേതര ഊർജ്ജ ശ്രേയസ്സുകളുടെ ഉപയോഗക്കുറവ്, പട്ടിക ജാതി പട്ടികവർഗ്ഗ കോളനികൾ അടിയന്തിരമായി ക്രമീകരിക്കുക, മരച്ചില്ലകളും മറ്റും നീക്കം ചെയ്യാതിരിക്കുന്നതു മൂലമുള്ള പ്രസരണ നഷ്ടം എന്നിവ അനുഭവപ്പെടുന്നു. ജനങ്ങളുടെ പ്രശ്നം പരിഹരികൃകുന്നതിന് വൈദ്യുതി ജീവനക്കാരുടെ സഹകരണം ലഭിക്കാത്തത്.

ബയോഗ്യാസ് സൗരോർജ്ജം പുകയില്ലാത്ത അടുപ്പ് എന്നിവയുടെ ഉപയോഗത്തെപ്പറ്റി ശരിയായ ബോധവൽക്കരണം നടക്കാത്തത്.

## പരിഹാരമാർഗ്ഗങ്ങൾ

പഞ്ചായത്തിലെ മുഴുവൻ സ്ഥലങ്ങളിലും വൈദ്യുതി ലഭിക്കുന്നതിന് ലൈനുകൾ വലിക്കു

ക. വൈദ്യുതി ബോർഡ് ജീവനക്കാരുടെ സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക. കാർഷിക ആവശ്യങ്ങൾക്ക് മുൻഗണന നൽകുക, വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, നിലവിലുള്ള ട്രാൻസ്ഫോർമറുകളുടേ ശേഷി വർദ്ധിപ്പിക്കുക, വയലത്തലയിൽ ഇപ്പോൾ നിർത്തി വച്ചിരിക്കുന്ന ഇലക്ട്രിസിറ്റി കാഷ് കണക്ഷൻ സെന്റർ പുനരാരംഭിക്കുകയും, വാഴക്കുന്നത്ത് ഇലക്ട്രിസിറ്റി ഓവർസിയർ ഓഫീസിനോടനുബന്ധിച്ച് പുതിയ കാഷ് കണക്ഷൻ സെന്റർ ആരംഭിക്കുകയും ചെയ്യുക. സ്ട്രീറ്റ് ലൈറ്റുകളുടെ നിയന്ത്രണവും ചുമതലയും പൂർണ്ണമായും പഞ്ചായത്തിനെ ഏൽപിക്കുക. സ്ട്രീറ്റ് ലൈറ്റുകൾ കാലാകാലങ്ങളിൽ മാറ്റി ഇടുന്നതിന് ബോർഡ് ശുഷ്കാന്തി കാണിക്കുന്നില്ല. ഇതിനു പകരമായി ബൾബുകൾ പഞ്ചാആയത്തു വാങ്ങി നൽകുമ്പോൾ ബോർഡിലെ ജീവനക്കാർ അത് യഥാസ്ഥാനത്ത് സ്ഥാപിക്കുക. ബൾബിന്റെ വില ഇലക്ട്രിസിറ്റി ചാർജിൽ കുറവു ചെയ്ത് Dept. പഞ്ചായത്തിനു നൽകുക. പഞ്ചായത്തിൽ ഗ്യാസ് ഏജൻസി, പെട്രോൾ പമ്പ്, എന്നിവ അനുവദിക്കുകയും, അനാർട്ടിന്റെ സേവനം കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുക.





"എല്ലാവരുടേയും അത്യാവശ്യങ്ങൾ നിറവേറ്റാൻ വേണ്ട വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്. എന്നാൽ ആരുടേയും ദുരയെ തൃപ്തിപ്പെടുത്തുവാൻ വിഭവങ്ങളില്ലതാനും."

ഗാന്ധിജി

## 5 - 2D

# പൊതു മാർക്കറ്റ്

ചെറുകോൽ പഞ്ചായത്തിൽ മാർക്കറ്റ് ഇല്ല. ഈ പ്രദേശത്തെ ആളുകൾ കാർഷി കോല്പന്നങ്ങൾ വിപണനം നടത്തുന്നതും നിത്യോ പയോഗ സാധനങ്ങൾ വാങ്ങുന്നതും പത്തനംതി ട്ട, കോഴഞ്ചേരി, റാന്നി എന്നീമാർക്കറ്റുകളിൽ നിന്നാണ്. ഇപ്പോൾ കീക്കൊഴൂർ സർവ്വീസ് സഹ കരണബാങ്ക് പ്രവർത്തിക്കുന്ന സ്ഥലത്തും, മുൻപ് കാട്ടൂർ പേട്ടയിലും ചന്ത പ്രവർത്തിച്ചിരുന്നു.

എല്ലാ ഗ്രാമസഭകളിലും ഉന്നയിക്കപ്പെട്ടിട്ടുള്ള പ്രധാന ആവശ്യമാണ് വാഴക്കുന്നം, കാട്ടൂർ, പുത മൺ, ചാക്കുപ്പാലം, വയലത്തല ഗ്രാമോദ്ധാരണ കേന്ദ്രം എന്നിവിടങ്ങളിൽ ആഴ്ചയിൽ രണ്ടു പ്രാവശ്യം പ്രവർത്തിക്കുന്ന ചന്ത ആരംഭിക്കണം എന്നുള്ളത്. വാഴക്കുന്നത്ത് ചന്ത അനുവദിക്കു ന്നതിന് കഴിഞ്ഞ പഞ്ചായത്തു ഭരണസമിതി തീരു മാനമെടുത്തിട്ടുണ്ട്. പൊതു ആവശ്യങ്ങൾക്ക് ഉപ യോഗിക്കുന്നതിനു വേണ്ടി ചാക്കപ്പാലം P.I.P ടണലിനു സമീപമായി റോഡിന് ഇരുവശവുമുള്ള P.I.P വക സ്ഥലം ഏറ്റെടുക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. വയലത്തലയിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കണം എന്ന ആവ ശ്യവും ഉയർന്നു വന്നിട്ടുണ്ട്. പഞ്ചായത്തിനു സ്വന്ത മായി ചന്ത ഇല്ലാത്തതിനാൽ ഇപ്പോൾ മാട്ടിറച്ചി വിൽപ്പന നടത്തുന്നതിനും മറ്റുമായി തുച്ഛമായ ഒരു തുക മാത്രമേ ലൈസൻസ് ഫീസായി പഞ്ചാ യത്തിനു ലഭിക്കുന്നുള്ളൂ. ആയതിനാൽ ഭീമമായ ഒരു തുക ഈയിനത്തിൽ പഞ്ചായത്തിനു നഷ്ട പ്പെടുന്നു.

ചെറുകോൽ വാഴക്കുന്നത്തു മുക്കിനു സമീ പമുള്ള റവന്യൂ വക നാല്പത്തിമൂന്ന് സെന്റ് സ്ഥലം ഏറ്റെടുത്ത് മാർക്കറ്റ് ആരംഭിക്കാനുള്ള നടപടി കൾ മുൻപഞ്ചായത്ത് സമിതി കൈക്കൊണ്ടിട്ടു ണ്ട്. എന്നാൽ ഭൂമി ലഭിക്കാത്തതു കൊണ്ട് ചന്ത ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഭൂമി വിട്ടു നൽകു ന്നതിന് അധികൃതർ ശ്രദ്ധചെലുത്തിയാൽ ചെറു കോൽ ഗ്രാമത്തിലെ ജനങ്ങളുടെ ഒരു ചിരകാല സ്വപ്നം സാക്ഷാത്ക്കരിക്കപ്പെടും.

സഞ്ചരിക്കുന്ന മാവേലിസ്റ്റോർ ഗ്രാമ പഞ്ചാ യത്തിൽ ലഭ്യമാക്കണം.

നാടിന്റെ വികസനത്തിൽ പൊതു മാർക്ക റ്റിന്റെ സ്ഥാനം വളരെ വലുതാണ്. നിത്യോപ യോഗ സാധനങ്ങളുടെ ക്രയവിക്രയം സ്വന്തം ഗ്രാമ ത്തിൽ നടത്താനുള്ള നമ്മുടെ താല്പര്യം ചന്ത സ്ഥാപിക്കുന്നതിലൂടെ നമുക്ക് പൂർണ്ണതയിലെത്തി ക്കാം.



ഒരേ മനസ്സും ലക്ഷ്യവുമായി നാം
ഒന്നായ് നീങ്ങീടേണം
നമ്മുടെ നാടിന് വളരാനുള്ളൊരു വഴി നാം തേടേണം
നന്മകൾ വിളയും നല്ലൊരു നാട്
നമ്മൾ തേടേണം
ഞാനും നീയും തന്നാൽ കഴിവതു നാടിനു നൽകേണം

# 5 - 2E

# പാർപ്പിടം

സ്വന്തമായി ഇത്തിരി മണ്ണും അന്തിയുറങ്ങാനൊരു വീടും സാധാരണക്കാരന്റെ സ്വപ്നമാണ്. മനുഷ്യജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങളിൽ പ്രമുഖം ആഹാരം, പാർപ്പിടം, വസ്ത്രം എന്നിവയാണ്. ആഗോളാടിസ്ഥാനത്തിലും ഇവയിൽ മുഖ്യ സ്ഥാനം പാർപ്പിടത്തിനു തന്നെ.

വിദേശപണത്തിന്റെ സ്വാധീനം ഈ പഞ്ചായത്തിലും ഭവനനിർമാണരംഗത്ത് കടന്നുവന്നിട്ടുണ്ട്. നിർമ്മാണസാമഗ്രികളുടെ വില വർദ്ധനവും, തൊഴിലാളികളുടെ കൂലി ചെലവും ഈ രംഗത്ത് സാധാരണക്കാരെ സാരമായി ബാധിക്കുന്നു. പഞ്ചായത്തിലെ മൊത്തം 3912 വീടുകളിൽ 560 എണ്ണം കോൺക്രീറ്റു വീടുകളാണ്. ഒന്നിലധികം നിലകളുള്ള 114 വീടുകൾ പഞ്ചായത്തിലുണ്ട്. ഭേദപ്പെട്ട 2252 വീടുകളും ഓലമേഞ്ഞതും, ഭാഗികമായി ഓടും ഷീറ്റും മറ്റും ഉപയോഗിച്ചു നിർമ്മിതവുമായ 1016 വീടുകളുമാണ് ഈ ഗ്രാമത്തിലുള്ളത്. സ്വന്തമായി വീടു നിർമ്മിക്കുവാൻ പ്രാപ്തരല്ലാത്ത 353 കുടുംബങ്ങളും ഇവിടെയുണ്ട്. സ്വന്തമായി ഭൂമിയുണ്ടെങ്കിലും ഭവനനിർമ്മാണത്തിനാവശ്യമായ വായ്പാ സഹായം ലഭ്യമാകാത്തത് പാർപ്പിടപ്രശ്നപരിഹാരത്തിനുതടസ്സമായി നിൽക്കുന്നു. ഭവനനിർമ്മാണസഹകരണസംഘങ്ങളോ അതുപോലെയുള്ള മറ്റ് ഏജൻസികളോ ഇവിടെ ഇല്ല. ധനകാര്യസ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനങ്ങളും ഈ രംഗത്ത് അനുപേക്ഷണീയമാണ്. രാജീവ് ദശലക്ഷ പദ്ധതി, മൈത്രീഭവനനിർമ്മാണപദ്ധതി തുടങ്ങിയവയുടെ പ്രവർത്തനം കൂടുതൽ മേഖലകളിൽ എത്തിക്കേണ്ടിയിരിക്കുന്നു. ലക്ഷംവീട് പദ്ധതിപ്രകാരം വീടുകൾ നിർമ്മിച്ചു കൊടുത്തിട്ടുള്ളത് ഈ പഞ്ചായത്തിൽ ചണ്ണമാങ്കൽ കോളനിയിൽ മാത്രമാണ്. താന്നിമൂട്, കൊന്നയ്ക്കൽ, വയലത്തല, പാലച്ചുവട്, ശ്രീരാമവിലാസം കോളനി എന്നിവിടങ്ങളിൽ ഭേദമായ വീടില്ലാത്തവർ നിരവധിയാണ്. ഇവിടെ അടിസ്ഥാന സൗകര്യങ്ങളും പരിമിതമാണ്.

ഇപ്പോൾ J.R.Y., I.A.Y.M.W. പദ്ധതികളിൽ വീടുകൾ അനുവദിച്ചിരുന്നു.

J.R.Y., I.A.Y.M.W., Untied പദ്ധതികളിൽ അനുവദിച്ച വീടുകൾ

പട്ടിക 1

| വർഷം | വീടുകളുടെ എണ്ണം |
|---|---|
| 92-93 | 7 |
| 93-94 | 5 |
| 94-95 | 2 |
| 95-96 | 17 |
| 96-97 | 11 |
| ആകെ | 42 |

ഇതിൽ 95 - 96 ൽ 6 വീടുകളും 96 - 97 ൽ 5 വീടുകളും ജനറൽ വിഭാഗത്തിൽ ഉൾപ്പെടുന്നവയാണ്.

## നിർദ്ദേശങ്ങൾ

1. ഭവനനിർമ്മാണരംഗത്തെ ഏതെങ്കിലും പദ്ധതിയുടെ പ്രയോജനം നേരിട്ടു ലഭിക്കാത്ത വിഭാഗങ്ങൾക്കും വീടുകൾ നിർമ്മിക്കുവാനുള്ള സാദ്ധ്യതകൾ കണ്ടെത്തണം.
2. ഭവനനിർമ്മാണത്തിന് ഉദാര വ്യവസ്ഥയിൽ ദീർഘകാലവായ്പകൾ ലഭിക്കുവാനുള്ള സംവിധാനം ഉണ്ടാകണം.
3. സ്വന്തം വസ്തുവിൽ നിർമ്മിക്കുന്ന വീടു തന്നെ ജാമ്യമായി സ്വീകരിച്ച് വായ്പ നൽകുവാൻ ധനകാര്യസ്ഥാപനങ്ങൾ തയ്യാറാവണം.
4. ചെലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുള്ള ഉപാധികൾ സാധാരണക്കാരിൽ എത്തിക്കണം.
5. വീടുനിർമ്മാണ സാമഗ്രികളുടെ വില പിടിച്ചു നിർത്തുവാനും അവ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുവാനുള്ള സൗകര്യം ഉണ്ടാകണം.
6. ഭവനനിർമ്മാണത്തിന് സർക്കാർ നൽകുന്ന തുക വർദ്ധിപ്പിക്കുക.
7. പ്രകൃതിക്ഷോഭത്തിലും മറ്റും നശിച്ചുപോകുന്ന വീടുകൾക്ക് പകരം പുതിയ ഭവനം നിർമ്മിക്കാനും ഭാഗികമായി തകരുന്നവ പുതുക്കി പണിയുവാനും അടിയന്തിര സഹായം നൽകണം.
8. സർക്കാർ നൽകുന്ന ഭവനനിർമ്മാണ വായ്പാ പദ്ധതി ഉദാരമാക്കുക.

പഞ്ചായത്തിൽ ആവശ്യമായ
വീടുകളുടെ എണ്ണം.

പട്ടിക 2

| വാർഡ് | വീടുകൾ |
|---|---|
| I | 25 |
| II | 57 |
| III | 25 |
| IV | 60 |
| V | 15 |
| VI | 10 |
| VII | 61 |
| VIII | 100 |
| ആകെ | 353 |



# 5-3A

# വിദ്യാഭ്യാസം

"വിത്തമെന്തിനു മർത്യർക്ക്

വിദ്യകൈവശമാവുകിൽ"

ഈ മഹദ്വചനം അന്വർത്ഥമാക്കിയ പൂർവ്വികരുടെ പാരമ്പര്യത്തിൽ അഭിമാനം കൊള്ളുന്ന പഞ്ചായത്ത് രാജ്യത്തിൻെറ പാരതന്ത്ര്യ കാലഘട്ടത്തിൽ, പമ്പയാറിൻെറ കൊച്ചോളങ്ങളെ പുളകമണിയിച്ചു, കൊച്ചുവള്ളങ്ങളിലെത്തി ,അറിവിൻെറ അക്ഷരങ്ങൾ ശിഷ്യഗണങ്ങളിലേക്ക് പകർന്ന് നൽകിയ അദ്ധ്യാപക ശ്രേഷ്ഠരുടേയും , കാൽനടയായി മൈലുകൾ സഞ്ചരിച്ച് വിജ്ഞാന ദാഹം തീർത്ത വിദ്യാർത്ഥികളുടേയും അനന്തര തലമുറ ഇപ്പോൾ നൂറുശതമാനവും സാക്ഷരത കൈവരിച്ചിരിക്കുന്നു.

ബ്രിട്ടീഷ് ഭരണകാലത്ത് , 1890ൽ ക്രിസ്ത്യൻ മിഷനറിമാർ സ്ഥാപിച്ച, വയലത്തല C.M.S.L.P സ്കൂളാണ് പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം. ശാസ്ത്രി കോഴ്സ് വരെയുള്ള ഒരു സംസ്കൃത സ്കൂൾ വയലത്തല ചമതയ്ക്കൽ പ്രവർത്തിച്ചിരുന്നു. ഇപ്പോഴത്തെ എം. റ്റി. യു .പി. സ്കൂൾ പഞ്ചായത്തിലെ ആദ്യത്തെ ഇംഗ്ലീഷ് വിദ്യാലയമാണ്. കീക്കൊഴൂർ ബി. എം. ഇ. എം. സ്കൂൾ, ഈ സ്കൂളാണ് പിൽക്കാലത്ത് എൻ. എം. യു. പി. സ്കൂളായി അറിയപ്പെടാൻ തുടങ്ങിയത്. കീക്കൊഴൂർ ഗവ. ഹൈസ്കൂൾ, കാട്ടൂർ എൻ. എസ്. എസ്. ഹൈസ്കൂൾ, ചെറുകോൽ എൻ. എസ്. എസ്. റ്റി. റ്റി. ഐ. & യു. പി. എസ്, കീക്കൊഴൂർ എൻ. എം. യൂ. പി. എസ്, ചമതയ്ക്കൽ എം. റ്റി.യൂ.പി. എസ്. , ചെറുകോൽ ഗവ. യു. പി. എസ് & എൽ.പി. എസ്, കീക്കൊഴൂർ ഗവ. എൽ. പി. എസ്, കീക്കൊഴൂർ ഈസ്റ്റ് എം. റ്റി എൽ. പി. എസ്., കാട്ടൂർ എൻ. എസ്. എസ്.എൽ.പി. എസ്, ചെറുകോൽ എം.റ്റി. എൽ. പി. എസ്, വയലത്തല സി. എം. എസ്. എൽ. പി. എസ്. എന്നീ വിദ്യാലയങ്ങൾ പഞ്ചായത്തിൽ നിലവിലുണ്ട്. കൂടാതെ ചെറുകോൽ മർത്തോമ്മാ ഐ.റ്റി. ഐ വഴക്കുന്നത്ത് ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് കിക്കൊഴൂർ കെ. റ്റി. സി. എന്ന ട്യൂട്ടോറിയൽ സ്ഥാപനം തുടങ്ങിയവ പഞ്ചായത്തിലെ വിദ്യാഭ്യാസ രംഗത്ത് അതുല്യ സംഭാവനകൾ നൽകുന്നുണ്ട്.

രാവിലെ പുസ്തക സഞ്ചിയും തൂക്കി ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ വാഹനം പ്രതീക്ഷിച്ചു നിൽക്കുന്ന കുട്ടികളെയും അവരെ വാഹനങ്ങളിൽ കയറ്റിയിരുത്തി 'റ്റാ റ്റാ' പറഞ്ഞു യാത്രയാക്കാൻ നിൽക്കുന്ന മാതാക്കളെയും പഞ്ചായത്തിലെ എല്ലാ ഭാഗങ്ങളിലും കാണാം. ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ 30 വാഹനങ്ങൾ എങ്കിലും പഞ്ചായത്തിലൂടെ ദിനം പ്രതി കുട്ടികളെ തിരുകി നിറച്ചു പായുന്നത് കാണുവാൻ കഴിയും. ഇത് പഞ്ചായത്തിലെ മലയാളം മീഡിയം സ്കൂളുകളെ സാരമായി ബാധിക്കുന്നു. എല്ലാ സ്കൂളുകളിലും കുട്ടികളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞു കൊണ്ടിരിയ്ക്കുന്നതിൻെറ കാരണവും ഇതുതന്നെയാണ്. വയലത്തല പുതമൺ ഗവ. എൽ.പി.സ്കൂൾ നിർത്തലാക്കേണ്ടി വന്ന

തിൻെറ കാരണവും മറ്റൊന്നുമല്ല.

അംഗൻവാടികളും പ്രീ പ്രൈമറി സ്കൂളുകളും ആരംഭിച്ചാൽ ഒരുപക്ഷെ ഒരളവുവരെ ഈ ദു:സ്ഥിതിയ്ക്ക് പരിഹാരം കാണുവാൻ സാധിച്ചേയ്ക്കും. കീക്കൊഴൂർ ഗവ. എൽ.പി.സ്കൂളിലും ചെറുകോൽ ഗവ. യു. പി. സ്കൂളിലും P.T.A.യുടെ നേതൃത്വത്തിൽ പ്രീ-പ്രൈമറി സ്കൂളുകൾ പ്രവർത്തിയ്ക്കുന്നുണ്ട്. എന്നാൽ ഗവ. നിശ്ചയിച്ചിട്ടുള്ള തുച്ഛമായ ഫീസ് ഈടാക്കി, അദ്ധ്യാപികമാർക്കും ആയമാർക്കും വേതനം നൽകുവാൻ ഇരു P.T.A. കളും ബുദ്ധിമുട്ടുന്നു.

ഉന്നത വിദ്യാഭ്യാസ സംവിധാനങ്ങൾ ഒന്നും തന്നെ പഞ്ചായത്തിലില്ലായെങ്കിലും ബിരുദധാരികളും ബിരുദാനന്തര ബിരുദധാരികളും വളരെയധികവും ഗസറ്റഡ് റാങ്കിലുള്ള ഉദ്യോഗസ്ഥർ ചുരുക്കമായും പഞ്ചായത്തിലുണ്ട്. വിദ്യാസമ്പന്നരുടെ തൊഴിലില്ലായ്മയും രൂക്ഷം തന്നെ.

S.S.L.C പാസായതിനുശേഷം, പെൺകുട്ടികളിൽ ഭൂരിപക്ഷവും കോളേജ് വിദ്യാഭ്യാസത്തിനു ചേരുമ്പോൾ ആൺകുട്ടികളിൽ നല്ലൊരു ശതമാനത്തിനെ സാങ്കേതിക രംഗത്തേയ്ക്കു തിരിച്ചുവിടാൻ രക്ഷാകർത്താക്കൾ ശ്രമിയ്ക്കുന്നു. കീക്കൊഴൂർ ഗവ. ഹൈസ്കൂളിൽ ഹയർ സെക്കണ്ടറി സ്കൂളിനുവേണ്ടി മൂന്നു നിലക്കെട്ടിടം പണിയുവാൻ നടപടികൾ നീങ്ങുന്നു. ഇതേ സ്കൂളിൽ അടുത്ത വർഷം മുതൽ കംപ്യൂട്ടർ കോഴ്സ് ആരംഭിക്കുവാൻ കഴിയുമെന്നത് പ്രത്യേകം എടുത്തു പറയേണ്ട കാര്യമാണ്. നാട്ടുകാർ ഇതിനായി 50000 രൂപ സംഭാവനയായി നൽകിയിട്ടുണ്ട്.

പഞ്ചായത്തിലെ സ്കൂളുകളിൽ നിന്നും കുട്ടികൾ വളരെ ചുരുക്കമായേ കൊഴിഞ്ഞു പോകുന്നുള്ളൂവെന്നത് ശ്രദ്ധേയമാണ്. ഇതര പ്രദേശങ്ങളിൽ നിന്നും കുട്ടികൾ നമ്മുടെ സ്കൂളുകളിൽ എത്തുന്നു എന്നതും അഭിമാനകരം തന്നെ. വിദ്യാഭ്യാസ നിലവാരം പൊതുവെ തൃപ്തികരമെങ്കിലും ഉന്നതം എന്നു പറയുവാൻ സാധിയ്ക്കുന്നില്ല.

സ്കൂൾ കെട്ടിടങ്ങൾ കാലാകാലങ്ങളിൽ മെയിൻറൻസ് ചെയ്യുന്നില്ല എന്നുള്ളതാണ് സത്യം. പ്രാഥമികാവശ്യങ്ങൾ നിറവേറ്റുവാനുള്ള സൗകര്യങ്ങൾ പോലുമില്ലാത്ത സ്കൂളുകളും പഞ്ചായത്തിലുണ്ട്. അദ്ധ്യാപകരിൽ ഭൂരിപക്ഷവും സ്ത്രീകളാണ്. അദ്ധ്യാപികമാർ മാത്രമുള്ള സ്കൂളുകളും ഉണ്ട്.

നിർദ്ധനരായ നല്ലൊരു ശതമാനം വിദ്യാർത്ഥികൾ പല സ്കൂളുകളിലുമുണ്ട്. ഇങ്ങിനെയുള്ള കുട്ടികൾക്ക് അടുത്ത അദ്ധ്യയന വർഷം കുടയും ബാഗും വാങ്ങിക്കൊടുക്കുവാൻ പഞ്ചായത്തു ഭരണസമിതി കൈകൊണ്ട തീരുമാനം ശ്ളാഘനീയമാണ്. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി 13 അംഗൻവാടികൾ ആരംഭിക്കുവാനുള്ള നീക്കവും പ്രശംസനീയം തന്നെ.

നിഷ്ക്കളങ്ക ശൈശവത്തിൻെറ വിരൽത്തുമ്പിൽ പിടിച്ച്, അറിവിൻെറ ആദ്യാക്ഷരങ്ങൾ കുറിയ്ക്കുന്ന ആശാൻമാരും ആശാൻ പള്ളിക്കൂടങ്ങളും ഇന്നും നിലവിലുണ്ട്. അകക്കണ്ണു തുറപ്പിയ്ക്കുന്ന ആശാൻമാരുടെ അവസ്ഥ പരിതാപകരം തന്നെ.

**നിർദ്ദേശങ്ങൾ**

(1) ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ ഉറപ്പാക്കുക

(2) വാർഷികാവധിക്കാലത്തുതന്നെ സ്കൂളുകളുടെ അറ്റകുറ്റ പണികൾ നടത്തുക.

(3) സ്കൂളുകൾ തുറക്കുന്ന ആഴ്ച്ചയിൽ തന്നെ പാഠപുസ്തകങ്ങളുടെ ലഭ്യത ഉറപ്പാക്കുക.

(4) അദ്ധ്യാപകരുടെ നിയമനം സ്ഥലംമാറ്റം എന്നിവയിലെ കാലതാമസം ഒഴിവാക്കുക.

(5) എല്ലാ സ്കൂളുകളിലും പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുക.

(6) പ്രീപ്രൈമറി സ്കൂളുകളിലെ അദ്ധ്യാപികമാർക്കും ആയമാർക്കും മാന്യമായ ശമ്പളം അനുവദിക്കുക.

(7) എല്ലാ സ്കൂളുകളിലും ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങളും പഠനോപകരണങ്ങളും ഫർണ്ണീച്ചറുകളും ലഭ്യമാക്കുക.

(8) ഇംഗ്ളീഷ് മീഡിയം സ്കൂളുകളുടെ അതിപ്രസരത്തെ അതിജീവിയ്ക്കുവാൻ എല്ലാ സ്കൂളുകളിലും ഇംഗ്ളീഷ് മീഡിയം ക്ളാസുകൾ ആരംഭിക്കുക.

(9) കൃഷി പാഠ്യവിഷയങ്ങളിൽ ഉൾപ്പെടുത്തുക.

(10) കലാ-കായിക രംഗങ്ങളിൽ കുട്ടികൾക്ക് കൂടുതൽ പരിശീലനം നൽകുക

(11) P.T.A. കളുടെ പ്രവർത്തനങ്ങളിൽ രക്ഷാകർത്താക്കളുടെ സജീവ പങ്കാളിത്തം

ഉറപ്പാക്കുക.

(12) നിർദ്ധനരായ കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുക.

(13) നിലത്തെഴുത്താശാൻമാർക്ക് ഗ്രാൻറ് നൽകുക.

(14) ഉച്ചക്കഞ്ഞി വിതരണത്തിന് കൂടുതൽ സാമ്പത്തിക സഹായം നൽകുക.

(15) പഞ്ചായത്ത്രാജ് സംവിധാനത്തെക്കുറിച്ച്, മാസത്തിൽ ഒരു മണിക്കൂറെങ്കിലും ഹൈസ്കൂൾ അസംബ്ളികളിൽ പ്രഭാഷണം നടത്തുക.

"കൊണ്ടു പോകില്ല ചോരൻമാർ
കൊടുക്കുന്തോറുമേറിടും
മേന്മ നൽകും മരിച്ചാലും
വിദ്യ തന്നെ മഹാധനം"

## പട്ടിക 1

### അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും വിവരങ്ങൾ

| | | വിദ്യാർത്ഥികൾ | | | SC / ST | | | | |
|---|---|---|---|---|---|---|---|---|---|
| നമ്പർ | സ്കൂൾ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | മാനേജ്മെൻറ് | നിലവിലുള്ള അദ്ധ്യാപകർ |
| 1 | N.S.S. H.S. കാട്ടൂർ | 38 | 135 | 273 | 5 | 1 | 6 | എയിഡഡ് | 14 |
| 2 | M.T.L.P.S ചെറുകോൽ | 76 | 62 | 138 | 4 | 1 | 5 | എയിഡഡ് | 4 |
| 3 | Govt. H.S കീക്കൊഴൂർ | 167 | 143 | 310 | 18 | 17 | 35 | സർക്കാർ | 18 |
| 4 | Govt. L.P.S കീക്കൊഴൂർ | 47 | 64 | 111 | 2 | 1 | 3 | സർക്കാർ | 4 |
| 5 | M. T. L.P.S കീക്കൊഴൂർ | 45 | 28 | 73 | 3 | 2 | 5 | എയിഡഡ് | 4 |
| 6. | Govt. U.P. S ചെറുകോൽ | 72 | 69 | 141 | 9 | 8 | 17 | സർക്കാർ | 8 |
| 7. | M.T.U.P.S ചമതയ്ക്കൽ | 50 | 47 | 97 | 6 | 7 | 13 | എയിഡഡ് | 5 |
| 8. | C.M.S. L.P.S വയലത്തല | 56 | 55 | 111 | 3 | 4 | 7 | എയിഡഡ് | 4 |
| 9 | N.M.U.P.S കീക്കൊഴൂർ | 93 | 82 | 175 | 9 | 12 | 21 | എയിഡഡ് | 7 |
| 10 | N.S.S.T.T.I.&U.P.S ചെറുകോൽ | 29 | 24 | 53 | 2 | 1 | 3 | എയിഡഡ് | 10 |
| 11 | N.S.S.L.P.S കാട്ടൂർ | 60 | 58 | 118 | 3 | 0 | 3 | എയിഡഡ് | 5 |

## പട്ടിക II

| പഠനം നിർത്തിയവർ | | | | | |
|---|---|---|---|---|---|
| SC/ST | | | മറ്റുള്ളവർ | | |
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 0 | 0 | 0 | 6 | 0 | 6 |

## പട്ടിക III
### അക്കാദമിക് സൗകര്യങ്ങൾ

| | ലൈബ്രറി | പ്രവർത്തിക്കുന്നത് | ലബോറട്ടറി | പ്രവർത്തിക്കുന്നത് | ദൃശ്യശ്രാവ്യ ഉപകരണങ്ങൾ | | | | | | | ബ്ലാക്ക് ബോർഡ് | | മാതൃസംഗമം | പി.ടി.എ. |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | പഠനോപകരണം | | റേഡിയോ | ടേപ്പ് റിക്കോർഡർ | ടി. വി. സെറ്റ് | സിനിമ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ആവശ്യമുള്ളത് | നിലവിലുള്ളത് | | |
| | | | | | | പരിമിതം | | | | | | | | | |
| ഉള്ളത് | 9 | 8 | 6 | 5 | 2 | 3 | 1 | 0 | 0 | 1 | 1 | 40 | 52 | 9 | 11 |
| ഇല്ലാത്തത് | 2 | 0 | 5 | 0 | 6 | | 10 | 11 | 11 | 10 | 10 | 0 | 0 | 2 | 0 |

# പട്ടിക IV
## ഭൗതിക സൗകര്യങ്ങൾ

| | മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം | കെട്ടിടം നിർമ്മിക്കാനുള്ള ഭൂമി | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുര ഒറ്റസമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം | ഇനി ആവശ്യമുള്ളതിന്റെ എണ്ണം | നിലവിലുള്ള കക്കൂസിന്റെ എണ്ണം | ഉപയോഗശൂന്യമായ കക്കൂസിന്റെ എണ്ണം | കുടിവെള്ള സംവിധാനം കിണർ പൈപ്പ് | വൈദ്യുതീകരണം | പാചകമുറി | സ്റ്റോറൂം | നിലവിലുള്ള ഫർണിച്ചർ മതിയാകുമോ ഇല്ല | ഡസ്ക് | ബഞ്ച് | മേശ | കസേര | ഓഫീസ് ഫർണിച്ചർ | സ്കൂൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ഇല്ല | ഉണ്ട് | 2 | 50 | 1 | 2 | - | ഉണ്ട് പൈപ്പ് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | 25 | 25 | 5 | 5 | 5 | N.S.S.H.S കാട്ടൂർ |
| 2 | - | ഇല്ല | ഇല്ല | - | 1 | ഇല്ല | - | കിണർ | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | 10 | 2 | 2 | ഉണ്ട് | N.S.S.L.P.S കാട്ടൂർ |
| 3 | ഇല്ല | ഉണ്ട് | 2 | 5 | 1 | 2 | ഇല്ല | കിണർ | ഉണ്ട് | ഇല്ല | 2 | ഇല്ല | 5 | 7 | 3 | 6 | അലമാരി 1 | N.S.S.T.T.I& U.P.S ചെറുകോൽ |
| 4 | സ്ക്രീൻ | ഇല്ല | 2 | 5 | - | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 24 | 5 | 2 | 4 | അലമാരി | M.T.L.P.S ചെറുകോൽ |
| 5 | 4 | ഉണ്ട് | ഉണ്ട് | 2 | 2 | ഇല്ല | 2 | കിണർ | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | 20 | 15 | 2 | 5 | അലമാരി | Govt. U.P.S ചെറുകോൽ |
| 6 | ഇല്ല | ഉണ്ട് | 2 | 5 | 2 | ഇല്ല | - | കിണർ | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | 4 | 4 | 2 | 5 | അലമാരി | N.M.U.P.S കീക്കൊഴൂർ |
| 7 | 2 | ഉണ്ട് | ഇല്ല | - | 2 | 1 | ഇല്ല | കിണർ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 5 | 2 | - | 2 | അലമാരി 1 | Govt. L.P.S കീക്കൊഴൂർ |
| 8 | 3 | ഉണ്ട് | 1 | 5 | 2 | 2 | 1 | കിണർ | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | 30 | 30 | 5 | 15 | അലമാരി 1 | Govt. H.S കീക്കൊഴൂർ |
| 9 | - | - | ഇല്ല | - | 2 | ഇല്ല | ഇല്ല | കിണർ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 8 | - | 2 | 2 | അലമാരി 1 | M.T.L.P.S കീക്കൊഴൂർ |
| 10 | ഇല്ല | ഇല്ല | 2 | 5 | 1 | ഇല്ല | ഇല്ല | കിണർ | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | 20 | - | 1 | 3 | അലമാരി 1 | M.T.U.P.S ചമതയ്ക്കൽ |
| 11 | 1 | ഉണ്ട് | ഇല്ല | ഇല്ല | 2 | ഇല്ല | - | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 20 | 20 | 1 | 2 | അലമാരി 1 | C.M.S.L.P.S വയലത്തല |

പട്ടിക V

അക്കാദമിക് നിലവാരം

| S.S.L.C വിജയശതമാനം | | | | | |
|---|---|---|---|---|---|
| | 91-92 | 92-93 | 93-94 | 94-95 | 95-96 |
| ഗവ. ഹൈസ്കൂൾ കീഴ്ക്കൊഴൂർ | 55% | 54% | 52% | 48% | 34% |
| N.S.S.H.S കാട്ടൂർ | 41% | 51% | 88% | 44% | 43% |

പട്ടിക VI

| സ്കൂൾ | ആകെ | കുട്ടികളുടെ പൊതു നിലവാരം | | | | |
|---|---|---|---|---|---|---|
| | | 30% താഴെ കുട്ടികൾ | 30-40 മാർക്ക് നേടുന്നവർ | 40-50 % | 50-60 % | 60 % |
| L.P.S | 329 | 35 | 42 | 60 | 53 | 138 |
| U.P.S | 454 | 128 | 78 | 94 | 53 | 80 |
| H.S | 580 | 167 | 107 | 108 | 98 | 100 |



"ഇന്ത്യയ്ക്കുവേണ്ടി നമുക്ക് ഇന്നിനെ പരിഷ്ക്കരിക്കാം ഒത്തൊരുമിച്ച് വെല്ലുവിളികളെയും പ്രതിസന്ധികളെയും നേരിടാം. കരുത്തുറ്റതും മഹത്തരവുമായ ഇന്ത്യയെ പുനഃസൃഷ്ടിക്കാം ശാന്തിയുടെയും സഹിഷ്ണതയുടെയും ജാലകൾക്ക് നമുക്കൊരുമിച്ച് തെളിക്കാം."

രാജീവ് ഗാന്ധി

"വലിയ നഗരങ്ങളുടെ വികസനമല്ല, യഥാർത്ഥ വികസനം ലക്ഷ്യമാക്കുന്നത്. നമ്മുടെ ഗ്രാമങ്ങളുടെ വികസനമാണ്. ഗ്രാമങ്ങളാണ് വലിയ മാറ്റങ്ങൾക്ക് വിധേയമാകേണ്ടത്. പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങൾവഴി നമ്മുടെ ഗ്രാമങ്ങളെ ശക്തിപ്പെടുത്തണം."

രാജീവ് ഗാന്ധി

"സത്വര വികസനവും ത്വരിത പുരോഗതിയും രാജ്യത്തു അതിവേഗം ഉണ്ടാകണം. മുകളിൽ നിന്ന് ഇത് ചെയ്യാൻ കഴിയുകയില്ല. ചുവട്ടിൽ നിന്ന് പഞ്ചായത്തുകളിൽ നിന്ന് അതു നിർവ്വഹിക്കപ്പെടണം."

രാജീവ് ഗാന്ധി

"ആദിവാസികൾ, പട്ടികജാതി - പട്ടികവർഗ്ഗങ്ങൾ, പിന്നോക്ക വിഭാഗങ്ങൾ, അധഃകൃതർ, മർദ്ദിതർ, പീഡിതർ മുതലായ ദുർബല വിഭാഗങ്ങളിൽ വികസനമെത്തുമ്പോൾ മാത്രമെ, പഞ്ചായത്ത്‌രാജ് ശരിയാകൂ."

രാജീവ് ഗാന്ധി

# 5-3B

# കുടിവെള്ളം

ഉയർന്ന മലകളും തടങ്ങളും കുത്തനെയുള്ള ചരിവുകളും താഴ്വരകളും ആയ ഈ പഞ്ചായത്ത് പ്രദേശങ്ങൾ കുടിവെള്ള പ്രശ്നങ്ങൾ രൂക്ഷമായി നേരിടുന്നു. പമ്പാനദി ഈ പഞ്ചായത്തിനെ തൊട്ടുരുമ്മി കടന്ന് പോകുന്നെങ്കിലും വേനൽക്കാലത്ത് ജനങ്ങൾ ജലത്തിനായുള്ള യാത്ര സർവ്വസാധാരണമാണ്.

പമ്പാനദിയിലെ ഉയർന്ന പ്രദേശങ്ങൾ വേനൽക്കാലത്ത് അതിരൂക്ഷമായ ജലദൗർലഭ്യത്തെ നേരിടുന്നു. കീക്കൊഴൂർ - കൂനംതടം, ഭൂതംപാറ, ലക്ഷംവീടു കോളനി, കിണറ്റുങ്കൽ ഭാഗം, C.M.S. തടം, ആടുപാറക്കാവ്, നെല്ലി ചുവടുഭാഗം, തെങ്ങുതടംഭാഗം, പുരയിടത്തിൽ കൊച്ചുവെള്ളാറേത്ത് ഭാഗം, തലക്കോട്ടുഭാഗം, നല്ലൂർ ഭാഗം, വേട്ടമല ഭാഗം, മഞ്ഞപ്ര പ്രദേശം, അരികിനേത്ത് ഭാഗം, പന്തളം മുക്ക് ഭാഗം, വരിക്കോലിൽ ഭാഗം, പറങ്കിമാംതടം, അന്ത്യാളം കാവ്, ചക്കുപാറ, കൊന്നയ്ക്കാമല, അരിക്കമല, കൊറ്റനല്ലൂർ, താന്നിമുട് എന്നീ പ്രദേശങ്ങൾ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളാണ്. പഞ്ചായത്തിൽ 70% ജനങ്ങളും സ്വന്തമായി കിണറുകൾ ഉള്ളവരാണെങ്കിലും ഭൂരിപക്ഷം കിണറുകളും വേനൽക്കാലത്ത് വറ്റുന്നവയാണ്. പമ്പാ ഇറിഗേഷൻ കനാൽ കാർഷികവൃത്തിക്ക് അനുയോജ്യമല്ലെങ്കിലും വരൾച്ചകാലത്ത് ജനങ്ങൾക്കു വളരെ ആശ്വാസ പ്രദമാണ്. ഉപയോഗയോഗ്യമായ കുഴൽകിണറു കളും പൊതു കിണറുകളും, വറ്റാത്ത നീരുറവകളും വേനൽക്കാലത്ത് ജനങ്ങൾ ആശ്രയിക്കുന്നു.

## ചെറുകോൽ നാരങ്ങാനം ശുദ്ധജലപദ്ധതി

ഒരു കോടിയിൽപരം രൂപാ ചെലവുള്ള ചെറുകോൽ നാരങ്ങാനം ശുദ്ധജലപദ്ധതി 1992–ൽ ആരംഭിച്ചു. 94.73 കി.മീ. ദൂരത്തിൽ 144 റ്റാപ്പുകളിലായി ശുദ്ധജലം ലഭിക്കാനുള്ള ബൃഹത്തായ പദ്ധതിയാണിത്. പുതമൺ കടവിൽ കിണർ നിർമ്മിച്ച് അന്ത്യാളം കാവിലെ ഹൈലവൽ– ലോലവൽ ടാങ്കുകളിൽ ജലം സംഭരിച്ചു പഞ്ചായത്തുകളിലെ വിവിധ ഭാഗങ്ങളിലുള്ള ജനങ്ങൾക്ക് ശുദ്ധജലം എത്തിയ്ക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിൽ 2.7ലക്ഷം ലിറ്റർ, 4 ലക്ഷം ലിറ്റർ എന്നീ കണക്കിന് ജലം സംഭരിക്കുന്ന ടാങ്കുകളുടെ പണി അന്ത്യാളം കാവിൽ പൂർത്തി യായിട്ടുണ്ട്. പുതമൺ കടവിലെ കിണർ പൂർത്തിയാ യിക്കൊ ണ്ടിരിക്കുന്നു. Distribution pipe- – കളുടെ പണികൾ ഇനിയും പൂർത്തിയാക്കുന്നതോടുകൂടി ഈ പദ്ധതിയുടെ അവസാനഘട്ട ത്തിലെത്തും. ഈ പദ്ധതി പ്രവർത്തനയോഗ്യമാകുന്നതോടുകൂടി പഞ്ചായത്തിലെ കുടി വെള്ളക്ഷാമ പ്രശ്നത്തിനു ശ്വാശ്വത പരിഹാരം ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു. തുടർന്ന് ജനങ്ങൾക്ക് House Connection എടുക്കുന്ന തിനുള്ള സൗകര്യങ്ങളും ഉണ്ടാകുന്നതാണ്. നിലവിലുള്ള പൊതു കിണറുകളുടെയും, പൊതുകുഴൽ കിണറുകളു ടെയും എണ്ണം പട്ടികയിൽ കൊടുക്കുന്നു.

പട്ടിക –1

| ക്രമനമ്പർ | വാർഡ് | പൊതുകിണറുകൾ | കുഴൽകിണറുകൾ |
|---|---|---|---|
| 1 | 1 | 6 | 2 |
| 2 | 2 | 2 | 5 |
| 3 | 3 | 1 | 2 |
| 4 | 4 | 7 | 1 |
| 5 | 5 | 1 | 1 |
| 6 | 6 | 1 | 1 |
| 7 | 7 | 3 | 2 |
| 8 | 8 | 10 | – |
| ആകെ | | 31 | 14 |

# പ്രശ്നങ്ങളും നിർദ്ദേശങ്ങളും

1 വേനൽക്കാലത്ത് വറ്റാത്ത കുളങ്ങളും കിണറുകളും സംരക്ഷിക്കുന്നതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കുക.

2. പ്രകൃതി ജലം സംരക്ഷിച്ചു നിർത്തുന്നതിന് ശാസ്ത്രീയമാർഗ്ഗങ്ങൾ സ്വീകരിക്കുകയും എല്ലാ പുരയിടങ്ങളിലും കഴിയുന്നതും ഈടി, കയ്യാലകൾ കെട്ടി വെള്ളം കെട്ടി നിർത്തുകയും ചെയ്യുക.

3. വൃക്ഷങ്ങൾ നട്ടു പിടിപ്പിച്ച് മണ്ണൊലിപ്പ് തടയുകയും ജലം ഒഴുകി പോകുന്നത് ഒഴിവാക്കുകയും ചെയ്യുക.

4. മഴവെള്ളം ഭൂതലത്തിലൂടെ ഒഴുകി ആറ്റിലേക്കു പോകുന്നു. അതതു സ്ഥലങ്ങളിൽ ലഭിക്കുന്ന മഴവെള്ളം അവിടവിടെയുള്ള സ്ഥലത്ത് ആഴത്തിലേ ക്കിറക്കിവിടുക. അതിനായി ഇടവിട്ട് ചരിഞ്ഞ ചാലുകൾ നിർമ്മിക്കുക. തീറ്റപ്പുല്ല്, കൈത, രാമച്ചം, മുള, ഈറ എന്നിവ വെച്ചു പിടിപ്പിക്കുക.

5. മഴക്കാലത്തു പ്രകൃതി തരുന്ന ജലത്തെ നീർമറി പദ്ധതിയിലൂടെ സംരക്ഷിച്ചു നിർത്തി വേനൽ ക്കാലത്ത് ഉപയുക്തമാക്കാനുള്ള പദ്ധതികൾ നടപ്പിലാക്കുക.

6. ചെറുകോൽ വായനശാലയ്ക്ക് സമീപമുള്ള കിണർ ആഴം കൂട്ടി മോട്ടോർ ഘടിപ്പിക്കുക. വെള്ളം സ്കൂളിനും നാട്ടുകാർക്കും നൽകുക. പമ്പാനദിയുടെ സമീപത്തുള്ള ജലം ലഭിക്കാത്ത പ്രദേശങ്ങളിൽ കിണറുകൾ കുഴിച്ച് മോട്ടോർ സ്ഥാപിച്ച് ഉയർന്ന പ്രദേശത്തെ ടാങ്കുകൾ സ്ഥാപിച്ചു ജലം ലഭിക്കാൻ സംവിധാനം ഉണ്ടാക്കുക.

7. പുള്ളിക്കാട്ടിനു സമീപമുള്ള P.I.P വക കുളം വൃത്തിയാക്കി കുറവനോലിക്കൽ അരികി നേത്ത് ഭാഗത്തു വയലത്തല പുരയിടത്തിൽ അട്ടത്തറ, തെങ്ങുതടം, കല്ലോടിൽ C.M.S ഭാഗത്തും, ഉളവാക്കപ്പൊടിമാക്കൽ എന്നീ ഭാഗ ങ്ങളിലേയും, അന്ത്യാളം കാവിലെ ജലസ്രോ തസ്സ് ഉപയുക്തമാക്കി തിരുമുറ്റം കളരിപ്രദേശ ത്തെയും, വയലത്തല കനാൽ ഭാഗത്തിനു സമീപമുള്ള തോട്ടിൽ കുളം കുഴിച്ചു.

ആടുപാറക്കാവു ഭാഗത്തും, ശ്രീരാമ വിലാസം കോളനിഭാഗത്തും, കൊല്ലനേത്തു ഭാഗ ത്തും കിണർ കുഴിച്ച് കൊന്നയ്ക്കാ മലഭാഗത്തും കച്ചേരിപ്പടി ഭാഗത്തുമുള്ള P.I.P കുളത്തിൽ മോട്ടോർ വെച്ച് കൊറ്റനല്ലൂർ പ്രദേശത്തും ചണ്ണ മാങ്കൽ പ്രദേശത്തെ കുളം വൃത്തിയാക്കി മോട്ടോർ വെച്ച് രക്ഷാസൈന്യം ഭാഗത്തും ശുദ്ധജലം എത്തിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേ ണ്ടതാണ്.

8. അന്ത്യാളൻകാവ്, പൂഞ്ഞക്കുളം ടാങ്കുകെട്ടി സംര ക്ഷിക്കുക.

5-3C

# പൊതുജനാരോഗ്യം

ആരോഗ്യരംഗത്ത് വിപ്ലവാത്മകമായ പുരോഗതി കൈവരിച്ച പത്തനംതിട്ട ജില്ലയിലെ ചെറുകോൽ ഗ്രാമപഞ്ചായത്തിലെ ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള പൊതുജനാരോഗ്യം ശരാശരിയ്ക്ക് താഴെയാണ്. സാമ്പത്തിക പരാധീനതതന്നെ പ്രധാന കാരണം. ഭൂരിപക്ഷം ജനങ്ങ ഇടത്തരക്കാരും താഴ്ന്ന വരുമാനക്കാരും ആ ുവെങ്കിലും 70% വീടുകളിലും സ്വന്തമായി കക്കൂസുകൾ ഉണ്ട്. പട്ടികജാതി പട്ടിക വർഗ്ഗക്കാരിൽ ദാരിദ്രരേഖയ്ക്കു താഴെയുള്ള വീടുകൾക്കു ഗ്രാമപഞ്ചായത്തു മുഖേന കക്കൂസുകൾ ലഭ്യമാക്കിയിട്ടുണ്ട്. ഉയർന്ന മലകളിൽ ചരിവുകൾ ഉള്ള പ്രദേശമാകയാൽ മാലിന്യങ്ങൾ കെട്ടിനിൽ ക്കുന്നില്ല. പകർച്ചവ്യാധികളും കുറവാണ്. കൊതുകുശല്യങ്ങളും അമിതമല്ല. ആരോഗ്യ സംവിധാനരംഗത്ത് സർക്കാർ തലത്തിൽ വേണ്ടത്ര പ്രാധാന്യം നൽകികാണുന്നില്ല. ജനങ്ങൾ കോഴഞ്ചേരി, പത്തനംതിട്ട, തിരുവല്ല തുടങ്ങിയ പ്രദേശങ്ങളെ ആശ്രയിക്കുന്നതായി സർവ്വേ വ്യക്തമാക്കി. പൊതുവേ സാമൂഹ്യബോധമുള്ള ദമ്പതികൾ ആയതു കൊണ്ടാകാം ജനനനിരക്ക് സംസ്ഥാന ശരാശരിക്ക് താഴെയാണ്. കുടുംബസംവിധാനം സ്വീകരിച്ച ദമ്പതിമാർ ഏറെയുണ്ട്. പോഷകാഹാരകുറവു മൂലമുള്ള രോഗങ്ങൾ ഉള്ള കുഞ്ഞുങ്ങൾ പൊതുവേ ഇല്ലെന്നുതന്നെ പറയാം. ആരോഗ്യ സംരക്ഷണത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉണ്ടാക്കിയെടുക്കേണ്ടതു അനിവാര്യമായ ഘടകമാണ്.

പരിസരമലിനീകരണം കൊണ്ടുണ്ടാകുന്ന പകർച്ചവ്യാധികൾ മറ്റസുഖങ്ങൾ ഈ പഞ്ചായത്തിൽ കുറവാണ്. പൊതുവേ ജനങ്ങൾ ശുചിത്വമുള്ളവരാണ്. പമ്പയാറ്റിൽ തോട്ടയിട്ടു മത്സ്യബന്ധനം നടത്തുന്നത് കർശനമായി നിരോധിക്കേണ്ടിയിരിക്കുന്നു. വീടുകളോടു ചേർന്നുള്ള തൊഴുത്ത്, കക്കൂസുകളുടെ സമീപമുള്ള കിണറുകൾ എന്നിവ ആരോഗ്യ രംഗത്തെ മുന്നേറ്റത്തിനുമുന്നിൽ തടസ്സമായി നിൽക്കുന്നു. പൊതുജനാരോഗ്യനിയമങ്ങൾ കർശനമായി നടപ്പിലാക്കാൻ പഞ്ചായത്തധികൃതർ ശ്രദ്ധിക്കണം.

## പ്രൈമറി ഹെൽത്ത് സെന്റർ

ചാക്കപ്പാലത്ത് മിനിപ്രൈമറി ഹെൽത്ത് സെന്റർ പ്രവർത്തിക്കുന്നു. പഞ്ചായത്തിൽ ആകെയുള്ള പൊതുജനാരോഗ്യകേന്ദ്രം ഇതുതന്നെയാണ്. ഔട്ടുപേഷ്യന്റ് വിഭാഗം രോഗികളെ പരിശോധിക്കാൻ ഒരു ഡോക്ടർ ഉണ്ടെങ്കിലും ഇൻപേഷ്യന്റ് വിഭാഗം പ്രവർത്തിക്കാൻ കഴിയാത്തത് ആരോഗ്യ ചികിത്സാരംഗത്തെ പ്രശ്നമായി ഇന്നും അവശേഷിക്കുന്നു. രോഗികളെ കിടത്തി ചികിത്സിക്കാനുള്ള പുതിയ ബ്ലോക്ക് പണികഴിപ്പിച്ചെങ്കിലും ഫലമില്ലാത്ത സ്ഥിതിയിലാണ്. ഈ ഹെൽത്ത് സെന്ററിന്റെ പരിധിയിൽ കാട്ടൂർ, വയലത്തല, കിളിയാനിയ്ക്കൽ എന്നിവടങ്ങളില് സബ്സെന്ററുകൾ പ്രവർത്തിക്കുന്നു. സബ്സെന്ററുകളുടെ സ്ഥിതിയും ശോചനീയമാണ്. ഇതിൽ കാട്ടൂർ, വയലത്തല എന്നീ സബ്സെന്ററുകൾക്ക് സ്വന്തമായി സ്ഥലവും കെ ിടവും ഉണ്ട്. കിളിയാനിയ്ക്കൽ സബ്സെന്ററിന് കെട്ടിടമില്ലാത്തതിനാൽ പ്രവർത്തനം ആശാവഹമല്ല. മാസത്തിലെ എല്ലാ രണ്ടാം ചൊവ്വാഴ്ച കാട്ടൂർ സെന്ററിലും നാലാം ചൊവ്വാഴ്ച വയലത്തല സെന്ററിലും ഡ ക്ടറുടെ സേവനം ലഭിക്കുന്നതിന് പഞ്ചായത്ത് ആ നസമിതി നേതൃത്വം നൽകിയത് പ്രശംസനീയമാണ്. ജപ്പാൻ ജ്വരത്തിന് എതിരെയുള്ള പ്രതിരോധ മരുന്നുകൾ നൽകിയതും നാട്ടിലെ എടുത്തു യാവുന്ന സംഭവങ്ങളാണ്. പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ ഒരു ആയുർവേദ ആശുപത്രിയും, രണ്ട് ഹോമിയോക്ലിനിക്കും പ്രവർത്തിക്കുന്നു. പൾസ്പോളിയോ പ്രോഗ്രാം പഞ്ചായത്തിൽ വിജയകരമായി നടത്തി.

## മാതൃശിശു സംരക്ഷണം

മാതൃശിശുസംരക്ഷണരംഗത്ത് ആരോഗ്യ വകുപ്പു ഉപകേന്ദ്രങ്ങൾ കൂടുതൽ സജ്ജീവമാകേണ്ടതുണ്ട്. എല്ലാ വാർഡുകളിലും സബ്സെന്ററുകൾ ഉണ്ടാകേണ്ടി യിരിക്കുന്നു. സബ് സെന്ററുകൾ വഴി പോഷകാഹാരം കുട്ടികൾക്ക് നല്കിയിരുന്നത് തുടരേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങളും നിർദ്ദേശങ്ങളും

ചാക്കപാലത്തുള്ള ചെറുകോൽ പ്രൈമറി ഹെൽത്ത് സെന്റർ പൂർണ്ണനിലയിൽ പ്രവർത്തിയ്ക്കാത്തതുകൊണ്ട് ഈ സ്ഥാപനംകൊണ്ട് ജനങ്ങൾ ആഗ്രഹിക്കുന്നവിധം ചികിത്സ ലഭ്യമല്ലാത്തതിനാൽ പലരും ഈ സെന്ററിനെ ആശ്രയിക്കാൻ മടിക്കുന്നു. ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സിക്കാൻ പണികഴിപ്പിച്ച ബ്ലോക്ക് പൂർണ്ണമായി പ്രവർത്തിപ്പിയ്ക്കാൻ സർക്കാർ ഭാഗങ്ങളിൽ നിന്നും സത്വര നടപടികൾ ഉണ്ടാകണം. പഞ്ചായത്തു ഭരണസമിതി ടെൻറർ നല്കി കെട്ടിടം പുനരുദ്ധരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കെട്ടിടം പുനരുദ്ധരിയ്ക്കുന്നതോടൊപ്പം ഇപ്പോൾ ഡിസ്പെൻസറിയായി പ്രവർത്തിക്കുന്ന ഈ പ്രാഥമിക ആരോഗ്യകേന്ദ്രം ഡോക്ടർമാരെയും സ്റ്റാഫിനെയും നിയമിച്ച് ഹോസ്പിറ്റലായി ഉയർത്താൻ വേണ്ട നടപടി സ്വികരിക്കണം. എല്ലാവാർഡുകളിലും സബ്സെന്ററുകൾ ആരംഭിക്കുക, പഞ്ചായത്തിൽ ഒരു ആയുർവ്വേദ ആശുപത്രി, ഹോമിയോ ആശുപത്രിയും എന്നിവ സ്ഥാപിയ്ക്കേണ്ടതാണ്. ആരോഗ്യസെമിനാറുകൾ പഞ്ചായത്ത് തലത്തിലും സന്നദ്ധസംഘടനകളുടെ സഹകരണത്തിലും സംഘടിപ്പിച്ച് ദന്തശുചിത്വം, നേത്രരോഗം, എയ്ഡ്സ്, മറ്റു പകർച്ചവ്യാധികൾ, കൊതുകുനശീകരണം, ശിശുപരിപാലനം ആദിയായ വിഷയങ്ങളിൽ ബോധവൽക്കരണം ഉണ്ടാക്കുക. റബ്ബർ പാൽ എടുക്കുന്ന ചിരട്ടകൾ കമഴ്ത്തി വെയ്ക്കാത്തതിനാൽ വെള്ളം കെട്ടിനിന്ന് കൊതുകുകൾ ഉണ്ടാകുന്നു. ഇത് കമഴ്ത്തി വയ്ക്കുക. കക്കൂസുകളുടെ പൈപ്പിൽ കൊതുകുവല സ്ഥാപിക്കുക. കെട്ടികിടപ്പുള്ള ജലങ്ങളിൽ ക്ലോറിൻ തളിക്കുക, സ്വന്തമായി കക്കൂസ് ഇല്ലാത്ത ആളുകൾ കക്കൂസ് കുഴിക്കുക.

കഴിഞ്ഞ 3 വർഷത്തെ ജനന മരണ നിരക്കുകൾ താഴെ പട്ടികയിൽ പറയും പ്രകാരമാണ്

**പട്ടിക 1**

| വർഷം | ജനനം | മരണം | ചാപിള്ള ജനനം |
|---|---|---|---|
| 1993–94 | 158 | 76 | |
| 1994–95 | 167 | 72 | |
| 1995–96 | 138 | 55 | |

**കുടിവെള്ള സ്രോതസ്സ് പട്ടിക 3**

| സാനിട്ടറിവെൽ | സാധാരണകിണർ | കുളം | പൊതുവിതരണം വേനൽക്കാലത്തു മാത്രം |
|---|---|---|---|
| 1575 | 1494 | 3 | 70% |

**പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ – സ്ത്രീയുടെ പ്രായക്രമം (പട്ടിക 4)**

| സ്ത്രീയുടെ പ്രായക്രമം | നമ്പർ |
|---|---|
| 15 – 19 | 95 |
| 20 – 24 | 470 |
| 25 – 29 | 745 |
| 30 – 34 | 747 |
| 35 – 39 | 552 |
| 40 – 44 | 362 |

# 5 - 3D

# സാമൂഹ്യക്ഷേമം

ദാരിദ്ര്യ നിർമ്മാർജ്ജനരംഗത്തും സാധാരണക്കാരുടെ സാമൂഹ്യനിലവാരം ഉയർത്തുന്നതിനും നിരവധി പദ്ധതികളാണ് ഇന്ന് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കുന്ന വിവിധ വായ്പാ സബ്സിഡി പദ്ധതികളും മറ്റു ക്ഷേമ പദ്ധതികളുമാണ് മുഖ്യ ഇനം. ക്ഷേമപരിപാടികളെക്കുറിച്ചുള്ള അജ്ഞത പലർക്കും പദ്ധതികൾ ലഭ്യമാകാതിരിക്കാൻ കാരണമാകുന്നുണ്ട്. പാവപ്പെട്ടവരിൽ പാവപ്പെട്ടവരെ ആദ്യം കണ്ടെത്തി കുടുംബം ഒരു യൂണിറ്റാക്കി കണക്കാക്കി അവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനാവശ്യമായ വായ്പയും ആനുപാതികമായ ധനസഹായവും നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. ദാരിദ്രരേഖയ്ക്കു താഴെയുള്ളവരെ പദ്ധതിയിൽ കണ്ടെത്തി തയ്യാറാക്കിയ I.R.D.P ലിസ്റ്റ് പ്രകാരമാണ് ഗുണഭോക്താക്കളെ ഇതിലേക്ക് തെരഞ്ഞെടുക്കുന്നത്.

ചെറുകോൽ ഗ്രാമപഞ്ചായത്തിൽ ചെറുകോൽ വയലത്തല എന്നീ V.E.O സർക്കിളുകൾ

### സർവ്വേയിൽപെട്ട കുടുംബങ്ങളുടെ എണ്ണം
### പട്ടിക 1

| വാർഡ് | SC /ST | മറ്റു കുടുംബം | ആകെ | വാർഡ് | SC / ST | മറ്റു കുടുംബം | ആകെ |
|---|---|---|---|---|---|---|---|
| I | 6 | 84 | 90 | 5 | 6 | 87 | 93 |
| II | 11 | 105 | 116 | 6 | - | 69 | 69 |
| III | 4 | 83 | 87 | 7 | 9 | 135 | 144 |
| IV | 8 | 105 | 113 | 8 | 13 | 144 | 157 |
| വയലത്തല സർക്കിൾ | | | | ചെറുകോൽ സർക്കിൾ | | | |

## പട്ടിക 2

| വർഷം | SC / ST | Others | Total | W.H. | P.H. | മുതൽ മുടക്ക് | | പ്രതിശീർഷ കുടുംബ നിക്ഷേപം |
|---|---|---|---|---|---|---|---|---|
| | | | | | | വായ്പ | ധനസഹായം | |
| 1992-93 | 5 | 24 | 29 | 7 | 1 | 104000 | 87000 | 6586 |
| 1993-94 | 5 | 38 | 43 | 11 | 3 | 231000 | 111000 | 7953 |
| 1994-95 | 3 | 18 | 21 | 10 | 1 | 149000 | 98000 | 11761 |
| 1995-96 | 7 | 33 | 40 | 16 | - | 458000 | 157000 | 15375 |

ഗ്രാമവികസന വകുപ്പിന്റേതായി പ്രവർത്തിക്കുന്നു. ഈ ഓഫീസുകൾ മുഖേന 1991 - 92-ൽ തയ്യാറാക്കിയ I.R.D.P. ലിസ്റ്റിൽ ചെറുകോൽ ഗ്രാമപഞ്ചായത്തിൽ 869 കുടുംബങ്ങളാണുള്ളത്. നേരത്തെ ഈ പദ്ധതിയിൽ സഹായിച്ച കുടുംബങ്ങളെ ഒഴിവാക്കിയാണ് ഈ സർവ്വേ നടത്തിയിട്ടുള്ളത്.

രണ്ടു സർക്കിളുകളിലായി 57 SC / ST കുടുംബങ്ങളും 812 ഇതര കുടുംബങ്ങളും ഉൾപ്പെടെ 869 പേർ ഈ പട്ടികയിൽ പെടുന്നു. ഇവരിൽ 15 പേർ വികലാംഗരാണ്.

ചെറുകോൽ പഞ്ചായത്തിൽ I.R.D.P. പദ്ധതിപ്രകാരം 1992 - 93 മുതൽ സഹായം ലഭിച്ച കുടുംബങ്ങളുടെ എണ്ണം പട്ടിക -ൽ ചേർക്കുന്നു.

നടപ്പുസാമ്പത്തികവർഷം ചെറുകോൽ വയലത്തല സർക്കിളുകളിലായി 32 കുടുംബങ്ങളെ സഹായിക്കണമെന്നുള്ളതാണ് ലക്ഷ്യം. I.R.D.P. വായ്പകൾ വാങ്ങാൻ ധാരാളം ഗുണഭോക്താക്കൾ മുന്നോട്ടു വരുന്നെങ്കിലും പലരും ഫലപ്രദമായി വിനിയോഗിക്കാറില്ല. കൃത്യമായി വായ്പ തിരിച്ചടയ്ക്കാത്തതുമൂലം പലർക്കും ബാങ്കുനടപടികളും റവന്യൂറിക്കവറിയും നേരിടേണ്ടിവരുന്നു. കൃത്യമായ തിരിച്ചടവില്ലാത്തതുമൂലം പല ധനകാര്യസ്ഥാപനങ്ങളും പുതിയ വായ്പ നൽകുവാൻ മടി കാണിക്കുന്നുണ്ട്.

### പഞ്ചായത്തിൽ ആവശ്യമായ കക്കൂസുകളുടെ എണ്ണം

#### പട്ടിക 4

| വാർഡ് | കക്കൂസുകൾ |
|---|---|
| I | 55 |
| II | 85 |
| III | 64 |
| IV | 100 |
| V | 60 |
| VI | 24 |
| VII | 80 |
| VIII | 127 |
| ആകെ | 595 |

പഞ്ചായത്തിൽ ബാങ്കുകളുടെ എണ്ണം പരിമിതമാകയാൽ അധികം പേർക്കും ആനുകൂല്യം ലഭിക്കുന്നില്ലാ എന്ന് പരാതിയുണ്ട്. ബാങ്കിന്റെ സേവനം പരിമിതമായി മാത്രം കിട്ടുന്ന വയലത്തലയിലും കാട്ടൂരിലും ഓരോ പുതിയ ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്ക്ശാഖകൾ തുറക്കുവാൻ ഗ്രാമസഭകളിൽ ശക്തമായ ആവശ്യം ഉയർന്നിട്ടുണ്ട്.

## ട്രൈസം.

ഗ്രാമീണ യുവജനങ്ങൾക്ക് ചെറുകിട-കുടിൽ വ്യവസായ മേഖലകളിൽ സ്വയം പരിശീലനം നൽകി അവർക്ക് I.R.D.P. യുടെ പൂർണ്ണ പ്രയോജനം ലഭിക്കുവാനുദ്ദേശിച്ചുള്ള പരിപാടിയാണിത്. പരിശീലനാനന്തരം വായ്പയും സബ്സിഡിയും നൽകി, നിശ്ചിതമേഖലയിൽ അവർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നു. കഴിഞ്ഞ വർഷങ്ങളിൽ ചെറുകോൽപഞ്ചായത്തിൽ SC / ST വിഭാഗത്തിൽ 3 പേരും മറ്റു വിഭാഗത്തിൽ 8 പേരും ട്രൈസം പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്. നിലവിൽ 2 പേർ പരിശീലനം നടത്തുന്നുണ്ട്.

**പഞ്ചായത്തിൽ അനുവദിച്ച കക്കൂസുകളുടെ വിവരം**

**Untied, JRY, CRSP പദ്ധതികൾ**

**പട്ടിക 3**

| വർഷം | SC/ST | OC | Total | തുക |
|---|---|---|---|---|
| 93-94 | 21 | 4 | 25 | 37500 |
| 94-95 | 6 | 6 | 12 | 21000 |
| 95-96 | 7 | 81 | 88 | 135000 |
| 96-97 | 17 | 45 | 62 | 124000 |

## സാമൂഹ്യക്ഷേമപദ്ധതികൾ

പഞ്ചായത്തിൽ 48 പേർക്ക് വികലാംഗ പെൻഷനും 43 പേർക്ക് വിധവാ പെൻഷനും 17 പേർക്ക് വാർദ്ധക്യകാല പെൻഷനും ലഭിക്കുന്നുണ്ട്. പ്രധാനമന്ത്രിയുടെ ചികിത്സാസഹായനിധിയിൽ നിന്നും 95 - 96ൽ പഞ്ചായത്തിലെ രണ്ടു പേർക്ക് ചികിത്സാസഹായം ലഭിച്ചിട്ടുണ്ട്.

## അംഗൻവാടികൾ

ചെറുകോൽ പഞ്ചായത്തിൽ നടപ്പുവർഷം മുതലാണ് സംയോജിത ശിശുവികസനക്ഷേമപദ്ധതി ആരംഭിക്കുന്നത്. പഞ്ചായത്തിൽ 13 അംഗൻവാടികൾ തുടങ്ങുവാനാണുദ്ദേശിക്കുന്നത്. ഇവയിൽ വർക്കർമാരായും സഹായികളായും 26 സ്ത്രീകൾക്ക് തൊഴിൽ ലഭിക്കുവാൻ ഈ സംരംഭം സഹായിക്കും.

## പൊതുവിതരണം

പഞ്ചായത്തിൽ കീക്കൊഴൂർ, ചാക്കപ്പാലം, അന്ത്യാളൻകാവ്, വയലത്തല, കുടിലുമുക്ക്, കാട്ടൂർ, വാഴക്കുന്നം, കാട്ടൂർപേട്ട, കച്ചേരിപ്പടി എന്നിവിടങ്ങളിലായി എട്ടു പൊതുവിതരണകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. സഹകരണമേഖലയിൽ പൊതുവിതരണസംവിധാനം ഈ പഞ്ചായത്തിലില്ല. പഞ്ചായത്തിലെ കീക്കൊഴൂർ, വയലത്തല, വാഴക്കുന്നം എന്നീ ഭാഗങ്ങളിൽ ഓരോ മാവേലിസ്റ്റോറുകൾ തുറക്കേണ്ടിയിരിക്കുന്നു.

## നിർദ്ദേശങ്ങൾ

1. സ്വന്തമായി വീടില്ലാത്ത എല്ലാ കുടുംബങ്ങൾക്കും വീടിനുള്ള സാമ്പത്തിക സഹായം നല്കുക.
2. സ്വന്തമായി കക്കൂസില്ലാത്ത എല്ലാ കുടുംബങ്ങൾക്കും കക്കൂസ് പണിഞ്ഞു നല്കുക.
3. അർഹതപ്പെട്ട എല്ലാവരും കർഷക തൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ എന്നിവ നല്കുക.
4. തൊഴിലില്ലായ്മാ വേതനം കാര്യക്ഷമമായ വിതരണം ചെയ്യുക.
5. പകർച്ച വ്യാധി നിർമ്മാർജ്ജനം അടിയന്തിരഘട്ടങ്ങളിൽ ചെയ്യുക.
6. നിർദ്ദനരായ കുടുംബങ്ങൾക്ക് സൗജന്യമായി വീടുകൾ വൈദ്യുതീകരിച്ചു നല്കുക.
7. നിർദ്ദനരായ കുട്ടികൾക്ക് പഠനോപകരണങ്ങൾ സൗജന്യമായി നല്കുക.
8. പഞ്ചായത്തു തലത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പുകൾ നടത്തുക.
9. നിർദ്ദനരായ ആളുകൾക്ക് സൗജന്യമായി തയ്യൽ മെഷീൻ നല്കി സഹായിക്കുക.



"ഓരോരുത്തരും അവരവരുടെ നെറ്റി വിയർക്കെ പണിയെടുത്തു ജീവിച്ചെങ്കിൽ ഭൂമിസ്വർഗമായി മാറുമായിരുന്നു."

ഗാന്ധിജി

"എല്ലാവരുടെയും അത്യാവശ്യങ്ങൾ നിറവേറ്റാൻ വേണ്ട വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്. എന്നാൽ ആരുടെയും ദുരയെ തൃപ്തിപ്പെടുത്തുവാൻ വിഭവങ്ങളില്ലതാനും."

ഗാന്ധിജി

5-3E

# പട്ടികജാതി പട്ടികവർഗ്ഗം

ഭാരതത്തിന്റെ ഭരണഘടനാ ശില്പി ഡോ. അംബേദ്കറുടെ മാർഗ്ഗദർശനം അണയാതെ സൂക്ഷിയ്ക്കുവാൻ അശ്രാന്തപരിശ്രമം ചെയ്യുന്ന അദ്ധ്വാനിയ്ക്കുന്ന ജനവിഭാഗം. ചരിത്രത്തിന്റെ ഏടുകളിലെ, ഗുരുവായൂർ, വൈക്കം സത്യാഗ്രഹങ്ങളുടെ അലയടികളിൽനിന്നും ആവേശം ഉൾക്കൊണ്ട് എല്ലാ മേഖലകളിലും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്നുവന്നു കഴിഞ്ഞ അഥവാ കടന്നുകൊണ്ടിരിക്കുന്നു.

പഞ്ചായത്തിലെ ജനങ്ങളിൽ 5.35% പട്ടികജാതി, പട്ടികവർഗ്ഗവിഭാഗത്തിൽപെട്ടവരാണ്. ഒന്ന്, രണ്ട് വാർഡുകളിലായി വ്യാപിച്ചുകിടക്കുന്ന ശ്രീരാമവിലാസം കോളനി, നാലാം വാർഡിലെ അന്ത്യാളംകാവ് കോളനി, അഞ്ചാംവാർഡിലെ പതാലിപ്പാറ, ഏഴാം വാർഡിലെ കൊറ്റനല്ലൂർ കോളനി എന്നീ അംഗീകൃത കോളനികളിലും ലക്ഷംവീട് കോളനികൾ, മിച്ചഭൂമി തുടങ്ങിയവയിലും കൂടാതെ ഒറ്റപ്പെട്ട കുടുംബങ്ങളിലുമായി 131 വീടുകളും 746 ൽപരം ജനങ്ങളുമുണ്ട്. ഇതിൽ 360 പുരുഷന്മാരും 386 സ്ത്രീകളുമാണ്.

കഴിഞ്ഞ എട്ടുവർഷത്തിനുള്ളിൽ പഞ്ചായത്തും വിവിധ ഏജൻസികളും മുഖേന 98% കുടുംബങ്ങൾക്കും വീടുകളും കക്കൂസുകളും നിർമ്മിച്ചു നല്കിയിട്ടുണ്ട്.

മിക്കവാറും കുടുംബങ്ങൾക്കെല്ലാം കിണറുകൾ ഉണ്ടെങ്കിലും വേനൽക്കാലത്ത് അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. കൊറ്റനല്ലൂർ കോളനി വൈദ്യുതീകരിക്കുകയും അവിടെ പൊതു ഉപയോഗത്തിനായി കെട്ടിടം നിർമ്മിച്ചു നല്കുകയും ചെയ്തിട്ടുണ്ടെങ്കിലും മറ്റു പല കോളനികളിലും ഇന്നും വൈദ്യുതി എത്തിയിട്ടില്ല. ചില കോളനി റോഡുകളുടെ സ്ഥിതിയും ശോചനീയം തന്നെ.

ഭൂരിപക്ഷം ആളുകളും കുടുംബം പോറ്റുവാൻ പകലന്തിയോളം പണി എടുക്കുന്നവരാണ്. എങ്കിലും തങ്ങളുടെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്ന കാര്യത്തിൽ തല്പരരാണെന്നുള്ളത് ശ്രദ്ധേയമാണ്. സിവിൽ/ഗവർമെന്റ് സർവ്വീസുകളിൽ ജോലിയുള്ളവരുണ്ടെങ്കിലും അവരുടെ സംഖ്യ വളരെ പരിമിതമാണ്. സമൂഹത്തിന്റെ എല്ലാ രംഗങ്ങളിലും സജീവമായി പങ്കെടുക്കുന്ന ധാരാളം ആളുകൾ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിലുണ്ട്.

കലാ-സാംസ്കാരിക-കായികരംഗങ്ങളിൽ കഴിവുറ്റ പ്രതിഭകൾ ഈ സമൂഹത്തിലുണ്ട്. പക്ഷെ അവർക്കാവശ്യമായ പ്രോത്സാഹനവും പ്രചോദനവും ലഭിക്കുന്നില്ല എന്നുള്ളതാണ് സത്യം.

## നിർദ്ദേശങ്ങൾ

1. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൗജന്യ ട്യൂഷൻ ഏർപ്പെടുത്തുക
2. പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക് അനുവദിക്കുന്ന ലോണുകൾക്ക് ബാങ്കുകളിൽനിന്നും കാലതാമസം ഉണ്ടാകാതിരിക്കുന്നതിനുള്ള സംവിധാനം ചെയ്യുക.
3. എല്ലാ അംഗീകൃത കോളനികളിലും പൊതു കിണർ, കക്കൂസ്, ശ്മശാനം ഇവ ഉണ്ടാക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുക.
4. വാർത്താവിനിമയ മാദ്ധ്യമങ്ങളായ റേഡിയോ, ടെലിവിഷൻ തുടങ്ങിയവ പട്ടിക ജാതി കോളനികളിൽ സ്ഥാപിക്കുക.

5. പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട കലാകായിക സാംസ്കാരിക പ്രതിഭകളെ കണ്ടെത്തി അവർക്ക് പ്രോത്സാഹനവും സാമ്പത്തിക സഹായവും നല്കുക.

6. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട വനിതകൾക്ക് പ്രത്യേക തൊഴിൽ പരിശീലനം നൽകുക.

7. എല്ലാ പട്ടികജാതി കോളനികളും വൈദ്യുതീകരിക്കുക

8. ആധുനിക കൃഷിയന്ത്രങ്ങൾ സൗജന്യനിരക്കിൽ വിതരണം ചെയ്യുക.

9. കോളനികളിലെ കുടിവെള്ള ക്ഷാമത്തിന് ശാശ്വതപരിഹാരം കാണുക.

10. കർഷക തൊഴിലാളി പെൻഷൻ അർഹരായവർക്ക് നല്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുക.

11. പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലേയ്ക്ക് ഉള്ള പാതകൾ സഞ്ചാര യോഗ്യമാ ക്കുക.

12. നിലവിലുള്ള വീടുകളുടെ പുനരുദ്ധാരണ പണികൾക്ക് സാമ്പത്തികസഹായം നല്കുക.

13. പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിന് കുളി മുറികളും തൊഴുത്തുകളും നിർമ്മിയ്ക്കാനാവശ്യമായ സഹായം നല്കുക.

14. ആടുപാറത്തോട്ടിൻ കനാൽ പാലത്തിനു സമീപമുള്ള നീരൊഴുക്ക് ഭാഗം പടവുകൾ കെട്ടി കുളമായി രൂപാന്തരപ്പെടുത്തുക.

## പട്ടിക 1

## പട്ടികജാതി പട്ടികവർഗ്ഗ കോളനി

| ക്രമനമ്പർ | വാർഡ് | കോളനി | കുടുംബങ്ങളുടെ എണ്ണം | അംഗസംഖ്യ |
|---|---|---|---|---|
| 1 | I, II | ശ്രീരാമവിലാസം | 21 | 105 |
| 2 | IV | അന്ത്യാളൻകാവ് | 14 | 70 |
| 3 | V | പതാലിപ്പാറ | 8 | 30 |
| 4 | VII | കൊറ്റനല്ലൂർ | 11 | 33 |

## പട്ടികജാതി പട്ടികവർഗ്ഗം

## പട്ടിക 2

| വാർഡ് | ആകെ കുടുംബങ്ങൾ | വീട് ആവശ്യക്കാർ | വീടിനുള്ള സ്ഥലംആവശ്യക്കാർ | വൈദ്യുതി വേണ്ടവർ | കക്കൂസ് വേണ്ടവർ | ഗിരിജൻ കുടുംബം |
|---|---|---|---|---|---|---|
| 1 | 19 | 4 | 2 | 10 | 5 | 1 |
| 2 | 20 | 3 | – | 20 | 5 | 3 |
| 3 | 3 | 1 | – | 2 | 2 | – |
| 4 | 30 | 2 | – | – | – | – |
| 5 | 10 | 1 | – | 10 | 10 | – |
| 6 | – | – | – | – | – | – |
| 7 | 14 | – | – | 5 | 3 | – |
| 8 | 35 | 5 | 4 | 12 | 15 | – |

5 - 3F

# സഹകരണ പ്രസ്ഥാനം

ഭാരതത്തിൽ സഹകരണപ്രസ്ഥാനം ആരംഭിച്ചകാലം കൃത്യമായി പറയുവാൻ പ്രയാസമാണ്. ഇത് ഒരു ജീവിതരീതി എന്ന നിലയിൽ നമ്മുടെ രാജ്യത്ത് നിലനിന്നിരുന്നതായി ചരിത്രരേഖകളിൽ നിന്നും മനസ്സിലാക്കാൻ കഴിയും. 1904-ൽ ഇംപീരിയൽ ലജിസ്ലേറ്റീവ് കൗൺസിൽ പാസ്സാക്കിയ ബില്ല് അനുസരിച്ച് സഹകരണനിയമം ഭാരതത്തിൽ നിലവിൽ വന്നു.

തിരുവിതാംകൂറിൽ 1914-ലാണ് സഹകരണ പ്രസ്ഥാനം രൂപം കൊണ്ടത്. പ്രധാനമായും ആദ്യകാലത്ത് പ്രവർത്തിച്ചിരുന്ന വായ്പ സംഘങ്ങൾ ക്ലിപ്തരഹിതബാദ്ധ്യതകളോടുകൂടിയ സംഘങ്ങളായിരുന്നു. ഓഹരികളും നിക്ഷേപങ്ങളും കുറവായതിനാൽ 1918 മുതൽ ക്ലിപ്തബാദ്ധ്യതകളോടുകൂടിയ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനനുവദിച്ചും 1931-32 ലെ സാമ്പത്തിക തകർച്ച പ്രസ്ഥാനത്തെ ആകപ്പാടെ തളർത്തിക്കളഞ്ഞു. തിരുവിതാംകൂർ, കൊച്ചി സംയോജനത്തിനുശേഷം 3-2-1952-ൽ തിരു കൊച്ചി സഹകരണനിയമം പ്രാബല്യത്തിൽ വന്നു. കാലക്രമത്തിൽ ജില്ലാബാങ്കുകളും, സംസ്ഥാനസഹകരണബാങ്കുകളും നിലവിൽ വരികയും ജില്ലയിലെ പ്രാഥമിക ബാങ്കുകൾ ജില്ലാ ബാങ്കിലെ അംഗങ്ങളാകുകയും ചെയ്തു.

1-11-1956-ൽ ഭാഷാടിസ്ഥാനത്തിൽ കേരള സംസ്ഥാനം രൂപം കൊണ്ടപ്പോൾ ഭാഷ, ആചാരം, സംസ്കാരം ഇവകൊണ്ട് ഏകീകരിക്കപ്പെട്ട ഒരു ജനതയ്ക്ക് ഒരു ഭരണയന്ത്രത്തിൽ കീഴിൽ പ്രവർത്തിക്കാനുള്ള അവസരം ലഭിച്ചു. ഈ ഭാഗ്യം സഹകരണസ്ഥാപനങ്ങൾക്കും ലഭ്യമായെങ്കിലും 1969-ലെ സഹകരണനിയമം നടപ്പിലാകുന്നതു വരെ കേരളത്തിലെ സഹകരണസംഘങ്ങൾ രണ്ടു വ്യത്യസ്ത നിയമങ്ങൾക്കു വിധേയമായി പ്രവർത്തിക്കേണ്ടിവന്നു. 1932-ലെ തിരുകൊച്ചി സഹകരണനിയമവും ഇതോടുകൂടി റദ്ദാക്കപ്പെട്ടു. കേരള സഹകരണനിയമം നടപ്പിൽ വന്നതോടുകൂടെ പ്രസ്ഥാനത്തിന്റെ നടത്തിപ്പിലും വളർച്ചയിലും കാര്യമായ മാറ്റങ്ങൾ വന്നിട്ടുണ്ട്. പിന്നീട് കാലാകാലങ്ങളിൽ വരുത്തിയ നിയമഭേദഗതികളും സർക്കാരിന്റെ മേൽനോട്ടവും ഈ പ്രസ്ഥാനത്തെ വളരെയധികം സഹായിച്ചിട്ടുണ്ടെങ്കിലും കാലാനുസൃതമായ മാറ്റങ്ങൾ ഇനിയും വരേണ്ടതായിട്ടുണ്ട്.

തിരുവിതാംകൂറിൽ സഹകരണപ്രസ്ഥാനം ആരംഭിച്ച് അധികം താമസിയാതെ ചെറുകോൽ പഞ്ചായത്തിലും (അന്നത്തെ ചെറുകോൽ വില്ലേജ്) പ്രവർത്തനം ആരംഭിച്ചു. 1918-ൽ കീക്കൊഴൂർ കേന്ദ്രമാക്കി ക്രൈസ്തവ പരസ്പരസഹായസഹകരണസംഘം ആരംഭിച്ചതായി രേഖകൾ ഉണ്ട്. അതിനെ തുടർന്ന് വയലത്തല, കാട്ടൂർ പ്രദേശങ്ങൾ ഉൾക്കൊള്ളിച്ച് ഒരു സംഘം 1925-ൽ ആരംഭിച്ചു. കൂടാതെ കാട്ടൂർ കേന്ദ്രമാക്കിയും ഒരു സംഘം പ്രവർത്തിച്ചിരുന്നു.

## I. കീക്കൊഴൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 64

1094-ാം മാണ്ട് ആണ് ചെറുകോൽ ഗ്രാമപഞ്ചായത്തിൽ ആദ്യമായി ഒരു പരസ്പര സഹായ സഹകരണസംഘം (ക്ലിപ്തം നമ്പർ 64) ആയി രജിസ്റ്റർ ചെയ്യുന്നത്. അന്നത്തെ പ്രബലന്മാരായ നാട്ടുകാരുടെ സഹായവും നേതൃത്വവും ഈ പ്രസ്ഥാനം കോട്ടംകൂടാതെ വളർച്ച പ്രാപിക്കുന്നതിന് ഇടയാക്കി. കീക്കൊഴൂർ സർവ്വീസ് സഹകരണബാങ്കിൽ 1900 അംഗങ്ങൾ ഉണ്ട്. ചെറുകോൽ പഞ്ചായത്തിലെ ഒന്നാം വാർഡു മുഴുവനും രണ്ടും, മൂന്നും വാർഡുകളിൽ കുറെ ഭാഗങ്ങളും ഈ ബാങ്കിന്റെ പ്രവർത്തനപരിധിയിൽ ഉൾപ്പെടുന്നു. 57 ലക്ഷം രൂപ സ്ഥിരനിക്ഷേപവും 8 ലക്ഷം രൂപ ഹ്യസ്വകാല നിക്ഷേപവും ഉണ്ട്. ഏകദേശം 37 ലക്ഷം രൂപ വായ്പയിനത്തിൽ വിതരണംചെയ്യുന്നുണ്ട്. വളം, ആസിഡ് മുതലായ വ്യാപാരവും, നിക്ഷേപസമാഹരണം, സഹകരണവാരം മുതലായവയും നടത്തുന്നുണ്ട്.

## II. വയലത്തല സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ 1041

1925-ൽ വയലത്തല, കാട്ടൂർ പ്രദേശങ്ങൾ ചേർന്നു ഒരു പരസ്പര സഹകരണസംഘം രജിസ്റ്റർ ചെയ്തു. പ്രഥമയോഗത്തിൽ പൗരപ്രമുഖന്മാരായ 50 പേർ ഹാജരായതായും അന്നുതന്നെ പ്രസിഡണ്ടിനെയും, സെക്രട്ടറിയേയും, കമ്മറ്റിക്കാരേയും തെരഞ്ഞെടുത്തതായും രേഖകൾ ഉണ്ട്. ഇപ്പോൾ ഇതിന്റെ പ്രവർത്തന ചെറുകോൽ പഞ്ചായത്ത് 4-ാം വാർഡ് മുഴുവനും രണ്ടും മൂന്നും വാർഡുകളുടെ ഭാഗങ്ങളും ഉൾപ്പെടുന്നു. ചെറുകോൽ പഞ്ചായത്തിലെ മലമ്പ്രദേശങ്ങളായ വയലത്തല, അന്ത്യാളൻകാവ്, കാട്ടൂർ എന്നീ ഭാഗങ്ങളിലുള്ള പൊതുജനങ്ങളുടെ നന്മയെ ലാക്കാക്കി പ്രവർത്തിക്കുന്ന സ്ഥാപനമാണിത്. 2,200 അംഗങ്ങളും നാലുലക്ഷത്തിൽ പരം ഓഹരി മൂലധനവും എഴുപത്തയ്യായിരം രൂപയോളം ഗവൺമെന്റ് ഓഹരിയുമുള്ള ഈ സ്ഥാപനത്തിന് ഒരു കോടി മുപ്പതുലക്ഷം രൂപ സ്ഥിര നിക്ഷേപവും ഇരുപത്താറുലക്ഷത്തോളം ഹ്രസ്വകാല നിക്ഷേപവും ഉണ്ട്. അമ്പതുലക്ഷത്തോളം രൂപ വിവിധയിനം വായ്പകളായി നൽകിയിട്ടുണ്ട്. ഒരു കൺസ്യൂമർ സ്റ്റോറും, ഒരു നിത്യ വ്യാപാരവും, റബ്ബറിനാവശ്യമായ വളം, തുരിശ്, ആസിഡ്, മുതലായവയും വ്യാപാരം നടത്തുന്നു. ഉത്സവ ചന്തകളും സഹകരണവാരവും നിക്ഷേപസമാഹരണവും നടത്തി ജനങ്ങൾക്ക് നന്മയും സഹകരണബോധവും ഉളവാക്കുകയും ലാഭമായി പ്രവർത്തിക്കുകയും ചെയ്യുന്നു. സ്ഥലസൗകര്യങ്ങൾ പരിമിതമായതുകൊണ്ട് മുകളിലത്തെ നില കൂടി പണിത് വ്യാപാരം അഭിവൃദ്ധിപ്പെടുകയും ബാങ്ക് ഇടപാടുകൾ കൂടുതൽ സൗകര്യമായി ചെയ്യാനും നടപടികൾ സ്വീകരിച്ചു വരുന്നു. ജനനന്മയെ ലക്ഷ്യമാക്കി "8" ചിട്ടികൾ ഇപ്പോൾ നടത്തി വരുന്നു. സഹകാരികളുമായി ഉറ്റ ബന്ധം പുലർത്തുന്നതിനാൽ സമയപരിധിയില്ലാതെ പ്രവർത്തിക്കുന്നു. ഭരണസമിതിയും ജീവനക്കാരും സഹകാരികളും ഒരുപോലെ കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

## III ചെറുകോൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 488

ചെറുകോൽ പഞ്ചായത്തിൽ V,VI, VII, VIII എന്നീ വാർഡുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഒരു സഹകരണസ്ഥാപനമാണിത്. 1974-ൽ ആണ് ഇതിന്റെ ആരംഭം. 2552 അംഗങ്ങളും മൂന്നു ലക്ഷം രൂപ ഓഹരി മൂലധനവും അത്രയും തന്നെ ഗവൺമെന്റ് ഓഹരിയും ഇവിടെയുണ്ട്. പത്തു ലക്ഷം രൂപ നിക്ഷേപവും "6" ലക്ഷം രൂപ ഹ്രസ്വകാല നിക്ഷേപങ്ങളും ഉണ്ട്. വായ്പ വിതരണ രംഗത്ത് ഇത് മുൻപന്തിയിലാണ്. 35 ലക്ഷത്തോളം രൂപയാണ് വിവിധയിനം വായ്പകൾ വിതരണം ചെയ്തിട്ടുള്ളത്. ഉത്സവ ചന്ത, സഹകരണവാരം നിക്ഷേപസമാഹരണം മുതലായവ കാലാകാലങ്ങളിൽ നടത്തുന്നു. ചിട്ടികൾ നടത്തി ജനങ്ങളെ സമ്പാദ്യശീലമുള്ളവരാക്കുവാനും കഴിഞ്ഞിട്ടുണ്ട്.

## B. മറ്റു സഹകരണസ്ഥാപനങ്ങൾ

### I. ക്ഷീരോല്പാദക സംഘം വയലത്തല

വയലത്തല കേന്ദ്രമാക്കി ഒരു ക്ഷീരോല്പാദക സംഘം പ്രവർത്തിക്കുന്നുണ്ട്. ഒരു മാസം ശരാശരി ആറായിരം ലിറ്റർ പാൽ ശേഖരിക്കുന്നു. 500 ലിറ്ററോളം പഞ്ചായത്തിൽ വിതരണം നടത്തുന്നു. അയ്യായിരത്തി അഞ്ഞൂറ് ലിറ്റർ പുറത്തേക്ക് അയക്കുന്നു. പഞ്ചായത്തിലെ ഏക ക്ഷീരോല്പാദക സംഘമാണ് ഇത്.

## II ഇന്ത്യൻ ഓവർസീസ് ബാങ്ക്- കീക്കൊഴൂർ

വിവിധ ഇനങ്ങളിലായി 7.50 കോടി രൂപയോളം ഡിപ്പോസിറ്റുള്ള ഒരു സ്ഥാപനമാണ്. അതിൽ ഒരു കോടി രൂപ വിവിധയിനം വായ്പകളായി കൊടുത്തിട്ടുണ്ട്. കൃഷി, വ്യവസായം, സ്വയംതൊഴിൽ, ദാരിദ്ര നിർമ്മാർജ്ജനം എന്നീ ഇനങ്ങളിൽ ഉദാരമാക്കി വായ്പ നൽകുന്നു.

## III വൈശ്യാ ബാങ്ക്

പഞ്ചായത്തിൽ ചെറുകോൽ കേന്ദ്രമാക്കി വൈശ്യാ ബാങ്ക് പ്രവർത്തിക്കുന്നു.

### ചെറുകോൽ പഞ്ചായത്തിലെ സഹകരണബാങ്കുകൾ ഇനം തിരിച്ചുള്ള വിവരങ്ങൾ

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | ആരംഭിച്ച വർഷം | പ്രവർത്തന പരിധി | അംഗങ്ങൾ | ഓഹരി മൂലധനം | നിക്ഷേപം | | കൊടുത്ത വായ്പ | | വായ്പ കുടിശിക | ലാഭം \ നഷ്ടം | സ്ഥാപനത്തിന്റെ ചെലവ് | വാങ്ങിയ വായ്പ | പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | സ്ഥിരം | ഹ്രസ്വകാലം | കാർഷികം | മറ്റ് ഇനം | | | | | |
| 1. | കീക്കൊഴൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 64 | 1094(ME) | ഒന്നാം വാർഡും രണ്ടും മൂന്നും വാർഡിന്റെ ഭാഗങ്ങളും | 1909 | മുപ്പത്താറായിരം | 57 ലക്ഷം | 8 ലക്ഷം | അയ്യായിരം | മുപ്പത്തഞ്ച് ലക്ഷം | ഏഴുലക്ഷം | നഷ്ടം | ഒന്നരലക്ഷം | മൂവായിരം | വായ്പാ വിതരണം നിക്ഷേപങ്ങൾ സ്വീകരിക്കുക വളം, ആസിഡ് മുതലായ വ്യാപാരം |
| 2. | വയലത്തല സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1041 | 1101(ME) | നാലാം വാർഡും രണ്ടും മൂന്നും വാർഡിന്റെ ഭാഗങ്ങളും | 2118 | നാലുലക്ഷം | 130 ലക്ഷം | 20 ലക്ഷം | രണ്ട് ലക്ഷം | 48 ലക്ഷം | ആറ് ലക്ഷം | ലാഭം | രണ്ട് ലക്ഷം | ഇല്ല | ബാങ്കിംഗ് ഇടപാടുകൾ, വായ്പാ വിതരണം, ചിട്ടി, സ്വർണ്ണ പണയം, കൺസ്യൂമർ, വളം ഡിപ്പോ, ടെക്സ്റ്റൈയിൽ, മാവേലി സ്റ്റോർ, ഉത്സവ ചന്ത |
| 3. | ചെറുകോൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 488 | 1974 | V,VI, VII,VIII എന്നീ വാർഡുകൾ | 2552 | മൂന്നുലക്ഷം | 10 ലക്ഷം | 6 ലക്ഷം | 11 ലക്ഷം | 12 ലക്ഷം | 25 ലക്ഷം | നഷ്ടം | ഒന്നേമുക്കാൽ ലക്ഷം | പതിനൊന്ന് ലക്ഷം | വായ്പാവിതരണം, നിക്ഷേപസമാഹരണം, വളം, ആസിഡ്വില്പന, ഓണചന്ത, ചിട്ടികൾ |

## നിർദ്ദേശങ്ങൾ

1. ഇന്നത്തെ സാഹചര്യത്തിൽ നിയമവും, സഹ കരണപ്രസ്ഥാനവും ഒത്തു ചേർന്നു പോകുവാൻ സാധിക്കുന്നില്ല.

   ആവശ്യമായ നിയമഭേദഗതി നടത്തി കമ്മറ്റികൾക്ക് കൂടുതൽ അധികാരം നൽകിയാൽ വായ്പ നൽകുന്നതിന് ഉള്ള കാലതാമസം ഒഴിവാക്കാവുന്നതാണ്.
2. വ്യവസായ സഹകരണസംഘം ആരംഭിക്കുക
3. ഒരു റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി സ്ഥാപിക്കുക
4. പഞ്ചായത്തിൽ ഒരു വനിതാ വ്യവസായ സഹകരണസംഘം ആരംഭിക്കുക
5. കാർഷിക വായ്പയുടെ പലിശ കുറച്ച് ലോൺ നൽകാനുള്ള ക്രമീകരണങ്ങൾ ചെയ്യുക
6. വിവാഹം/വിദേശയാത്ര/ ഭവനനിർമ്മാണം തുടങ്ങിയ രംഗത്തെ ആവശ്യക്കാർക്ക് കുറഞ്ഞ പലിശനിരക്കിൽ ലോൺ നൽകുക
7. സഹകരണരംഗത്തെ മുന്നേറ്റത്തിന് നമ്മുടെ പഞ്ചായത്ത് മുന്നിൽ വരാൻ ഓരോ കുടുംബത്തിൽ നിന്നും ഒരാളെങ്കിലും അതതു സഹകരണസംഘങ്ങളിൽ അംഗമാകുക.
8. പഞ്ചായത്തിൽ വിവിധ സ്ഥലങ്ങളിൽ ക്ഷീരോല്പാദക സംഘങ്ങൾ ആരംഭിക്കേണ്ടതാവശ്യമാണ്.
9. പഞ്ചായത്തിൽ ബാങ്കിന്റെ സേവനം പരിമിതമായി മാത്രം കിട്ടുന്ന വയലത്തലയിലും കാട്ടൂരിലും ഓരോ പുതിയ ദേശസാൽകൃത/ ഷെഡ്യൂൾഡ് ബാങ്ക് ശാഖകൾ തുറക്കുവാൻ ഗ്രാമസഭകളിൽ ആവശ്യം ഉയർന്നിട്ടുണ്ട്.



# 5 - 3G

# വനിത

ഈ കാലഘട്ടത്തിൽ വനിതാ വിമോചന പ്രസ്ഥാനങ്ങൾ നാടെങ്ങും സജീവമായിരിക്കുകയാണ്. വനിതകൾ സമൂഹത്തിന്റെ എല്ലാ തലങ്ങളിലും കഴിവു പ്രകടിപ്പിക്കുകയും മികവു തെളിയിക്കുകയും ചെയ്തിരിക്കുന്നു. ഭരണപരമായ കാര്യങ്ങളിൽ സജീവമായി ഇടപെടാൻ സ്ത്രീകൾ പ്രാപ്തരാണ്. എന്നാൽ ഗ്രാമങ്ങളിലെ സ്ത്രീകൾ ഇതൊന്നുമറിയാതെ വീടുകളിൽ ഒതുങ്ങിക്കൂടുകയാണ്. നിലവിൽ വന്ന പഞ്ചായത്ത് രാജ് സംവിധാനത്തിൽ സ്ത്രീകൾക്ക് വർദ്ധിച്ച പ്രാതിനിധ്യമാണുള്ളത്. ഇന്ത്യയിൽ വിപ്ലവം സൃഷ്ടിച്ച ഭരണഘടനാ ഭേദഗതിയിലൂടെ സ്ത്രീകൾ ഭരണത്തിന്റെ മുഖ്യധാരയിലേക്ക് ഇന്നു കടന്നു വന്നിരിക്കുന്നു. സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം ഇന്ത്യയിൽ നടന്ന ജനകീയ പരിഷ്ക്കാരങ്ങളിൽ അവിസ്മരണീയമാണ് ഈ സ്ത്രീ മുന്നേറ്റം. ഈ പഞ്ചായത്തിലെ ഭൂരിപക്ഷം പെൺകുട്ടികളാണ് വിദ്യാഭ്യാസത്തിൽ മുൻപന്തിയിൽ. ഉന്നത വിദ്യാഭ്യാസത്തിലും ഉയർന്ന ജോലികളിലും സ്ത്രീകളുടെ പങ്കാളിത്തം കൂടി വരുന്നു. അദ്ധ്യാപന രംഗത്തും അവർ മുൻപന്തിയിലാണ്.

1991 ലെ സെൻസസ് പ്രകാരം കേരളത്തിൽ സ്ത്രീ പുരുഷ അനുപാതം 1000:1036 ആണ്. അഖിലേന്ത്യാ നിരക്കാകട്ടെ 1000:937. പത്തനംതിട്ട ജില്ലയിൽ 1000:1062 എന്നാണ്. സ്ത്രീധന പീഡനകേസുകൾ ഒന്നുംതന്നെ പഞ്ചായത്തിൽ ഉള്ളതായി രേഖയില്ല. ഇന്ന് തൊഴിൽ മേഖല വളരെ പരിമിതമാണ്. പണ്ട് കുട്ട. വട്ടി, മുറം, പായ്, പനമ്പ് തുടങ്ങിയവ ഉണ്ടാക്കി വില്പന നടത്തിയിരുന്നു. ഇന്ന് പരമ്പരാഗത തൊഴിലുകൾ ഇല്ലാതാവുകയും തൊഴിൽ രഹിതർ കൂടുകയും ചെയ്തു.

## വനിത

എല്ലാ രംഗത്തും പുരുഷൻമാർക്കൊപ്പം എത്തിച്ചേരാൻ വനിതകൾക്ക് കഴിഞ്ഞിട്ടില്ലെങ്കിലും മൊത്തത്തിൽ സ്ത്രീകൾ സാമൂഹിക സാംസ്ക്കാരിക രംഗത്ത് പിന്നിലല്ല. നിരവധി വനിതകൾ വിദേശരാജ്യങ്ങളിൽ സേവനം അനുഷ്ഠിക്കുന്നു. പുരുഷന്മാരോടൊപ്പം ഡ്രൈവിംഗ് രംഗങ്ങളിൽ പ്രാവീണ്യം നേടിയ സ്ത്രീകളും ഇപ്പോൾ പഞ്ചായത്തിലുണ്ട്. അധികാരം വീട്ടമ്മമാരുടെ കൈകളിൽ എത്തിച്ചേർന്നിട്ടുണ്ടെങ്കിലും കർമ്മ രംഗത്ത് സജീവമാകേണ്ടിയിരിക്കുന്നു. അധികാരത്തിൽ പങ്കാളിയാകാൻ അവസരം ലഭിച്ചെങ്കിലും അത് വിനിയോഗിക്കാനുള്ള പ്രാപ്തിയും കരുത്തും പ്രശ്നങ്ങളെ നേരിടാനുള്ള ഉൾക്കാഴ്ചയും സ്വയം ആർജ്ജിക്കേണ്ടിയിരിക്കുന്നു. തങ്ങൾക്ക് ലഭിച്ച ഈ അവസരം ഫലപ്രദമായി വിനിയോഗിക്കുന്നതിലൂടെ ഇൻഡ്യൻ സാംസ്ക്കാരിക സാമൂഹ്യരംഗങ്ങളിലൂടെ മാറ്റത്തിന്റെ നാളുകൾക്ക് നാന്ദി കുറി

ക്കാൻ കഴിയും.

സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്താനുള്ള സൗകര്യങ്ങൾ ഉണ്ടാക്കികൊടുക്കണം. അതിന് വേണ്ട സാമ്പത്തികസഹായം, പരിശീലനം ഇവ ചെയ്തുകൊടുക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം. തയ്യൽ, എംബ്രോയിഡറി തുടങ്ങിയവ തൊഴിൽ സാധ്യതകൾ ഉണ്ടാക്കുന്നതാണ്. വികലാംഗരായ സ്ത്രീകൾക്ക് തൊഴിൽ സാധ്യത ഉറപ്പുവരുത്തണം. ചെറുകോൽ ഗ്രാമപഞ്ചായത്തിൽ വനിത, ശിശുക്ഷേമരംഗത്ത് വളരെയേറെ മുന്നോട്ടു പോകേണ്ടതായിട്ടുണ്ട്. ശിശുപരിരക്ഷണവിദ്യാഭ്യാസരംഗത്ത് ഇപ്പോൾ രണ്ടു ബാലവാടികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ പ്രാഥമിക ആരോഗ്യകേന്ദ്രം (ചാക്കപ്പാലം) ആശുപത്രിയാക്കി ഉയർത്തുകയും സബ്സെന്ററുകൾ ഡിസ്പെൻസറികളായി മാറ്റുകയും ചെയ്യണം. ആരോഗ്യപരിപാലനം, ശുചിത്വം എന്നിവയിൽ ബോധവല്ക്കരണം നടത്തണം. പ്രതിരോധ കുത്തിവയ്പുകൾ യഥാസമയം നടപ്പാക്കാൻ ക്രമീകരണങ്ങൾ ഉണ്ടാക്കണം. കുട്ടികൾക്കും ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും അംഗനവാടികളും, ആരോഗ്യകേന്ദ്രങ്ങളും വഴി അനുപൂരകപോഷകാഹാരം നൽകണം.

ദമ്പതിമാരിൽ കുടുംബാസൂത്രണമാർഗ്ഗം സ്വീകരിക്കുന്നത് കൂടുതലും സ്ത്രീകളാണ്. മൂന്നിൽ കൂടുതൽ കുട്ടികൾ ഉള്ള അമ്മമാർ വളരെ കുറവാണെന്നു കാണാം. സ്ത്രീകൾക്ക് നേരെയുള്ള അക്രമങ്ങൾ പൊതുവേ നമ്മുടെ പഞ്ചായത്തിൽ കുറവാണ്.

പഞ്ചായത്തിലെ വാർഡുതലങ്ങളിൽ സംഘങ്ങൾ ഉണ്ടാകണം. മെഴുകുതിരി, ചന്ദനത്തിരി തുടങ്ങിയവയുടെ നിർമ്മാണം, ബുക്കു ബയന്റിംഗ്, കറി പൗഡർ, അച്ചാറുകൾ, പലഹാരങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം ഇവയൊക്കെ തൊഴിൽ സാദ്ധ്യതയുണ്ടാക്കുന്നവയാണ്.

## പ്രശ്നങ്ങൾ

1. സ്ത്രീകളുടെ തൊഴിലില്ലായ്മ.
2. മിക്ക തൊഴിൽ മേഖലകളിലും സ്ത്രീകൾക്ക് വേണ്ടത്ര അവസരം ലഭിക്കുന്നില്ല.
3. തൊഴിലിന് ആവശ്യമായ പരിശീലനം ലഭിക്കുന്നില്ല.
4. പൊതുരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്.
5. സ്ത്രീകൾക്കായുള്ള സാംസ്കാരിക പ്രവർത്തനങ്ങൾ ഇല്ല.
6. പാചകവാതകത്തിന്റെ പുതിയ കണക്ഷൻ കിട്ടാത്തത് സ്ത്രീകൾക്ക് വളരെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു.

## സാദ്ധ്യതകൾ / നിർദ്ദേശങ്ങൾ

1. തൊഴിൽ സാധ്യതകൾ സൃഷ്ടിക്കണം.
2. വനിതാ സഹകരണവ്യവസായങ്ങൾ തുടങ്ങണം.
3. മെഴുകുതിരി നിർമ്മാണം, ചന്ദനത്തിരി നിർമ്മാണം, തയ്യൽ, എംബ്രോയിഡറി, ഓട്ടോ ഡ്രൈവിംഗ്, ബുക്ക് ബയന്റിംഗ് തുടങ്ങിയവയിൽ പരിശീലനം നൽകണം.

**ചെറുകോൽ പഞ്ചായത്തിൽ താഴെ പറയുന്ന മഹിളാസമാജങ്ങൾ പ്രവർത്തിക്കുന്നു.**

| നമ്പർ | പേര് | സ്ഥലം |
|---|---|---|
| 1. | സംഗമം മഹിളാസമാജം | കീക്കൊഴൂർ |
| 2. | കൈരളി മഹിളാസമാജം | ചാക്കപ്പാലം (വയലത്തല) |
| 3. | കസ്തൂർബാ മഹിളാ സമാജം | വയലത്തല (C.M.S. സ്ക്കൂളിനു സമീപം) |
| 4. | സഹൃദയാ മഹിളാ സമാജം | പറങ്കിമാം തടം - വയലത്തല |
| 5. | രമാഭായ് അംബേദ്ക്കർ മഹിളാസമാജം | അന്ത്യാളംകാവ് |
| 6. | പ്രിയദർശിനി മഹിളാസമാജം | ചെറുകോൽ |
| 7. | S.V.S മഹിളാസമാജം | കലപ്പമണ്ണിപ്പടി, പഞ്ചായത്ത് നഴ്സറി |
| 8. | ത്രിവേണി മഹിളാ സമാജം | ചെറുകോൽ |

4. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കണം.
5. പൊതുസ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.
6. അശ്ലീല പോസ്റ്ററുകൾ പഞ്ചായത്തിനുള്ളിൽ പ്രവേശിക്കുന്നത് നിയമംമൂലം തടയണം.
7. സാംസ്ക്കാരിക കേന്ദ്രം സ്ഥാപിക്കുകയും സാംസ്ക്കാരിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
8. വികലാംഗരായ സ്ത്രീകൾക്ക് തൊഴിൽ ഉറപ്പ് വരുത്തണം.
9. അറുപതു വയസ്സിനുമേൽ പ്രായമുള്ള നിർദ്ധനരായ എല്ലാ സ്ത്രീകൾക്കും പെൻഷൻ നൽകണം.
10. വനിതകൾക്ക് ഒരു തയ്യൽ പരിശീലനകേന്ദ്രം പഞ്ചായത്തിൽ ആരംഭിക്കുക.
11. വനിതാ സംഘടനകൾക്ക് സാമ്പത്തിക സഹായം നൽകണം.
12. കൂടുതൽ മഹിളാസമാജങ്ങൾ രൂപീകരിക്കണം.
13. മഹിളാ സൊസൈറ്റികൾ രജിസ്റ്റർ ചെയ്യണം.
14. സ്വയം തൊഴിലിനു വേണ്ട സാമ്പത്തിക സഹായം, പരിശീലനം ഇവ നൽകുക.
15. പോഷകാഹാരവിതരണ കേന്ദ്രം തുറക്കുക.
16. പ്രതിരോധ കുത്തിവയ്പുകൾ യഥാസമയം നടപ്പിലാക്കുക.
17. പഞ്ചായത്തു തുടങ്ങുവാനുദ്ദേശിക്കുന്ന അംഗൻവാടികൾ എത്രയും വേഗം തുടങ്ങുക.



എന്റെ ജീവിതമാണ് എന്റെ സന്ദേശം

ഗാന്ധിജി

5 - 3H

# സംസ്ക്കാരം

പ്രാചീന സംസ്കാരങ്ങൾ നദീതീരത്തെ ബന്ധപ്പെട്ട് നിലനിൽക്കുന്നു. നമ്മുടെ ഗ്രാമത്തിന്റെ ചരിത്രവും വ്യത്യസ്തമല്ല. പമ്പാ ദീതട സംസ്കാരത്തിന്റെ കണ്ണികൾ ഇണങ്ങി തിളങ്ങുന്ന ഇവിടെ ജനവാസം ആ കാരണങ്ങൾ കൊണ്ടു തന്നെ ആദ്യമേ ഉണ്ടായി എന്നു വിശ്വസിക്കാം. പഴയ ഗതാഗത മേഖല പ്രധാനമായും ജലമാർഗ്ഗം ആയിരുന്നല്ലോ. ആ മേഖല തന്നെ ഇവിടെ ജനവാസത്തിനും നാടിന്റെ വളർച്ചയ്ക്കും ഹേതുവായി. അവിടെ നിന്നുള്ള മനുഷ്യന്റെ പ്രയാണം പുതിയ ജീവിത സാഹചര്യങ്ങൾക്ക് വഴികാട്ടിയായി. നദീതീരത്തുനിന്ന് മനുഷ്യന്റെ യാത്ര കുന്നുകളും മലകളും നിറഞ്ഞ മറ്റു പ്രദേശത്തുകൂടി വ്യാപിച്ചു. സ്വച്ഛമായും ശാന്തമായും ഗ്രാമത്തെ തഴുകി തലോടി കടന്നുപോകുന്ന പമ്പാ നദി. നമ്മുടെ സാംസ്ക്കാരിക തനിമക്ക് എക്കാലവും ഉണർവും ഗാംഭീര്യവും നൽകി. ഫലത്തിൽ പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും ജനങ്ങൾ പാർക്കുന്ന പ്രദേശങ്ങളായി രൂപപ്പെട്ടു. കീക്കൊഴൂർ, വയലത്തല, കാട്ടൂർ, ചെറുകോൽ, എന്നീ കരകൾ സാംസ്കാരികമായും ഭൂപ്രകൃതിപരമായും യോജിച്ച് ഗ്രാമപഞ്ചായത്തിന്റെ ഭാഗങ്ങളായി മാറി.

കൃഷി മുഖ്യതൊഴിലായി സ്വീകരിച്ചവരാണ് അധികവും. ചങ്ങാടവും, വള്ളവും ഉപയോഗിച്ച് യാത്ര ചെയ്ത് കൃഷി സാധനങ്ങൾ ക്രയവിക്രയമാർഗ്ഗം കണ്ടെത്തിയ പൂർവ്വികർ അദ്ധ്വാന ശീലരായിരുന്നു. അവർ ഈ മണ്ണ് വീണ്ടും ഫലഭൂയിഷ്ടമാക്കി. വളക്കൂറുള്ള മണ്ണിൽ പൊന്നു വിളയിക്കാൻ യത്നിച്ചു. അദ്ധ്വനശീലരായ കർഷകരുടെ സംസ്കാരം ഇവിടെ രൂപാന്തരം പ്രാപിച്ചു.

മാവേലിക്കര ശബരിമല റോഡ്, നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ പൊതുവഴിയാണ്. ശബരിമല അയ്യപ്പ വിഗ്രഹത്തിൽ ചാർത്താനുള്ള തിരുവാഭരണം നമ്മുടെ പഞ്ചായത്തിലെ പ്രസ്തുത റോഡിലൂടെ കടന്നു വരുന്നു. ചെറുകോൽ ശ്രീ സുബ്രമണ്യ സ്വാമി ക്ഷെത്രത്തിലും, കീക്കൊഴൂർ ആയിക്കലെ തിരുവാഭരണപ്പാറയിലും തിരുവാഭരണത്തിന് സ്വീകരണം നല്കിപോരുന്ന ചടങ്ങ് ഇന്നു് തുടർന്നുപോകുന്നു.

ചിങ്ങമാസത്തിലെ ഉത്രാടം നാളിൽ കാട്ടൂർ ശ്രീ മഹാവിഷ്ണു ക്ഷേത്ര സങ്കേതത്തിൽ നിന്നും ആരന്മുള ക്ഷേത്രത്തിൽ നടത്തുന്ന തിരുവോണ സദ്യയ്ക്കുള്ള വിഭവങ്ങളുമായി തിരുവോണത്തോണി പുറപ്പെടുന്നു. തോണിയെ ഇരുകരയിലുമുള്ള ചുണ്ടൻ വള്ളക്കാർ അകമ്പടി സേവിക്കുന്നു. പുരാതന കാലം മുതൽ നടന്നു വരുന്ന ഈ ചടങ്ങ് ഇന്നും തുടരുന്നു. കേരളത്തിൽ ഇവിടെ മാത്രമുള്ള ഈ സവിശേഷത നമ്മുടെ സാംസ്കാരിക രംഗത്തെ തിളങ്ങുന്ന അദ്ധ്യായമാണ്.

ഹിന്ദുക്കളും, ക്രിസ്ത്യാനികളും, മുസ്ലീംങ്ങളും ഇവിടെ സൗഹാർദ്ദത്തോടെ ജീവിക്കുന്നു. വിഷു ഉത്സവം, പത്താമുദയം, പള്ളിപെരുന്നാളുകളോടനുബന്ധിച്ചുള്ള റാസകൾ എന്നിവ ജനങ്ങൾ വിപുലമായി ആഘോഷിച്ചുവരുന്നു. മുമ്പുണ്ടായിരുന്ന മുസ്ലീം പള്ളിയിലെ ചന്ദനക്കുടം ഇപ്പോൾ നിർത്തി വെച്ചിരിക്കുന്നു.

ഓണം, ക്രിസ്തുമസ്, നബിദിനം തുടങ്ങിയവ ജനങ്ങൾ ആഘോഷിക്കുന്നു. വഞ്ചിപ്പാട്ട്, തുമ്പിതുള്ളൽ, തിരുവാതിര, തുള്ളൽപാട്ട്, കോൽക്കളി, നാടൻ പന്തുകളി എന്നിവ ഓണാഘോഷത്തോടനുബന്ധിച്ച് നടത്തുന്നു. ഓണാഘോഷത്തോടനുബന്ധിച്ച് ആറന്മുളയിൽ നടക്കുന്ന ഉത്രട്ടാതി വള്ളം കളിയിൽ നമ്മുടെ പഞ്ചായത്തിലെ ചെറുകോൽ, കാട്ടൂർ കരകളിലെ പള്ളിയോടങ്ങൾ പങ്കെടുക്കുന്നു. ഓണാഘോഷത്തോടനുബന്ധിച്ച് അയിർ പുതിയകാവ് ദേവീക്ഷേത്ര സങ്കേതത്തിൽ നടക്കുന്ന ചതയ ജലഘോഷയാത്ര പമ്പയാറിന്റെ കരയെ പുളകമണിയിക്കുന്നു. ജനങ്ങൾക്ക് ആവേശവും കുളിർമയും പകരുന്നു. കഥകളി സദസ്സുകൾ മുൻപ് ഇവിടെയുണ്ടായിരുന്നത് പൂർവ്വികരുടെ സംസ്ക്കാര ബോധത്തിലെക്ക് വിരൽ ചൂണ്ടുന്നു.

നമ്മുടെ വിദ്യാഭ്യാസപരമായ മുന്നേറ്റം സാംസ്കാരിക മുന്നേറ്റത്തിന്റെ ഭാഗമായി. നൂറിൽ പരം വർഷങ്ങൾക്കു മുമ്പ് മിഷനറി പ്രവർത്തനത്തിന് എത്തിയ ഗിൽ സായിപ്പ് വയലത്തല C.M.S സ്ക്കൂളിന് തുടക്കം കുറിച്ചു. ഇത് പഞ്ചായത്തിലെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനമാണ്. നിരവധി പ്രൈമറി, യു.പി, ഹൈസ്ക്കുളുകൾ കഴിഞ്ഞ ഒരു നൂറ്റാണ്ടിലെ വിവിധ കാലങ്ങളിൽ ഉയർന്നു വന്നത് സാംസ്കാരിക ഉന്നമനത്തിന് വഴികാട്ടിയായി. സംസ്കൃത സ്ക്കൂളുകൾ, ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകൾ എന്നിവയും പ്രവർത്തിച്ചിരുന്നു.

എട്ടു മഹിളാസമാജങ്ങളും അഞ്ചു വായനശാലകളും എട്ടു ക്ലബ്ബുകളും പ്രവർത്തിക്കുന്നു. ചെറുകോൽ, കീക്കൊഴൂർ എന്നിവിടങ്ങളിൽ പൗരസമിതിയും വയലത്തലയിൽ ഗ്രാമവികസന സമിതിയും പ്രവർത്തിക്കുന്നുണ്ട്. ചെറുകോൽ, കീക്കൊഴൂർ ഈസ്റ്റ് എന്നിവിടങ്ങളിൽ Y.M.C.A യും പ്രവർത്തിക്കുന്നു. യൂണി.വൈയുടെ പ്രവർത്തനം ചെറുകോൽ, കീക്കൊഴൂർ ഈസ്റ്റ് എന്നിവിടങ്ങളിൽ ഉണ്ട്. കേരള ശാസ്ത്ര സാഹിത്യ പരിഷത്തും കാട്ടൂർ കേന്ദ്രമാക്കി സജീവമായി പ്രവർത്തിക്കുന്നു.

1435 ആളുകൾ പത്രവരിക്കാരായുണ്ട്. ഇവിടെ മലയാള മനോരമ, മാതൃഭൂമി, മംഗളം, ദേശാഭിമാനി, ഇൻഡ്യൻ എക്സ്പ്രസ് എന്നിവ വരുത്തി വായിക്കുന്നു. പത്ര നിരയിൽ മലയാള മനോരമ വളരെ മുന്നിൽ നിൽക്കുന്നു.

പത്രങ്ങളോടൊപ്പം ടെലിവിഷനും ജനജീവിതത്തെ വളരെയേറെ സ്വാധീനിക്കുന്നു.

സംസ്ക്കാരം ഒരു ജനതയുടെ ജീവിതത്തിൽ കാര്യമായ സ്വാധീനം ചെലുത്തുന്നു. സാംസ്ക്കാരിക മുന്നേറ്റത്തിന്റെ പടവുകൾ ജനവിഭാഗത്തെ രാഷ്ട്രത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നു. ജനതയുടെ ജീവിതനിലവാരം സാംസ്കാരിക ഉന്നമനത്തിനും ജനങ്ങളുടെ ഉയർച്ചയ്ക്കും വഴിയൊരുക്കുന്നു. നമ്മുടെ നാടിൻരെ സാംസ്ക്കാരിക പൈതൃകത്തിന് നമുക്ക് ശക്തി പകരാം.

## പ്രശ്നങ്ങൾ- സാദ്ധ്യതകൾ

പഞ്ചായത്തിൽ സാംസ്ക്കാരിക നിലയം ഇല്ലാത്തത് പൊതുവായ സാംസ്ക്കാരിക ഉന്നമനത്തിന് തടസ്സമായി നിൽക്കുന്നു.

പഞ്ചായത്തിൽ കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും, പരിശീലിപ്പിക്കുന്നതിനും പൊതുവായ കളിസ്ഥലങ്ങളില്ലാത്തത് ഈ രംഗത്തെ മുന്നേറ്റത്തെ പിന്നോട്ടു വലിക്കുന്നു.

സാംസ്ക്കാരിക രംഗത്ത് ഇന്ന് പ്രവർത്തിക്കുന്ന സംഘടനകൾക്ക് പരിമിതികൾ ഏറെയുണ്ട്. അവയ്ക്കുള്ള സാമ്പത്തിക പരാധീനത പ്രവർത്തനത്തെ ബാധിക്കുന്നു.

## നിർദ്ദേശങ്ങൾ

സ്വന്തമായി കെട്ടിടം, സ്ഥലം എന്നിവ ഇല്ലാതെ സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകൾക്ക് സ്ഥലം അനുവദിക്കുകയും കെട്ടിടം നിർമ്മിക്കുന്നതിനുള്ളനിശ്ചിതശതമാനം സാമ്പത്തിക സഹായം ചെയ്ത് മനുഷ്യാദ്ധ്വാനം പ്രയോജനപ്പെടുത്തി കെട്ടിട നിർമ്മാണം നടത്തുക.

പഞ്ചായത്തിന് ഒരു പൊതുവായ കളിസ്ഥലം കണ്ടെത്തുക

പഞ്ചായത്ത് കേന്ദ്രീകരിച്ച കലാകായിക മത്സരങ്ങൾ കൂടുതൽ സജീവമായി നടത്തുക

ലൈബ്രറികൾക്ക് പഞ്ചായത്തിൽ നിന്നും സഹായം ഉറപ്പാക്കുക

വിദ്യാഭ്യാസ സ്ഥാപനങ്ങളോ ലൈബ്രറികളോ ഇല്ലാത്ത ഗ്രാമപഞ്ചായത്തിലെ VII-ാം വാർഡിൽ ഒരു സാംസ്ക്കാരിക നിലയം സ്ഥാപിക്കുക.

വയലത്തല പ്രദേശത്തെ ആളുകൾക്ക് പൊതുവായി സംഘടിക്കുന്നതിന് ഇന്ന് പൊതുവായുള്ള അപര്യാപ്തത പരിഹരിക്കുന്നതിന് വയലത്തല കേന്ദ്രമാക്കി ഒരു കമ്മ്യൂണിറ്റി ഹാൾ സ്ഥാപിക്കുക

വായനശാലകൾക്കും ക്ലബ്ബുകൾക്കും ടെലിവിഷൻ സംഭാവന ചെയ്യുക

ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റുകൾ നൽകുക.

## പട്ടിക II

| നമ്പർ | ക്ലബ്ബുകളുടെ പേര് | സ്ഥലം | വാർഡ് |
|---|---|---|---|
| 1. | ഫ്രണ്ട്സ് ആർട്സ് & സ്പോർട്സ് ക്ലബ്ബ് | കീക്കൊഴൂർ | I |
| 2. | യംഗ് സ്പോർട്സ് ക്ലബ്ബ് | പാലച്ചുവട് | I |
| 3. | വിറ്ററി ആർട്സ് & സ്പോർട്സ് ക്ലബ്ബ് | കൈതക്കുഴി | I |
| 4. | വിറ്ററി ആർട്സ് & സ്പോർട്സ് ക്ലബ്ബ് | വയലത്തല | I |
| 5. | മലർവാടി ക്ലബ്ബ് | മലർവാടി | III |
| 6. | സെന്റ് തോമസ് യൂത്ത് ക്ലബ്ബ് | വയലത്തല | IV |
| 7. | പ്രതിഭാ ആർട്, & സ്പോർട്സ് ക്ലബ്ബ് | | V |
| 8. | ഫ്രണ്ട്സ് ആർട്സ് & സ്പോർട്സ് ക്ലബ്ബ് | ചെറുകോൽ | VI |

## പട്ടിക III
### പ്രധാന ദിനപത്രങ്ങളുടെ സ്ഥിതി വിവരകണക്ക്

| ക്രമനമ്പർ | പത്രത്തിന്റെ പേര് | എണ്ണം |
|---|---|---|
| 1. | മലയാള മനോരമ | 1155 |
| 2. | മാതൃഭൂമി | 169 |
| 3. | ദേശാഭിമാനി | 58 |
| 4. | മംഗളം | 28 |
| 5. | ഇൻഡ്യൻ എക്സ്പ്രസ് | 25 |
| | ആകെ | 1435 |

"കേന്ദ്രത്തിലിരിക്കുന്ന ഇരുപതു പേർക്ക് നടപ്പിലാക്കാവുന്ന ഒന്നല്ല യഥാർത്ഥ ജനാധിപത്യം; ഓരോ ഗ്രാമത്തിലെയും ജനങ്ങൾ താഴെ നിന്ന് നടപ്പിലാക്കേണ്ടതാണ് അത്."

ഗാന്ധിജി

"ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നതുകൊണ്ട് മാത്രമായില്ല; ജനങ്ങളോടൊപ്പം പ്രവർത്തിക്കണം; അവർക്കു വേണ്ടി പ്രവർത്തിക്കുന്നുവെന്ന ബോധം അവരിലുണ്ടാകണം. ജനങ്ങൾ ഉത്തരവാദിത്വം അവരുടെ കൈകളിലെടുത്താൽ മാത്രമേ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയൂ."

നെഹ്റു

"ഗ്രാമീണ ഭാരതത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങളിൽ പകുതിയിലധികവും, സ്ത്രീകളാണ് നടത്തുന്നത്. കുടുംബത്തിന്റെ ക്ഷേമം, നമ്മുടെ മഹത്തായ സാംസ്ക്കാരിക പാരമ്പര്യം, ധാർമ്മികമൂല്യങ്ങൾ എന്നിവയുടെയെല്ലാം സ്രോതസ്സും സൂക്ഷിപ്പുകാരിയും സ്ത്രീയാണ്. അവരെ സംവരണവും മറ്റും നൽകി നാം ശക്തിപ്പെടുത്തേണ്ടതല്ലേ?"

രാജീവ് ഗാന്ധി

# 5 - 31

# വിഭവസമാഹരണം

ചെറുകോൽ ഗ്രാമപഞ്ചായത്ത് നിലവിൽ വന്നത് 1947-ൽ വില്ലേജ് യൂണിയനായിട്ടായിരുന്നു. 1953-ൽ പഞ്ചായത്തായി ആദ്യത്തെ ജനകീയ സമിതിയും നിലവിൽ വന്നു. പഞ്ചായത്ത് ഒരു ഫസ്റ്റ് ഗ്രേഡ് പഞ്ചായത്താണെങ്കിലും വരുമാനത്തിലും ആഭ്യന്തര വിഭവ ലഭ്യതയിലും പിന്നോക്കമാണ്. പ്രധാന വരുമാന മാർഗം ആരംഭകാലം മുതലേ കെട്ടിട നികുതിയിനം മാത്രമാണ്. പഞ്ചായത്തിൽ ഏറെയും ഇടത്തരം ഗ്രാമീണ ജനത അധിവസിക്കുന്ന പ്രദേശങ്ങളാണ്. കോൺക്രീറ്റ് സൗധങ്ങൾ അവിടെയും ഇവിടെയും കാണാമെങ്കിലും ഇതര സമീപ പഞ്ചായത്തുകളെപ്പോലെ വൻതോതിലുള്ള കെട്ടിടനിർമ്മാണം എങ്ങുമില്ല. അതുകൊണ്ടു തന്നെ ആ രീതിയിലുള്ള ഒരു വരുമാന ലഭ്യതയ്ക്കു പരിമിതികൾ ഏറെയാണ്.

പഞ്ചായത്ത് അതിർത്തിയിൽ അധികം സർക്കാർ സ്ഥാപനങ്ങളോ മറ്റു വൻകിട വ്യവസായ ശാലകളോ ഇല്ല. സ്ക്കൂളുകളാണ് മറ്റു സ്ഥാപനങ്ങളിൽ കൂടുതൽ. ഇവിടെയുള്ള ഉദ്യോഗസ്ഥന്മാരിൽ നിന്നും വർഷത്തിൽ രണ്ടു ഗഡുക്കളായി ശേഖരിക്കുന്ന തൊഴിൽ നികുതിയാണ് മറ്റൊരു വരുമാന മാർഗ്ഗം. വിനോദ നികുതി ഇനത്തിൽ പഞ്ചായത്തിന് വരുമാനമേ ഇല്ല. നേരത്തെവാഴക്കുന്നത്ത് ഒരു സിനിമാ തീയേറ്റർ ഉണ്ടായിരുന്നത് വർഷങ്ങൾക്കു മുമ്പ് നിന്നുപോയി. പഞ്ചായത്തിന് സ്വന്തമായി ഷോപ്പിംഗ് കോംപ്ലക്സോ മറ്റു വാടക കെട്ടിടങ്ങളോ ഇനിയുമായിട്ടില്ല. പഞ്ചായത്തിന്റെ വരുമാനക്കുറവ് ഈ രംഗത്ത് മുന്നോട്ടുപോകാൻ തടസ്സമായി നിൽക്കുന്നു. വരുമാനം കുറവാണെങ്കിലും പഞ്ചായത്തിന്റെ അടിസ്ഥാന ചിലവുകൾ നിർവ്വഹിക്കാതെ വയ്യ.

പഞ്ചായത്തിൽ ഒരു സെക്രട്ടറി, ഒരു ഹെഡ് ക്ലാർക്ക് ഒരു യു.ഡി.ക്ലർക്ക്, രണ്ട് എൽ.ഡി. ക്ലർക്ക്, ഒരു പ്യൂൺ, ഒരു സ്വീപ്പർ എന്നീ തസ്തികകളാണുള്ളത്. ഇതിൽ രണ്ട് എൽ.ഡി.ക്ലർക്ക് തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു. ജീവനക്കാരുടെ ശമ്പളത്തോടൊപ്പം കറന്റ് ചാർജ്, പ്രിന്റിംഗ് സ്റ്റേഷനറി എന്നിവയ്ക്കുണ്ടാകുന്ന ചിലവ്, പഞ്ചായത്ത് ഭരണസമിതി അംഗങ്ങളുടെ അലവൻസ് എന്നിവയ്ക്കുള്ള ചിലവ്, അതോടൊപ്പം കാലാകാലങ്ങളിൽ സർക്കാരിലേക്കും മറ്റ് ഏജൻസികളിലേക്കും വിഹിതങ്ങളും സംഭാവനകളും ഒക്കെ ചിലവിന്റെ പട്ടികയിൽ സ്ഥാനം പിടിക്കുമ്പോൾ വരവും ചിലവും തമ്മിലുള്ള വ്യത്യാസം വികസനത്തെ ബുദ്ധിമുട്ടിലാക്കുന്നു. ഒട്ടും തൃപ്തികരമല്ലാത്ത സാമ്പത്തിക നിലയുമായി മുന്നോട്ട് പോകേണ്ടി വരുന്ന അവസ്ഥയാണ് നിലവിലുള്ളത്. എല്ലാ രംഗത്തും പരമാവധി ചെലവു ചുരുക്കി കർശനമായ സാമ്പത്തിക അച്ചടക്കം പഞ്ചായത്ത് ഭരണസമിതി പുലർത്തിപോരുന്നു.

മരാമത്തു പണികൾക്കായി ലഭിക്കുന്ന ഗ്രാന്റുകൾ, J.R.Y അൺടൈഡ് എന്നിവ മാർഗ്ഗനിർദ്ദേശാനുസൃതമായി മാത്രം ചെലവഴിക്കേണ്ടതാണ്. പഞ്ചായത്തിന്റെ തനതു വരുമാനം എന്നത് നികുതികളും ഫീസുകളും മാത്രം- ചെലവ് ഗ്രാൻറ് വിനിയോഗം നീക്കിബാക്കി എല്ലാം ചേർത്തിട്ടുള്ളതാണ്. വരവിന്റെ ലഭ്യത നിശ്ചിത രേഖയിൽ തന്നെ നിലനിൽക്കുകയും ചെലവ് അനുദിനം വർദ്ധിച്ചു വരികയും ചെയ്യുന്ന സാഹചര്യം നമ്മുടെ പഞ്ചായത്തിന്റെ മാത്രം പ്രത്യേകതയല്ലെങ്കിലും ചെറുകോൽ പഞ്ചായത്തിന്റെ സത്വരവികസനത്തിന് കൂടുതൽ വിഭവസമാഹരണത്തിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തിയേ മതിയാകൂ.

ഈ രംഗത്തെ പ്രധാന കാൽവയ്പാണ് മണൽ ലേലാവകാശം ചെറുകോൽ പഞ്ചായത്തിന് നേടിയെടുക്കുവാൻ കഴിഞ്ഞത്. വർഷങ്ങളായി പഞ്ചായത്തിന്റെ അതിർത്തിയിൽ പമ്പാ നദിയിൽ നിന്നുമുള്ള മണൽ ശേഖരണത്തിന്റെ കുത്തകാവകാശം വടക്കേകരയിലുള്ള അയിതർ പഞ്ചായത്തിനായിരുന്നു. നിലവിലുള്ള പഞ്ചായത്തു ഭരണസമിതിയുടെ ശക്തമായ നീക്കത്തിലൂടെ പമ്പാ നദിയിൽ നിന്നും മണൽ ശേഖരിക്കാനുള്ള അവകാശം നാം നേടിയെടുത്തു. ഇതുപ്രകാരം നമുക്കനുവദിച്ച ചെറുകോൽ, പുതുമൺ കടവുകളുടെ ലേലം നടത്തി 8.70 ലക്ഷം രൂപ വരുമാനം ലഭിച്ചു.

ചെറുകോൽ പഞ്ചായത്തിന്റെ അരനൂറ്റാണ്ടു ചരിത്രത്തിലെ പ്രധാന നാഴിക കല്ലാണ് ഈ നേട്ടം. ഇനിയും ഓരോ വർഷവും നടക്കുന്ന മണൽ ലേലത്തിലൂടെ ലക്ഷക്കണക്കിന് രൂപയുടെ വരുമാനം നമുക്ക് ലഭിക്കുമെന്നത് വരും കാലങ്ങളിൽ പഞ്ചായത്തു പ്രദേശങ്ങളിൽ വികസനത്തിന്റെ പൊൻവെളിച്ചം എത്തിക്കാൻ പര്യാപ്തമാകുമെന്ന് നമുക്ക് ആശിക്കാം.

പഞ്ചായത്തിന്റെ രജിസ്റ്ററിൽ ഉള്ള പല വീടുകളിലും കാലക്രമത്തിൽ പുതുക്കിപ്പണിതുകൊണ്ടിരിക്കുന്നു. എന്നാൽ കുടിലിൽ നിന്നും കോൺക്രീറ്റിലേക്ക് ഭവനങ്ങൾക്ക് രൂപ പരിണാമം വന്നിട്ടുണ്ടെങ്കിലും യഥാസമയം പഞ്ചായത്തിനെ അറിയിക്കാത്തതിനാൽ നികുതി പരിഷ്ക്കരിക്കരിക്കാതിരിക്കുകയും ആ രംഗത്ത് വരുമാനം ലഭ്യമല്ലാതെ വരികയും ചെയ്യുന്നു.

നികുതി അടയ്ക്കാനുള്ളവർ കുടിശ്ശിക വരുത്താതെ യഥാകാലം തന്നെ അത് അടയ്ക്കണം. സർക്കാർ നൽകുന്ന ഗ്രാന്റും ബഹുജനങ്ങളുടെ സംഭാവനയും ഉപയോഗിച്ച് നിർമ്മാണ ജോലികൾ ഏറ്റെടുക്കാം. ഗ്രാമസഭകളിൽ അത്തരത്തിൽ പല നിർദ്ദേശവും ഉയർന്നു വന്നത് ജനകീയ പങ്കാളിത്തത്തിന്റെ ശക്തി വിളിച്ചറിയിക്കുന്നു. വയലത്തല രണ്ടാം വാർഡിൽ ഷോപ്പിംഗ് കോംപ്ലക്സ് കം കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിന് തദ്ദേശവാസികൾ നിശ്ചിത ശതമാനം സംഭാവന നൽകാൻ തയ്യാറാണെന്ന് ഗ്രാമസഭയിൽ അറിയിച്ചിട്ടുണ്ട്. മൂന്നാം വാർഡിൽ റോഡ്, കളിസ്ഥലങ്ങൾ എന്നിവ നിർമ്മാണത്തിന് ജനങ്ങൾ സംഭാവന നൽകാമെന്ന് ഗ്രാമസഭയിൽ അറിയിച്ചിട്ടുണ്ട്.

ഒന്നാം വാർഡിൽ മത്സ്യം വളർത്തലിന് സർക്കാർ സഹായം ലഭ്യമായാൽ പൊതു സംഭാവനയും മനുഷ്യാദ്ധ്വാനവും നല്കി പദ്ധതി നടത്താമെന്ന് ഗ്രാമസഭാ നിർദ്ദേശം ഉണ്ട്.

കാട്ടൂർ പേട്ടയിൽ മൃഗാശുപത്രിക്ക് സ്വന്തം കെട്ടിടം നിർമ്മാണത്തിന് വിഹിതം നല്കാമെന്ന ഏഴാം വാർഡ് നിവാസികൾ ഗ്രാമസഭയിൽ നിർദ്ദേശവുമായി മുന്നോട്ടു വന്നത് സ്വാഗതാർഹമാണ്.

വിഭവ സമാഹരണം വികസന രംഗത്തെ പ്രധാന ഹേതുവാണ്. സർക്കാർ നല്കുന്ന സഹായത്തോടൊപ്പം ഗുണഭോക്താക്കളുടെ ആത്മാർത്ഥമായ സഹകരണം അത് പൊതുജന പങ്കാളിത്തമായാലും സംഭാവനകളായാലും നാടിന്റെ വികസനത്തിന്റെ സുപ്രധാന ഘടകമാണ്.

കൂട്ടായ യത്നവും, ആത്മാർത്ഥമായ സഹകരണവും സർക്കാരിന്റെ പദ്ധതി വിഹിതവും നമ്മുടെ നാടിന്റെ വളർച്ചക്ക് പാതയൊരുക്കട്ടെ എന്നു നമുക്കാശിക്കാം.

# 6

# ഉപസംഹാരം

'എന്റെ ജീവിതമാണ് എന്റെ സന്ദേശം'. രാഷ്ട്രപിതാവിന്റെ അമൂല്യമായ സന്ദേശം. സ്വാതന്ത്ര്യാനന്തര ജനകോടികൾക്ക് മാർഗ്ഗദീപമായി നിലകൊള്ളുന്നു ഗാന്ധിജി. ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിൽ കണ്ടെത്തിയ ത്യാഗിവര്യൻ. ബ്രിട്ടീഷുകാരന്റെ അധികാരമേൽക്കോയ്മക്കു മുന്നിൽ, സാമ്രാജ്യശക്തികൾക്കു മുന്നിൽ ആയുധമില്ലാതെ അടരാടി നേടിയെടുത്ത സ്വാതന്ത്ര്യം. സ്വതന്ത്രവായുവുമായി അരനൂറ്റാണ്ടു പിന്നിടുന്നു നാം. ആത്മപരിശോധനയുടെ അരനൂറ്റാണ്ട്. പഞ്ചവത്സരപദ്ധതിയിലൂടെ രാജ്യത്തിന്റെ വളർച്ച. പഞ്ചവത്സരപദ്ധതികളെ സോഷ്യലിസ്റ്റ് സാമൂഹ്യദർശനങ്ങളുടെ അടിസ്ഥാനത്തിൽ ആവിഷ്ക്കരിച്ച് ജവഹർലാൽ നെഹ്റു തുടക്കമിട്ടു. രാഷ്ട്ര പുനർനിർമ്മാണത്തിന് പഞ്ചവത്സര പദ്ധതിയെ ജനകീയമാക്കാൻ നമ്മുടെ എളിയ പരിശ്രമം. എട്ടു പഞ്ചവത്സരപദ്ധതികളിലൂടെ കടന്നുപോയ രാഷ്ട്രം. ഒൻപതാം പഞ്ചവത്സരപദ്ധതിക്ക് രാഷ്ട്രത്തിന്റെ ചരിത്രത്തിൽ പുത്തൻ മാനങ്ങൾ. പഞ്ചായത്ത് രാജ് നല്കിയ അവകാശാധികാരം ജനങ്ങൾക്ക്. ഇൻഡ്യയിലെ ചരിത്രത്താളുകളിലെ ഏറ്റവും വലിയ വിപ്ലവം, പഞ്ചായത്ത്രാജ്. അധികാരം ജനങ്ങളിലേക്ക്. ഒൻപതാം പദ്ധതിയെ ജനകീയമാക്കാൻ ജനകീയാസൂത്രണ പ്രസ്ഥാനം 1996 ആഗസ്റ്റ് 17ന് സർക്കാർ നിർദ്ദേശപ്രകാരം ജനകീയ ആസൂത്രണ പ്രസ്ഥാനം പഞ്ചായത്തു തല ഉദ്ഘാടനം നാം നിർവ്വഹിച്ചു. അവിസ്മരണീയ കാലഘട്ടത്തിന്റെ ആകർഷകമായ തുടക്കം. ജനജീവിതത്തിന്റെ സമസ്ത മേഖലകളിലേക്കും ആകാംക്ഷയോടുള്ള ഒരു എത്തിനോട്ടം. അന്വേഷണങ്ങൾ, ചർച്ചകൾ, കണ്ടെത്തലുകൾ, കൂട്ടമായ യത്നത്തിന്റെ ചരിത്ര നിമിഷങ്ങൾ വിലപ്പെട്ട സംഭാവനകൾ നമുക്കു നല്കുന്നു. ജനകീയ ആസൂത്രണം റിസോഴ്സ് പേഴ്സൺമാരുടെ ഒന്നാംഘട്ടപരിശീലനം കീക്കൊഴൂർ മാർത്തോമ്മാ പാരീഷ്ഹാളിൽ. തുടർന്ന് ജനപങ്കാളിത്തത്തോടെ വാർഡുതല ഗ്രാമസഭകൾ. എല്ലാ വാർഡുകളിലും സജീവമായി നടന്നു. ജനാധികാര കലാജാഥയ്ക്ക് കീക്കൊഴൂരിൽ സ്വീകരണം. ആസൂത്രണപ്രക്രിയയ്ക്ക് ഹാർദ്ദവമായ സ്വാഗതം. നവംബർ ഒന്ന് പുനരർപ്പണദിനം. കേരളപ്പിറവിയുടെ നാല്പതാം വാർഷികം. രാഷ്ട്ര പുനർനിർമ്മാണത്തിൽ ജനകീയ പങ്കാളിത്തത്തോടെ പുത്തൻ കർമ്മപദ്ധതികൾക്ക് തുടക്കമായി ജനകീയ മുന്നേറ്റം. അന്ന് വയലത്തല നെല്ലിച്ചുവട് തേവർകാട് - മുതുമരത്തിൽ കാലാപടി റോഡ് ഏറ്റെടുത്ത് നാട്ടുകാരുടെ സഹകരണത്തോടെ പുനരുദ്ധാരണം. ജനകീയ പങ്കാളിത്തത്തോടെ രണ്ടാം ഘട്ട ശില്പശാല ചെറുകോൽ മാർത്തോമ്മാ ലോവർ പ്രൈമറി സ്കൂളിൽ ഉദ്യോഗസ്ഥരുടെ സവിശേഷ സാന്നിദ്ധ്യവുമായി. ദ്വിതീയ

അധികാരം ജനങ്ങൾക്ക്

ഒൻപതാം പദ്ധതി-ജനകീയ പദ്ധതി

40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്

വികസനപ്രവർത്തനങ്ങൾ അഴിമതിരഹിതമാകുന്നു.

പൊതുജന സഹകരണം അനിവാര്യം.